"SCHOOL EDITION"

# രഘുരാജചരിതം

YOUNG MEN'S READING & ARTS CLUB
HOSPITAL JUNCTION
MUKKOLA VENGANOOR P.O.
Reg: No: ..........

YOUNG MEN'S READING & ARTS CLUB
HOSPITAL JUNCTION
MUKKOLA VENGANOOR P.O.
Reg: No: ..........

കെ. ബാലരാമപ്പണിക്കർ

ശ്രീ—

# രഘുരാജചരിത്രം

YOUNG MEN'S READING & ARTS CLUB
HOSPITAL JUNCTION
MUKKOLA VENGANOOR P.O.
Reg: No.

ഗ്രന്ഥകർത്താ

പ്രൊഫസ്സർ, കെ. ബാലരാമപ്പണിക്കർ എം. എ.

(പണ്ഡിതമഹോപാദ്ധ്യായശിരോമണി)

JAWAHAR SMARAKA GRANDHA SALA
REG: No. 3273
VENGANOOR P.O.
KIDARAKUZHY

All Rights Reserved

1960

മൂന്നാംപതിപ്പ് 10000] [വില 55 നഃപഃ

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പ്രതി
വ്യാജനിർമ്മിതമാണ്.

സദാനന്ദൻ: എം. കെ.

No: 125

# പ്രസ്താവന

കാളിദാസമഹാകവിയുടെ രഘുവംശമഹാകാവ്യത്തിൻെറ കഥാംശങ്ങളുടേയും കാവ്യാംശങ്ങളുടേയും ഒരു സ്വതന്ത്രസമാഹാരമാണ് ഈ "രഘുരാജചരിതം." വിദ്യാർത്ഥികളുടെ കഥാശ്രവണകൗതുഹലം ഉണർത്തി അതുവഴി അവക്ക് ധർമ്മാവബോധവും പ്രകൃതിനിരീക്ഷണകൗതുകവും വാക്യരചനാകൌശലവും സംജാതമാക്കണം എന്ന കരുതലോടുകൂടിയാണ് ഈ പുസ്തകം രചിച്ചതു്. ഈ യത്നം എത്രമാത്രം വിജയിച്ചിട്ടുണ്ട് എന്ന് പരിചയസമ്പന്നരായ അദ്ധ്യാപകപണ്ഡിതന്മാർ തന്നെ തീരുമാനിക്കട്ടെ.

3127

# വിഷയങ്ങൾ


| | | പേജ് |
|---|---|---|
| I | ദിലീപൻ | 1— 8 |
| II | നന്ദിനീപ്രസാദം | 9—18 |
| III | രഘുരാജ്യാഭിഷേകം | 19—24 |
| IV | ദിഗ്വിജയം | 25—30 |
| V | അജൻ | 31—40 |
| VI | ഇന്ദുമതീസ്വയംവരം | 41—43 |
| VII | ഇന്ദുമതീവിവാഹം | 44—46 |
| VIII | അജവിലാപം | 47—53 |
| IX | നായാട്ട് | 54—56 |
| X | രാമാവതാരം | 57—60 |
| XI | സീതാവിവാഹം | 61—68 |
| XII | രാവണവധം | 69—76 |
| XIII | പ്രത്യാഗമനം | 77—84 |
| XIV | സീതാപരിത്യാഗം | 85—95 |
| XV | ശ്രീരാമന്റെസ്വർഗ്ഗാരോഹണം | 96—105 |
| XVI | കുമുദ്വതീപരിണയം | 106—110 |
| XVII | അതിഥിയും പരമ്പരയും | 111—115 |

കാഞ്ഞിരത്തിങ്കൽ വായനശാല & കലാസമിതി
No.
...ർ മുക്കോല

# രഘുരാജചരിതം

## ഒന്നാം അദ്ധ്യായം

### ദിലീപൻ

സൂര്യപുത്രനായ മനുവിനെപ്പററി കേട്ടിട്ടില്ലാത്തവർ കുറയും, അദ്ദേഹം ആയിരുന്നു ലോകത്തിൽ ഒന്നാമത്തെ രാജാവു്. മഹനീയങ്ങളായ മാനവധർമ്മങ്ങളുടെ പ്രവക്താവു് എന്ന പേരിൽ ആ മഹാത്മാവിനെ ലോകം ഇന്നും ആദരിച്ചുപോരുന്നു.

മനുവിൻെറ വംശത്തിൽ ജനിച്ച ഒരു മഹാരാജാവായിരുന്നു ദിലീപൻ. ദീർഘകായനും സുന്ദരനും ആയ അദ്ദേഹം പുരുഷരൂപം ധരിച്ച ക്ഷത്രിയധർമ്മംപോലെ പ്രശോഭിച്ചിരുന്നു. ആകൃതിക്കൊത്ത ബുദ്ധിശക്തിയും ബുദ്ധിശക്തിക്കൊത്ത ശാസ്ത്രപരിചയവും അദ്ദേഹത്തിനു് ഉണ്ടായിരുന്നു. അറിവിനൊത്തു പ്രവർത്തിക്കുവാനും പ്രവൃത്തിക്കു ജോജിച്ച ഫലം നേടുവാനും അദ്ദേഹത്തിനു് കഴിഞ്ഞിരുന്നു. അദ്ദേഹത്തിൻെറ പ്രജകൾ ധർമ്മമാർഗ്ഗത്തിൽ നിന്നും അല്പപോലും വ്യതിചലിക്കാതെ ജീവിച്ചിരുന്നു എന്നാണു് പ്രസിദ്ധി. ജനങ്ങളിൽ നിന്നും പിരിച്ചെടുത്ത കരം അവരുടെതന്നെ അഭിവൃദ്ധിക്കായി അദ്ദേഹം വിനിയോഗിച്ചിരുന്നു. പ്രജകളുടെ യോഗക്ഷേമത്തിൽ ഒരു പിതാവിനെപ്പോലെ അദ്ദേഹം സവ്ദാ ജാഗരൂകനും ആയിരുന്നു.

സുദക്ഷിണാദേവിയായിരുന്നു ദിലീപമഹാരാജാവിന്റെ ധർമ്മപത്നി. അസാമാന്യമായ ദാക്ഷിണ്യശീലംകൊണ്ടായിരുന്നു മഗധവംശജയായ മഹാരാജ്ഞിക്ക് ആ പേർ ലഭിച്ചതു്. ധാരാളം അന്തഃപുരസ്ത്രീജനങ്ങൾ ഉണ്ടായിരുന്നെങ്കിലും മഹാമനസ്കയായ സുദക്ഷിണയേയും സമുദ്രവസനയായ ഭൂമിയേയും മാത്രമേ മഹാരാജാവു് ഭാര്യമാരായി ഗണിച്ചിരുന്നുള്ളു.

ദിലീപൻ ഗുണങ്ങൾകൊണ്ടു് അനുരൂപയായ സുദക്ഷിണയിൽത്തന്നെ തനിക്കു് ഒരു പുത്രൻ ഉണ്ടാകണമെന്നു് ആഗ്രഹിച്ചു. വളരെക്കാലം കഴിഞ്ഞിട്ടും ആ ആഗ്രഹം ഫലിച്ചില്ല. ആഗ്രഹസിദ്ധിക്കുവേണ്ടി പ്രവർത്തിക്കുവാൻ അദ്ദേഹം തീർച്ചയാക്കി ചുമതലയേറിയ ഭരണകാര്യങ്ങൾ മന്ത്രിമാരെ ഏല്പിച്ചശേഷം അദ്ദേഹം പത്നിയുമായി കുലഗുരുവായ വസിഷ്ഠമഹർഷിയെ കാണുവാൻ ആശ്രമത്തിലേക്കു തിരിച്ചു.

അവർ ഒരു രഥത്തിലേറി യാത്ര ആരംഭിച്ചു. മധുരവും ഗംഭീരവും ആയ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് ആ രഥം വനമദ്ധ്യത്തിൽക്കൂടി മുൻപോട്ടുപോയി. വനരാജികളെ ചലിപ്പിച്ചും സുഗന്ധം പ്രസരിപ്പിച്ചും പൂമ്പൊടി ചിതറിയുംകൊണ്ടു് വീശിയ മന്ദമാരുതൻ ആ രാജദമ്പതികളെ അകമ്പടി സേവിച്ചു. മയൂരങ്ങളുടെ മനോഹരങ്ങളായ കേകാരവങ്ങൾ അവരുടെ കണ്ണുപുടങ്ങൾക്കു് ഇമ്പമരുളി. വഴിയരികിൽ രഥഗതി നോക്കിക്കൊണ്ടു നിന്നിരുന്ന മാൻപേടകളുടെ നയനശോഭയും

വരിവരിയായിപ്പറന്നു് അവിടവിടെ തോരണമാല സൃഷ്ടിച്ച സാരസങ്ങളുടെ കളസ്വനങ്ങളും അവരെ രസിപ്പിച്ചു. ഗ്രാമവാസികളുടെ സത്കാരവും മനോജ്ഞ ങ്ങളായ വൃക്ഷലതാദികളുടെ ദർശനവും ആ രാജദമ്പതി കളെ ആനന്ദിപ്പിച്ചു. തന്മൂലം വഴികടന്നുപോയതു് അവർ അറിഞ്ഞില്ല.

അന്തിയോടുകൂടി മഹാരാജാവു് പട്ടമഹിഷിയു മൊത്തു് ആശ്രമത്തിൽ ചെന്നുചേൎന്നു. ചമത, ദർഭ, ഫലങ്ങൾ, മുതലായവ ശേഖരിച്ചുകൊണ്ടുവരുവാൻ വനാന്തരങ്ങളിലേക്കു പോയിരുന്ന തപസ്വികൾ തിരി ച്ചുവരുന്ന സമയമായിരുന്നു അതു്. ഹോമകുണ്ഡത്തിൽ അഗ്നി കത്തിത്തുടങ്ങി എന്നു്. അറിയിച്ചുകൊണ്ടു് ആശ്ര മാങ്ഗണത്തിൽനിന്നും ഉയൎന്നു നാലുപാടും പരന്നു ചെന്ന സുഗന്ധിയായ ധൂമമായിരുന്നു അതിഥികളെ ആദ്യമായി എതിരേററതു്.

രക്ഷകനായ ദിലീപമഹാരാജാവു് ധർമ്മപത്നി യോടുകൂടി വന്നുചേൎന്നിരിക്കുന്നു എന്ന വാൎത്ത ആശ്രമ വാസികളെ വളരെ സന്തോഷിപ്പിച്ചു. അവർ രാജ്ഞിയേ യും രാജാവിനേയും എതിരേററു പൂജിച്ചു. സായന്തന വിധികൾ അവസാനിച്ചപ്പോൾ ആ രാജദമ്പതികൾ അരുന്ധതിദേവിയോടുകൂടിയിരിക്കുന്ന വസിഷ്ഠമഹൎഷി യെ ചെന്നുകണ്ടു. ഗുരുജനങ്ങളുടെ പാദങ്ങൾ തൊട്ടുവ ന്ദിച്ച അവരെ ആ മഹൎഷിദമ്പതികൾ പ്രീതിപൂൎവ്വം ആ ശീൎവ്വദിക്കുകയും അഭിനന്ദിക്കയും ചെയ്തു. വിശ്രമത്തിനു ശേഷം കുശലപ്രശ്നം ആരംഭിച്ച മഹൎഷിയോടു് ആ രാജൎഷി ഇങ്ങനെ മറുപടി പറഞ്ഞു: —

"ഗുരോ, അവിടത്തെ അനുഗ്രഹം കൊണ്ടു് ഞാനും പ്രജകളും യാതൊരാപത്തും കൂടാതെ പുലരുകയാണു്. എന്നാൽ അങ്ങയുടെ വധുവായ ഈ സുദക്ഷിണയിൽ എനിക്കു് അനുരൂപനായ ഒരു പുത്രൻ ഇതുവരെയും ഉണ്ടായില്ല. തന്നിമിത്തം ഞാൻ ദുഃഖിതനാണു്. രത്നങ്ങൾ വിളയുന്നതും അതിവിസ്തൃതവും ആണു് എന്റെ രാജ്യം. അതിനും ഇപ്പോൾ എന്നെ സന്തോഷിപ്പിക്കുവാൻ കഴിയുന്നില്ല. തപസ്സു്, ദാനം ഇവകൊണ്ടു് പരലോകസുഖം മാത്രമാണു് ലഭിക്കുന്നതു്. നല്ല വംശത്തിൽ ജനിക്കുന്ന സന്തതി പരലോകസുഖത്തിനും ഇഹലോകീസുഖത്തിനും കാരണമായിത്തീരുന്നു. അത്തരം ഒരു സന്തതിയില്ലാത്ത എന്നെ കണ്ടിട്ടു് അങ്ങു് ദുഃഖിക്കുന്നില്ലെന്നു വരുമോ? സ്വയം വെള്ളംകോരി സ്നേഹപൂർവ്വം വളർത്തുന്ന ഒരു ആശ്രമവൃക്ഷം ഫലിക്കാതെ നില്ക്കുന്നതു കണ്ടാൽ അങ്ങേക്കു് ദുഃഖം ഉണ്ടാകുകയില്ലേ? ഗുരോ, ഈ പൈതൃകമായ ഋണം എനിക്കു ദുസ്സഹമായിത്തീർന്നിരിക്കുന്നു. ഇതിൽനിന്നും എനിക്കു് മോചനം ഉണ്ടാകുവാൻ അങ്ങു് എന്നെ സഹായിക്കേണ്ടതാണു്. ഇക്ഷ്വാകുവംശ്യന്മാർ പണ്ടേ അങ്ങയുടെ അനുഗ്രഹം കൊണ്ടു് ആണല്ലോ സിദ്ധകാമന്മാരായിത്തീരുന്നതു്.

രാജാവിന്റെ ആത്മകഥാകഥനം മഹർഷി സശ്രദ്ധം കേട്ടു. അനന്തരം അദ്ദേഹം ധ്യാനത്തിൽ മുഴുകി അല്പസമയം നിശ്ചലനായി ഇരുന്നു. പ്രണിധാനം കൊണ്ടു ശുദ്ധമായിത്തീർന്ന അദ്ദേഹത്തിന്റെ അന്തഃകരണം രാജാവിനു സന്തതി ഉണ്ടാകാതിരിക്കുവാനുള്ള

കാരണം എന്തെന്നു കണ്ടുപിടിച്ചു. അതിനുശേഷം അദ്ദേഹം രാജാവിദനാട്ട് ഇങ്ങനെ പറഞ്ഞു:—

"രാജാവേ, അങ്ങ് പണ്ടൊരിക്കൽ സ്വർഗ്ഗത്തിൽ ചെന്ന അവസരത്തിൽ ഒരു സംഭവം ഉണ്ടായി. ഇന്ദ്രനെ കണ്ടു വന്ദിച്ചശേഷം അങ്ങ് ഭൂമിയിലേക്കു മടങ്ങുമ്പോൾ കാമധേനു വഴിയരികിൽ ഒരു കല്പവൃക്ഷത്തിന്റെ തണലിൽ കിടക്കുന്നുണ്ടായിരുന്നു. രാജ്ഞി ഋതുസ്നാതയായിരിക്കുന്ന കഥ ഓർമ്മ വരുകയാൽ ധർമ്മലോപം വരാതിരിക്കുവാൻ വേഗം തിരിച്ചെത്തണമെന്നു കരുതിയായിരുന്നു അങ്ങ് പുറപ്പെട്ടതു്. ഈ ബദ്ധപ്പാടിൽ വലംവച്ചുവന്ദിക്കേണ്ട സുരഭിയെ കാണുവാനോ ഉപചരിക്കുവാനോ അങ്ങേക്കു കഴിഞ്ഞില്ല. ഈ അനാദരം കാമധേനുവിനെ കോപാകുലയാക്കി. "എന്റെ സന്തതിയെ ആരാധിക്കുന്നതുവരെ നിനക്കു സന്തതി ഉണ്ടാകാതെ പോകട്ടെ" എന്ന് ആ ദിവ്യധേനു അങ്ങയെ ശപിച്ചു. ആകാശഗംഗയുടെ ഇരമ്പൽകൊണ്ടും ദിഗ്ഗജങ്ങളുടെ അലർച്ചകൊണ്ടും ആ ശാപം അങ്ങേക്കോ സാരഥിക്കോ കേൾക്കുവാൻ കഴിഞ്ഞില്ല. ഇപ്രകാരം വന്നുചേന്ന ആ കാമധേനുകോപമാണ് അങ്ങയുടെ സന്താനഭാഗ്യത്തെ തടഞ്ഞിരിക്കുന്നതു്. പൂജ്യപൂജാവ്യതിക്രമം ശ്രേയസ്സിനെ തടയുമെന്ന് പ്രസിദ്ധമാണല്ലോ. എന്നാൽ ഇപ്പോൾത്തന്നെ ആ കാമധേനുവിനെ ചെന്നുകണ്ട് പ്രസാദിപ്പിച്ചു ദോഷപരിഹാരം വരുത്താം എന്നുവച്ചാൽ അതും സാദ്ധ്യമല്ല. വരുണൻ സമാരംഭിച്ചിരിക്കുന്ന ഒരു ദീർഘസത്രത്തിനു വേണ്ട ഹോമസാധനങ്ങൾ ഒരുക്കിക്കൊടുക്കുവാൻ ആ ധേനുദേവത പാതാളലോകത്തിൽ പോയിരിക്കുക

യാണ്. പാതാളമാർഗ്ഗം നാഗോപദ്രവമുള്ള ഒന്നായതുകൊണ്ട് അങ്ങോട്ടു പോകുവാനും പാടില്ല. അതുകൊണ്ട് സുരഭിക്കുപകരം അവളുടെ പുത്രിയെത്തന്നെ ആരാധിക്കുക. അങ്ങ് സുദക്ഷിണയുമൊത്ത് വ്രതാനുഷ്ഠാനത്തോടുകൂടി നന്ദിനിയെ ശുശ്രൂഷിച്ചു സന്തോഷിപ്പിക്കണം. സന്തുഷ്ടയായാൽ ഇഷ്ടഫലം ദാനം ചെയ്വാൻ ആ ഗോവിനു സാമർത്ഥ്യം ഉണ്ട്."

മഹർഷി ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ നന്ദിനി വനത്തിൽനിന്നും തിരിച്ചുവന്നു. ഹോതാവായ വസിഷ്ഠന് ഹോമസാധനങ്ങൾ എല്ലാം നിത്യവും സമൃദ്ധമായി ലഭിച്ചിരുന്നതു് ആ പശുവിൽനിന്നുമാണ്. തളിരുപോലെ മിനുത്തു ചുവന്നതും നെററിയിൽ വെള്ളത്ത ചുട്ടിയോടുകൂടിയതും ആയ ആ നന്ദിനി പഞ്ചമീചന്ദ്രനോടുകൂടിയ സന്ധ്യയെപ്പോലെ ശോഭിച്ചു. കുട്ടിയെ കാണുകയാൽ ചുരന്നുപോയ കുടംപോലെയുള്ള അകിടിൽനിന്നും ഒഴുകിത്തുടങ്ങിയ പാൽ ആശ്രമഭൂഭാഗങ്ങളെ പരിശുദ്ധമാക്കിക്കൊണ്ടിരുന്നു. നന്ദിനിയുടെ കുളമ്പടികളിൽനിന്നും കിളന്ന പൊടിയേററതിനാൽ മഹാരാജാവിന് ഒരു തീർത്ഥാഭിഷേകംകൊണ്ടുള്ള ശുദ്ധി ലഭിച്ചു.

നിമിത്തജ്ഞനായ വസിഷ്ഠമഹർഷി പുണ്യദർശനയായ നന്ദിനിയെ കണ്ടപ്പോൾത്തന്നെ രാജാവിൻെറ പ്രാർത്ഥന അചിരേണ സഫലമാകുമെന്നു തീർച്ചപ്പെടുത്തി. അദ്ദേഹം ഇങ്ങനെ തുടന്നു:—

"മഹാരാജാവേ, അങ്ങയുടെ അഭിലാഷം സാദ്ധ്യമാകുവാൻ ഇനി കാലതാമസം ഉണ്ടാകയില്ലെന്നു ധരിച്ചാ

ലും. പേരു പറഞ്ഞപ്പോൾത്തന്നെ മങ്ഗലമൂർത്തിയായ ആ നന്ദിനി ഇതാ വന്നുകഴിഞ്ഞു. അങ്ങു് വന്യാഹാരനായി ജീവിച്ചുകൊണ്ടു് ഈ ഗോവിനെ സന്തതം അനുഗമിച്ചു പ്രസാദിക്കണം. അവൾ നടക്കുമ്പോൾ കൂടെ നടന്നും നിൽക്കുമ്പോൾ അടുത്തു നിന്നും കിടക്കുമ്പോൾ സമീപത്തിൽ ഇരുന്നും അങ്ങു് അവളെ ശുശ്രൂഷിക്കണം. അവൾ വെള്ളം കുടിക്കുമ്പോൾ മാത്രമേ അങ്ങും കുടിക്കാവൂ. സുദക്ഷിണ വ്രതത്തോടുകൂടി എന്നും രാവിലെ നന്ദനിയെ ഭക്തിപൂർവ്വം പൂജിക്കയും തപോവനംവരെ അനുഗമിക്കയും വൈകുന്നേരം തിരിച്ചുവരുമ്പോൾ എതിരേററു പൂജിക്കുകയുംവേണം. ഇക്കാര്യത്തിൽ യാതൊരു വിഘ്നവും ഉണ്ടാകാതെ ഇരിക്കട്ടെ എന്നും അങ്ങു പുത്രവാന്മാരിൽ അഗ്രേസരനായിത്തീരട്ടെ എന്നും ഞാൻ ആശംസിക്കുന്നു,"

ഗുരുവിന്റെ ആദേശപ്രകാരം ചെയ്യാമെന്നു രാജാവും രാജ്ഞിയും സന്തോഷപൂർവ്വം സമ്മതിച്ചു. നിയമജ്ഞനായ മുനി അപ്പോൾമുതൽ വ്രതചര്യ ആരംഭിക്കേണ്ട രാജാവിനു ഉചിതങ്ങളായ ശയനസാമഗ്രികൾ ഒരുക്കിക്കൊടുക്കുവാൻ ഏർപ്പാടുചെയ്തു. ഗുരുവിന്റെ നിർദ്ദേശം അനുസരിച്ചു് രാജാവും രാജ്ഞിയും വ്രതനിഷ്ഠയോടുകൂടിത്തന്നെ ആ രാത്രി കഴിച്ചുകൂട്ടി.

## രണ്ടാം അദ്ധ്യായം

# നന്ദിനീപ്രസാദം

നേരം പുലൎന്നു. സുദക്ഷിണ കുട്ടിയെ കുടിപ്പിച്ചു കെട്ടിയതിനുശേഷം നന്ദിനിയെ ഗന്ധമല്യങ്ങൾ അണി യിച്ചുപൂജിച്ചു. ദിലീപൻ ആ പശുവിനെ അഴിച്ചുവിട്ടു. അതു് മേയുന്നതിനായി നേരെ കാട്ടിലേക്കു നടന്നു. രാജാവും രാജ്ഞിയും അതിനെ അനുഗമിച്ചു. തപോവന ത്തിൽ വച്ചു രാജ്ഞിയെ തിരിച്ചയച്ചിട്ടു് രാജാവു് ആ സുരഭിപുത്രിയേ രക്ഷിക്കാനായി പിൻതുടൎന്നു. വ്രതനിയമം അനുസരിച്ചു അദ്ദേഹം അനുചരവൎഗ്ഗത്തോടുകൂടാതെ ഏകനായിട്ടാണു് പുറപ്പെട്ടതു്. സ്വന്തം ശരീരം രക്ഷി ക്കുവാൻ ദിലീപൻ പണ്ടേ ആരുടെയും സാഹായ്യം അപേക്ഷിക്കാറില്ല. മനുവംശരാജാക്കന്മാർ തന്നെ "സ്വ വീൎയ്യഗുപ്തന്മാർ" എന്നു പ്രസിദ്ധരാണല്ലോ.

സ്വാദുള്ള പുല്ലു പറിച്ചുകൊടുക്കുക, ചൊറിയുക, ഈച്ചയെ ആട്ടുക, സ്വൈരഗതിക്കുള്ള തടസ്സങ്ങൾ നീക്കിക്കൊടുക്കുക എന്നീ ശുശ്രൂഷകളോടുകൂടി ദിലീപ ചക്രവൎത്തി നന്ദനിയെ ആരാധിച്ചുതുടങ്ങി. ഗുരുവിൻെറ ഉപദേശം അനുസരിച്ചു് അദ്ദേഹം ആ ഗോവിനെ അ തിൻെറ നിഴലിനെപ്പോലെ പിന്തുടൎന്നു.

രാജചിഹ്നങ്ങൾ ഒന്നും കൂടാതെയാണു് ദിലീപൻ സഞ്ചരിച്ചതു്. എങ്കിലും ഒരു തേജോവിശേഷം കൊണ്ടു്

അദ്ദേഹത്തിൽ രാജത്വം കളിയാടിയിരുന്നു. ചുററുംനിന്നു വൃക്ഷങ്ങൾ പക്ഷികളുടെ കളകൂജനങ്ങൾകൊണ്ടു അദ്ദേഹത്തിനു വിജയാശംസ നടത്തി. ഇളംകാററിൽ ഇളകിനിന്ന ചെറുലതകൾ പൌരകന്യകമാരെപ്പോലെ രാജാവിൻെറമേൽ തൂമലർ ചൊരിഞ്ഞു. കാട്ടരുവികളിൽനിന്നു നീർകണങ്ങളും പൂമരങ്ങളിൽനിന്നു് പുതുഗന്ധവും വഹിച്ചുകൊണ്ടു് മന്ദം മന്ദം വന്നണഞ്ഞ കുളിർകാററു് രാജാവിനെ എതിരേററു.

ലോകരക്ഷകനായ മഹാരാജാവു് വനത്തിൽ പ്രവേശിച്ചതോടുകൂടി അദ്ഭുതകരങ്ങളായ ചില മാററങ്ങൾ അവിടെ ഉണ്ടായി. മഴ ഇല്ലാതെ തന്നെ കാട്ടുതീ ശമിച്ചു. ഫലങ്ങളും പുഷ്പങ്ങളും സമൃദ്ധങ്ങളായിത്തീൎന്നു. ജന്തുക്കളിൽ ബലംകൂടിയവ ബലം കുറഞ്ഞവയെ ഉപദ്രവിക്കുക എന്ന സമ്പ്രദായവും നിശ്ശേഷം നിലച്ചു.

സൂൎയ്യൻ അസ്തമിക്കാറായപ്പോൾ നന്ദിനി ആശ്രമത്തിലേക്കു മടങ്ങി. രാജാവും ഗോവിനെ പിന്തുടൎന്നു. പല്വലങ്ങളിൽനിന്നും കരയ്ക്കു കയറിത്തുടങ്ങിയ വരാഹയൂഥങ്ങൾ, ചേക്കമരങ്ങളിലേക്കു പാഞ്ഞുപോകുന്ന മയിലുകൾ, പുൽത്തകിടികളിൽ നിലയുറപ്പിച്ച മാൻപററങ്ങൾ എന്നിവയാൽ ശ്യാമതപൂണ്ട വനാന്തർഭാഗം രമണീയമായിത്തീർന്നു.

രാജാവിനാൽ അനുയാതയായി തപോവനത്തിൽ പ്രവേശിച്ച നന്ദിനയെ രാജ്ഞി അക്ഷതപാത്രത്തോടുകൂടിവന്നു വലംവച്ചു പൂജിച്ചു. കുട്ടിയെ കാണുവാനുള്ള ഔത്സുക്യം ഏറിയിരുന്നെങ്കിലും നന്ദിനി നിശ്ചല

യായി നിന്നു് പൂജ സ്വീകരിച്ചു. ആ നില പ്രസാദത്തിന്റെ ചിഹ്നമായിരുന്നു. അതു് ആ ദമ്പതിമാരിൽ ആനന്ദം ഉളവാക്കി. നന്ദിനിയെപ്പോലുള്ള ദിവ്യവ്യക്തികളുടെ പ്രസാദചിഹ്നങ്ങൾ ഉടനടി മഹനീയഫലം പ്രദാനം ചെയ്യുമെന്നു് അവൎക്കു് അറിയാമായിരുന്നു.

സന്ധ്യാനുഷ്ഠാനവും ഗുരുവന്ദനവും കഴിച്ചുകൊണ്ടു രാജാവും രാജ്ഞിയും വീണ്ടും നന്ദിനിയുടെ അടുക്കൽ വന്നുചേൎന്നു, ബലിയും ദീപവുംകൊണ്ടു് അതിനെ അൎച്ചിച്ചശേഷം അവർ ആ ഗോവിനൊപ്പം നിദ്ര ആരംഭിച്ചു. പിറേറന്നു രാവിലെ പശുവിനോടൊത്തു് അവർ ഉണൎന്നു എഴുന്നേൽക്കുകയും കൃത്യങ്ങൾ മുറയ്ക്കു അനുഷ്ഠിക്കുകയും ചെയ്തു.

ഇരുപത്തിയൊന്നുദിവസം ഇങ്ങനെ ദിലീപമഹാരാജാവു് ഭാൎയ്യയോടുകൂടി സന്താനസിദ്ധിക്കായി വ്രതം നോററു. ഇരുപത്തിരണ്ടാംദിവസം വന്നുചേൎന്നു. പതിവിൻപടി നന്ദിനി പ്രഭാതത്തിൽത്തന്നെ വനത്തിലേക്കു പുറപ്പെട്ടു. തന്റെ അനുചരനു തന്നിൽ ദൃഢമായ ഭക്തി ഉണ്ടോ എന്നു് ഒന്നു പരീക്ഷിക്കണമെന്നു് ആ ദിവ്യഗോവു് നിശ്ചയിച്ചു. വനത്തിൽ പ്രവേശിച്ച അവൾ ഗംഗയുടെ പതനസ്ഥലത്തിനു സമീപമുള്ള ഹിമവത്്പൎവതത്തിന്റെ ഗുഹാപ്രദേശങ്ങളിൽ ഒന്നിൽ ധാരാളം ഇളംപുല്ലുകൾ വളൎന്നു നിൽക്കുന്ന ഒരിടത്തു ചെന്നുചേൎന്നു. വസിഷ്ഠമഹൎഷിയുടെ ഹോമധേനുവിനെ ഹിംസ്രജന്തുക്കൾക്കു് മനസ്സുകൊണ്ടുപോലും ഉപദ്രവിക്കുവാൻ സാദ്ധ്യമല്ല എന്ന വിശ്വാസംകൊണ്ടു് രാജാവു് കുറെനേരം പൎവ്വതശോഭ നോക്കിനിന്നുപോയി. തന്നിമിത്തം ഈ അവസരത്തിൽ ഒരു സിംഹം നന്ദിനിയുടെമേൽ ചാടിവീണതു് അദ്ദേഹത്തിനു കാണുവാൻ കഴിഞ്ഞില്ല.

പശുവിൻെറ നിലവിളി ദീനദയാലുവായ രാജാവിൻെറ ദൃഷ്ടികളെകടിഞ്ഞാണിട്ടപ്പിടിച്ചതുപോലെ അങ്ങോട്ടക്ക ആകഷിച്ചു. പവ്വതത്തിൻെറ കാവിമൺകൊട്ടടുടി യിൽ പൂത്തുനിൽക്കുന്ന ഒരു പാച്ചോററിമരം പോലെ പാടലവർണ്ണയായ ആ പശുവിൻെറമേൽ സ്ഥിതിചെ യ്യുന്ന സടാവികനായ ഒരു സിംഹം അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപ്പെട്ടു. ദ്രോഹിയായ ആ സിംഹത്തെ വധിക്കു വാനായി അദ്ദേഹം ആവനാഴിയിൽനിന്നും ശരം എടുക്കു വാൻ ഭാവിച്ചു. എന്നാൽ ശരത്തിൻെറ ചുവട്ടിൽ വി രൽ തൊട്ടമാത്രയിൽ ആ വലത്തുകൈയ്യ് ചിത്രത്തിൽ എഴുതിവെച്ചതുപോലെ നിശ്ചലമായിപ്പോയി. അപ രാധി മുൻപിൽ നിന്നിട്ടും അവനെ ശിക്ഷിക്കാൻ കഴി യാത്ത ആ നില രാജാവിൻെറ കോപം വർദ്ധിപ്പിച്ചു. മന്ത്രൗഷധികൾകൊണ്ടു രുദ്ധവീര്യനായ ഒരു സപ്പത്തെ പ്പോലെ അദ്ദേഹം ആ നിലയിൽനിന്നു ദഹിച്ചുതുടങ്ങി. രാജാവു് വിസ്മയാഭിഭൂതനായി വിഷമിക്കുന്നതുകണ്ട് സിംഹം ഇങ്ങനെ സംഭാഷണം തുടങ്ങി. മനുഷ്യസഹജ മായ സംഭാഷണസാമത്ഥ്യംകൂടി സിംഹത്തിനു ഉണ്ട് എന്നറിഞ്ഞപ്പോൾ രാജാവിൻെറ വിസ്മയം ഇരട്ടിച്ചു.

"രാജാവേ,വെറുതെ ശ്രമപ്പെടേണ്ട. അങ്ങ് അസ്ത്രം പ്രയോഗിച്ചാലും അതു് എൻെറ മേൽ ഫലിക്കുകയില്ല. കാററിൻെറ വേഗത്തിന് വന്മരങ്ങളെ വേരോടെ മറി ച്ചിടുവാൻ സാധിച്ചു എന്നുവരാം. എന്നാൽ അതു പവ്വ തത്തിൽഫലിക്കുന്നില്ല. ഞാൻ ശ്രീപരമേശ്വരൻെറ ഒരു ഭൃത്യനാണ്. നികുംഭമിത്രമായ എൻെറ പേർ കുംഭോ ദരൻ എന്നത്രേ. ഭഗവാൻ എൻെറ മേൽ ചവിട്ടിക്കൊ ണ്ടാണവൃഷവാഹനത്തിൽ കയറുന്നതു്. അങ്ങനെ ഞാൻ ഒരു പ്രത്യേകാനുഗ്രഹത്തിനുകൂടി പാത്രമായിട്ടുണ്ട്. മുൻ

വശത്തു് നിൽക്കുന്ന ഈ ദേവദാരുവൃക്ഷത്തെ അങ്ങു് കാണുന്നുണ്ടല്ലോ. ഇതു് പരമശിവൻെറ വളൎത്തുപുത്രനാണു്. സ്കന്ദമാതാവായ ദേവിയുടെ ശുശ്രൂഷ ഈ വൃക്ഷം അനുഭവിച്ചിട്ടുണ്ടു്. ഒരിക്കൽ ഒരു കാട്ടാനചെകിട്ടു് ഉരുമ്മി ഇതിൻെറ തൊലി കുറെ അടൎത്തിക്കളഞ്ഞു. അതുനിമിത്തം ദേവി വളരെ ദുഃഖിച്ചു. അസുരാസ്ത്രങ്ങൾകൊണ്ടു മുറിവേററസേനാനിയെ കണ്ടപ്പൊഴും ദേവി ഇത്ര വ്യസനിച്ചിട്ടില്ല. അന്നുമുതൽ തന്നെ ഭഗവാൻ സിംഹരൂപംതന്നു എന്നെ കാട്ടാനകളെ ആട്ടിഭയാടിക്കുവാൻ ഈ പൎവ്വതഗുഹയിൽ താമസിപ്പിച്ചിരിക്കുകയാണു്. സമീപം വന്നുചേരുന്ന ജന്തുക്കളെ തിന്നു വൃത്തികഴിച്ചുകൊള്ളണം എന്നാണു് കല്പന. വിശന്നിരിക്കുന്ന എനിക്കു ഈശ്വരനിശ്ചയം അനുസരിച്ചു് തക്കസമയത്തു വന്നുചേൎന്നിരിക്കുന്ന ഒരു പാരണയാണു് ഈ പശു. ഇതിൻെറ രക്തം കുടിച്ചു ഞാൻ തൃപ്തിപ്പെട്ടുകൊള്ളട്ടെ. അങ്ങു് തിരിച്ചുപോയാലും. ഇക്കാൎയ്യത്തിൽ അങ്ങേക്കു് ലജ്ജിക്കേണ്ട ആവശ്യം ഇല്ല. ഗുരുവിൻെറനേരെ ഒരു ശിഷ്യനു് ഉണ്ടായിരിക്കേണ്ട ഭക്തി അങ്ങു് ഇവിടെ വേണ്ടവണ്ണം പ്രകടിപ്പിച്ചു കഴിഞ്ഞു. ശസ്ത്രംകൊണ്ടു രക്ഷിക്കപ്പെടുവാൻ സാദ്ധ്യമാകാത്ത ഒന്നിനെ രക്ഷിച്ചില്ലെന്നുള്ളതു് ശസ്ത്രഭൃത്തുക്കൾക്കു ഒരു കുറവാണെന്നു തോന്നുന്നില്ല"

സിംഹത്തിൻെറ ഈ പ്രഗല്ഭഭാഷണം രാജവിനെ വളരെ ആശ്വസിപ്പിച്ചു. അസ്ത്രപ്രയോഗിൽ ആദ്യമായി തനിക്കു പിണഞ്ഞ ആ കഴിവില്ലായ്മ ശിവപ്രഭാവംകൊണ്ടു് ഉണ്ടായതാണു് എന്നു മനസ്സിലാക്കുവാൻ

കഴിഞ്ഞ രാജാവിന് തന്റെ പേരിൽ (തോന്നിയ അനാദരം നിശ്ശേഷം ഇല്ലാതായി. അദ്ദേഹം സിംഹത്തോട ഇങ്ങനെ മറുപടി പറഞ്ഞു:—

അല്ലയോ മൃഗേന്ദ്ര, ഈ നിലയിൽ നില്ക്കുന്ന എന്റെ വാക്ക് പരിഹാസ്യമായി എന്നുവരാം. എന്നാലും ചിലതു പറയണമെന്ന് എനിക്കു ആഗ്രഹമുണ്ട്. സകല ജീവരാശികളുടേയും അന്തർഗതം പറയാതെതന്നെ മനസ്സിലാക്കുവാൻ അങ്ങേക്കു കഴിവുണ്ടല്ലോ. അതുകൊണ്ടു പരിഹാസ്യമാകുമെന്നുകരുതി ഞാൻ പറയാതിരുന്നാലും ഫലമില്ല. എന്റെ വാക്കും മനസ്സും ഒരേവിധമാണ് എന്നെങ്കിലും അങ്ങയെ മനസ്സിലാക്കാമല്ലോ എന്നുകരുതി ഞാൻ സംസാരിക്കുകയാണ്. സ്ഥാവരജംഗമങ്ങളുടെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കു കർത്താവായ ഈശ്വരനോടു എനിക്ക് അപാരമായ ഭക്തി ഉണ്ട്. അദ്ദേഹത്തിന്റെ ശാസനത്തെയും ഞാൻ ആദരിക്കുന്നു. എന്നാൽ ആഹിതാഗ്നിയായ ഗുരുവിന്റെ ധനമായ ഈ പശു എന്റെ കൺമുമ്പിൽ കിടന്നു നശിക്കുന്നതു കണ്ടുകൊണ്ട് അതിനെ വിട്ടുപോകുവാൻ എനിക്കു സാദ്ധ്യമല്ല. സന്ധ്യതോറും 'ഇപ്പോൾ വന്നുചേരും' എന്നിങ്ങനെ ഉത്കണ്ഠാപൂർവ്വം കാത്തുനില്ക്കുന്ന ഒരു കൊച്ചുകുട്ടിയും ഈ പശുവിന് ഉണ്ട്. അതിനാൽ അങ്ങ് തീർച്ചയായും ഈ പശുവിനെ വിട്ടയക്കണം. ഇതാ എന്റെ ശരീരം ഞാൻ അങ്ങേക്ക് അർപ്പിക്കുന്നു. ഇതു് ഭക്ഷിച്ചു സംതൃപ്തനായാലും."

ഒരു പുഞ്ചിരി തൂകിക്കൊണ്ടു, സിംഹം രാജാവിനെ ഇങ്ങനെ സമാധാനിപ്പിക്കുവാൻ നോക്കി:—

"രാജൻ, അങ്ങയുടെ ഈ നിശ്ചയം ശരിയല്ല. ഏകാധിപത്യം മഹാപ്രഭുത്വം യൗവനദശ, സുന്ദരമായ ആകൃതി ഇവ എല്ലാം നിസ്സാരമായ ഒരു കാര്യത്തിനുവേണ്ടി ഉപേക്ഷിക്കാമെന്നു വിചാരിക്കുന്ന അങ്ങ് വിവേചനാശൂന്യനായ ഒരു മൂഢനാണ് എന്ന് എനിക്കു തോന്നുന്നു. ഭൂതാനുകമ്പകൊണ്ട് ഇങ്ങനെ ചെയ്യുന്നു എന്നാണ് അങ്ങയുടെ ഭാവമെങ്കിൽ അതും വലിയ അബദ്ധമാണ്. അങ്ങ് ഇപ്പോൾ മരിക്കുന്നതുകൊണ്ട് ഒരു പശുവിനുമാത്രമേ ക്ഷേമം ഉണ്ടാകുന്നുള്ളു. അങ്ങ് ജീവിച്ചിരിക്കുന്നപക്ഷം രാജാവായ അങ്ങേക്ക് അനേക ലക്ഷം പ്രജകളെ അവരുടെ പിതാവിനെപ്പോലെ രക്ഷിക്കുവാൻ കഴിയും. അഗ്നിതുല്യനായ ഗുരു ഈ പശുവിൻെറ നഷ്ടംകൊണ്ട് കോപിച്ചേക്കും എന്ന് അങ്ങ് പേടിക്കുന്നുണ്ടാവാം. എന്നാൽ കുടംപോലെ അകിടുള്ള പശുക്കളെ കോടിക്കണക്കിനു കൊടുത്ത് ഗുരുവിന്റെ കോപം ശമിപ്പിക്കുവാൻ അങ്ങേക്കു കഴിയുന്നതാണ്. അതുകൊണ്ട് കല്യാണപരമ്പരകൾ അനുഭവിക്കാനുള്ള ഊർജ്ജസ്വലമായ ഈ ശരീരം അങ്ങ് സംരക്ഷിച്ചാലും. ഗോവിനെ ഉപേക്ഷിച്ച് ആത്മരക്ഷണം ചെയ്താൽ സ്വർഗ്ഗഹാനി ഉണ്ടാകുമെന്നും പേടിക്കേണ്ട. അങ്ങയുടെ സമൃദ്ധമായ രാജ്യംതന്നെ സ്വർഗ്ഗമാണ്. ഭൂതലസ്പർശം എന്നൊരു വ്യത്യാസം മാത്രമേ അതിനുള്ളു.

സിംഹം ഇത്രയും പറഞ്ഞശേഷം സംഭാഷണം മതിയാക്കി. എന്നാൽ ആ ശിവഭൃത്യൻെറ ഉപദേശം രാജാവിൽ ഒരു മാററവും വരുത്തിയില്ല. സിംഹത്തിൻെറ

പിടിയിൽ അമർന്നുകിടക്കുന്ന നന്ദിനിയുടെ ഭയകമ്പിതങ്ങളായ നോട്ടങ്ങൾ ദയാലുവായ മഹാരാജാവിനു തീരെ സഹ്യങ്ങളായിരുന്നില്ല. അദ്ദേഹം ഇങ്ങനെ തുടൎന്നു:-

"ആപത്തിൽനിന്നും രക്ഷിക്കുന്നവൻ എന്ന അൎത്ഥത്തിലാണു ഉന്നതമായ ക്ഷത്രശബ്ദം ലോകത്തിൽ പ്രസിദ്ധമായിട്ടുള്ളതു്. ഒരു ക്ഷത്രിയനായിരുന്നുകൊണ്ടു് അതിനു വിപരീതമായി പ്രവൎത്തിക്കുന്നപക്ഷം എനിക്കു രാജ്യംകൊണ്ടോ പരപരിഹാസമലിനങ്ങളായ പ്രാണങ്ങൾകൊണ്ടോ പിന്നെ എന്തു പ്രയോജനമാണു് ഉണ്ടാകുന്നതു്? ധാരാളം പാലുള്ള അസംഖ്യം പശുക്കളെ കൊടുത്തു മഹൎഷിയെ സന്തുഷ്ടനാക്കാൻ കഴിയുമെന്നു് അങ്ങു് വിചാരിക്കുന്നു. അതും ശരിയല്ല. ഈ ഗോവു് സാക്ഷാൽ കാമധേനുവിനു തുല്യയാണു്. രുദ്രപ്രഭാവം കൊണ്ടു് അങ്ങേക്കു് ഇതിനെ ഉപദ്രവിക്കുവാൻ കഴിഞ്ഞു എന്നേയുള്ളു. അതുകൊണ്ടു് സ്വന്തം ശരീരം അൎപ്പിച്ചു പകരം ഈ പശുവിനെ വീണ്ടെടുക്കുവാൻ ഞാൻ ചെയ്യുന്ന ശ്രമം ഏററവും ന്യായ്യമാണു്. തന്മൂലം അങ്ങയുടെ പാരണയ്ക്കു തടസ്സമോ മുനിയുടെ ഹോമധേനുവിനു നാശമോ നേരിടുകയില്ല. അങ്ങും എന്നെപ്പോലെ പരതന്ത്രനാണല്ലോ. ഈ ദേവദാരുവിനെരക്ഷിക്കേണ്ട വലിയ ചുമതലയും അങ്ങേയ്ക്കു് ഉണ്ടു്. രക്ഷിക്കുവാൻ ഏല്പിച്ച വസ്തു നശിപ്പിച്ചശേഷം നാം സ്വയം അക്ഷതന്മാരായി നമ്മുടെ നിയോക്താക്കളുടെ മുൻപിൽ എങ്ങിനെ ചെല്ലും? ഇക്കാൎയ്യത്തിൽ ഒരു തീരുമാനം ചെയ്യുവാൻ ഞാൻ അങ്ങയോടുതന്നെ ആവ

ശ്യപ്പെടുന്നു. എന്നെ ഹിംസിക്കരുതു് എന്നാണു് അങ്ങയുടെ വിചാരമെങ്കിൽ എൻെറ യശശ്ശരീരത്തിൻെറ പേരിൽ ദയ കാണിച്ചാലും. എന്നേപ്പോലെയുള്ളവർക്കു നശ്വരങ്ങളായ ഈ ഭൌതികപിണ്ഡങ്ങളിൽ ആസ്ഥ തീരെ ഇല്ലന്ന അങ്ങേയ്ക്കു അറിവുള്ളതാണല്ലോ. സംഭാഷണംകൊണ്ടാണു് സൗഹൃദം ഉണ്ടാകുന്നതു് എന്നു പരക്കെ സമ്മതിക്കപ്പെട്ടിട്ടുണ്ടു്. ഈ വനമദ്ധ്യത്തിൽവച്ചു് സമ്മേളിക്കുവാൻ ഭാഗ്യമുണ്ടായ നമുക്കു് ആ സൗഹൃദം ഇപ്പോൾ സിദ്ധമായിരിക്കുന്നു. ഇപ്രകാരം അങ്ങയുടെ സുഹൃത്തായിത്തീർന്നിരിക്കുന്ന എൻെറ അപേക്ഷയെ മഹാനായ അങ്ങു് തള്ളിക്കളയുവാൻ പാടില്ലാത്തതാണു്."

രാജാവിൻെറ യുക്തിപൂർവ്വമായ സംഭാഷണം സിംഹത്തെ നിശ്ശബ്ദനാക്കി. ആഗ്രഹംപോലെ ആകട്ടെ എന്നു് ആ ശിവാനുചരൻ സമ്മതിച്ചു, സ്തംഭനത്തിൽനിന്നും രാജാവിൻെറ കൈയ്യ് ഉടൻ സ്വതന്ത്രമായി. അദ്ദേഹം ആയുധങ്ങൾ എല്ലാം ഉപേക്ഷിച്ചശേഷം തൻെറ ശരീരത്തെ ഒരു മാംസപിണ്ഡത്തെപ്പോലെ സിംഹത്തിൻെറ മുൻപിൽ ഇട്ടുകൊടുത്തു. ഉഗ്രമായ സിംഹപാതം ഈ ക്ഷണത്തിൽ ഉണ്ടാകും എന്നിങ്ങനെ വിചാരിച്ചുകൊണ്ടു് അധോമുഖനായി കിടന്ന രാജാവിൻെറ മേൽ വിദ്യാധരന്മാർ പുഷ്പവൃഷ്ടി ചൊരിഞ്ഞു. അടുത്ത നിമിഷത്തിൽ "കുഞ്ഞേ, എഴുന്നേൽക്കു" എന്ന അമൃതനിഷ്യന്ദിയായ ഒരു ശബ്ദമാണു് രാജാവിൻെറ കർണ്ണപുടങ്ങളിൽ പതിച്ചതു്. അദ്ദേഹം ഉടൻതന്നെ എഴുന്നേററു. സ്വന്തം അമ്മയെപ്പോലെ വാത്സല്യഭരിതയായി ക്ഷീര

സ്രവത്തോടുകൂടി മുന്നിൽ നില്ക്കുന്ന നന്ദിനിയെ മാത്രമേ അദ്ദേഹത്തിനു അവിടെ കാണുവാന് കഴിഞ്ഞുള്ളു. സിംഹത്തെ കാണാത്തതിനാൽ അദ്ഭുതപരതന്ത്രനായിത്തീൎന്ന രാജാവിനോടു നന്ദിനി ഇങ്ങനെ പറഞ്ഞു:—

"കുഞ്ഞേ, ഞാൻ മായ പ്രയോഗിച്ചു് നിന്നെ ഒന്നു പരീക്ഷിക്കുകയാണു ചെയ്തതു്. മഹൎഷിയുടെ പ്രഭാവംകൊണ്ടു് കാലനുപോലും എന്നെ ഉപദ്രവിക്കാൻ കഴിയുകയില്ല. പിന്നെ ഈ ഹിംസ്രജന്തുക്കളുടെ കാൎയ്യം പറയണമോ? ഗുരുവിൽ ഭക്തിയും എന്നിൽ അനുകമ്പയും നിനക്കു് ഉള്ളതുകൊണ്ടു് ഞാൻ നിന്നിൽ പ്രീതയായിത്തീൎന്നിരിക്കുന്നു. മകനേ, നീ വരം വാങ്ങിക്കൊള്ളുക. ഞാൻ വെറും ക്ഷീരദാത്രിയായ ഒരു പശുവാണു് എന്നു് തെറ്റിദ്ധരിക്കേണ്ട. പ്രസാദിച്ചാൽ അഭീഷ്ടം കൊടുക്കുവാൻ എനിക്കു കഴിവുണ്ടു്."

SMARAKA GRANTHA SALA REG. No. 3273 VENGANOOR P.O.

നന്ദിനീഭാഷണം രാജാവിനെ ആനന്ദസാഗരത്തിൽ ആറാടിച്ചു. ഭക്തിപരവശനായ അദ്ദേഹം തൊഴുകൈയ്യോടുകൂടി "വംശസ്ഥാപകനും അനന്തകീൎത്തിയും ആയ പുത്രൻ സുദക്ഷിണയിൽ ഉണ്ടാകുവാൻ പ്രസാദിക്കണം" എന്നു് അപേക്ഷിച്ചു. അപ്രകാരം തന്നെ ഫലിക്കുമെന്നു നന്ദിനി രാജാവിനെ അനുഗ്രഹിച്ചു

ഹിമവത്പ്രദേശത്തിൽ നിന്നും ആശ്രമത്തിൽ എത്തിച്ചേരുവാൻ അവൎക്കു് അന്നു വലിയ ക്ലേശം തോന്നിയില്ല. പ്രസന്നമുഖനായ രാജാവു് നന്ദിനീപ്രസാദം ഗുരുവിനെ അറിയിച്ചു. സുദക്ഷിണയോടും ആ വിവരം അദ്ദേഹം വിസ്തരിച്ചു പറഞ്ഞു. വാസ്തവത്തിൽ അതു്

ഒരു പുനരുക്തഭാഷണമായിരുന്നു. രാജാവിന്റെ സന്തോഷം സ്ഫുരിക്കുന്ന മുഖഭാവംകൊണ്ടുതന്നെ ആ വസ്തുത നേരത്തെ രാജ്ഞി ഊഹിച്ചറിഞ്ഞിരുന്നു.

പിറേറദിവസം രാവിലെ ആ ദമ്പതികൾ പാരണചെയ്തു വ്രതം അവസാനിപ്പിച്ചു. യാത്രോചിതങ്ങളായ ശുഭകർമ്മങ്ങളെല്ലാം നടത്തിയശേഷം വസിഷ്ഠമുനി അവരെ രാജധാനിയിലേക്കു യാത്രയാക്കി. ഹോമാഗ്നിയേയും വസിഷ്ഠമഹർഷിയേയും അരുന്ധതിയേയും സവത്സയായ ധേനുവിനെയും പ്രദിക്ഷണംചെയ്തു വന്ദിച്ചുകൊണ്ടു് ദിലീപൻ പത്നീസമേതം പുറപ്പെട്ടു. അത്യാനന്ദകരമായ ഒരു യാത്രയ്ക്കുശേഷം മഹാരാജാവിന്റെ രഥം രാജധാനിയിൽ പ്രവേശിച്ചു. ഏറെ നാളായി കാണാതിരുന്ന മഹാരാജാവിനെ ഒന്നു കാണുവാൻ ജനങ്ങൾ വളരെ ഉത്കണ്ഠ പ്രദർശിപ്പിച്ചു. സന്താനലാഭത്തിനുവേണ്ടി വ്രതം നോററു ചടച്ചുപോയ അദ്ദേഹത്തെ കറുത്തവാവു കഴിഞ്ഞു് ഉദിച്ച ചന്ദ്രനെപ്പോലെ കണ്ടിട്ടും കണ്ടിട്ടും ജനങ്ങൾക്കു തൃപ്തി വന്നില്ല. കൊടിതോരണാദികളാൽ അലംകൃതമായിരുന്ന രാജധാനി ഒരു മഹാജനസമുദ്രമായി കാണപ്പെട്ടു. സമ്പൂർണ്ണകാമനായി തിരിച്ചെത്തിയ മഹാരാജാവിനെ പൌരന്മാർ വളരെ അഭിനന്ദിച്ചു. അദ്ദേഹം വീണ്ടും ഭരണഭാരം കൈയേററു വസിച്ചു.

## മൂന്നാം അദ്ധ്യായം

### രഘുരാജ്യാഭിഷേകം

നന്ദിനീപ്രസാദം യഥാകാലം ഫലിതമായി. സുദക്ഷിണാദേവി ഗർഭംധരിച്ചു. രാജ്ഞിയുടെ മുഖം പാടച്ചോററിപ്പൂവുപോലെ വിളറിവെളുത്തു തുടങ്ങി. മണ്ണുതിന്നുന്നതിൽ മററൊന്നിലുമില്ലാത്ത ഒരു പ്രത്യേക രസം രാജ്ഞിക്കു ഉണ്ടായി. ഗർഭിണിയായ ദേവി ഏതേതു വസ്തുക്കളിൽ അഭിലാഷം പ്രദർശിപ്പിച്ചുവോ അവ എല്ലാം ഉടൻ അവിടെ ആനയിക്കപ്പെട്ടു. അസ്ത്രജ്ഞനായ മഹാരാജാവിന്ന് സ്വർഗ്ഗത്തിൽനിന്നുപോലും അഭിഷ്ടവസ്തു സമ്പാദിക്കുവാൻ പ്രയാസമുണ്ടായിരുന്നില്ല.

ദോഹദവ്യഥകളിൽനിന്നു ക്രമേണ മുക്തയായ ദേവി പുതുതായി തളിർത്ത ഒരു പൂവല്ലിപോലെ ശോഭിച്ചു. പുംസവനം മുതലായ ക്രിയകൾ യഥാക്രമം സമങ്ഗളം നിർവ്വഹിക്കപ്പെട്ടു. അവ എല്ലാം മഹാരാജാവിൻെറ സ്നേഹവായ്പിനും ഔദാര്യത്തിനും സമ്പത്തിനും പരിതുഷ്ടിക്കും യോജിച്ചവിധം അത്യാഡംബരപൂർണ്ണങ്ങൾ ആയിരുന്നു.

മാസം പത്തു തികഞ്ഞു. ശുഭമുഹൂർത്തത്തിൽ മഹാരാജ്ഞി ഒരു പുത്രനെ പ്രസവിച്ചു. തൽക്ഷണം ദിക്കുകൾ പ്രസന്നങ്ങളായി. കാററു മനോഹരമായി വീശി. ഹോമാഗ്നി വലംചുററി എരിഞ്ഞുയർന്നു. അനസ്തമിതങ്ങളും ഉച്ചസ്ഥങ്ങളും ആയ അഞ്ചു ഗ്രഹങ്ങളോടുകൂടിയ

ആ ജനനസമയം തന്നെ ജാതനായ ശിശു ഉന്നതഭാഗ്യനും ദിവ്യനുമാണെന്നു സൂചിപ്പിച്ചു.

സൂതികാഗൃഹം ഒരു ദിവ്യതേജസ്സിൽ മുഴുകി. രാത്രിയിൽ ചുററും വച്ചിരുന്ന വിളക്കുകൾ ചിത്രാർപ്പിതങ്ങളോ എന്നു തോന്നുമാറു് നിഷ്പ്രഭങ്ങളായി. കർണ്ണാമൃതവർഷിയായ പുത്രോത്പത്തികഥ അറിയിച്ച അന്തഃപുരജനങ്ങൾക്കു മഹാരാജാവു് വെൺകൊററക്കുടയും രണ്ടു ചാമരങ്ങളുമൊഴിച്ചുള്ള സമ്പത്തു മുഴുവനും ദാനംചെയ്തു. പുത്രമുഖദർശനം കൊണ്ടു് രാജാവിനു് ഉണ്ടായ ആനന്ദം അളവററതായിരുന്നു.

വസിഷ്ഠമഹർഷിതന്നെ തപോവനത്തിൽനിന്നും വന്നു ജാതകർമ്മങ്ങൾ നടത്തി. പുത്രജന്മോത്സവം രാജ്യമെങ്ങും കൊണ്ടാടി. സ്വർഗ്ഗമാർഗ്ഗത്തിലും വാദ്യഘോഷങ്ങൾ മുഴങ്ങി. മഹാരാജാവിനു സന്തോഷസൂചകമായി മോചിപ്പിക്കുവാൻ ബദ്ധന്മാർ ആരും ഉണ്ടായിരുന്നില്ല. എന്നാൽ പൈതൃകമായ ഋണത്തിൽനിന്നും അദ്ദേഹം സ്വയം മുക്തനായി.

ദിലീപമഹാരാജാവു് സ്വപുത്രനു 'രഘു' എന്നു നാമകരണംചെയ്തു. ആ ശിശു ബാലചന്ദ്രനെപ്പോലെ ദിനംതോറും വളൎന്നു. പാർവ്വതീപരമേശ്വരന്മാരെ കാർത്തികേയനെന്നപോലെയും ശചീപുരന്ദരന്മാരെ ജയന്തനെന്നപോലെയും സുദക്ഷിണാദിലീപന്മാരെ രഘു സന്തോഷിപ്പിച്ചു.

ചൂഡാകർമ്മത്തിനുശേഷം അഞ്ചാംവയസ്സിൽ രഘുകുമാരനെ വയസ്യന്മാരായ മന്ത്രിപുത്രന്മാരോടുകൂടി എഴുത്തിനു് ഇരുത്തി. പതിനൊന്നാംവയസ്സിൽ യഥാവിധി

ഉപനീതനായ രഘുവിനെ വിദ്വാന്മാരായ ഗുരുക്കന്മാർ സകല വിദ്യകളും അഭ്യസിപ്പിച്ചു. ഗുരുജനങ്ങളുടെ പ്രയത്നം രാജകുമാരനിൽ സവിശേഷം സഫലമായി. രഘു വിനീതനും വിദ്വാനുമായിത്തീൎന്നു. പിതാവിൽനിന്നുമാണു് അദ്ദേഹം അസ്ത്രവിദ്യ ഗ്രഹിച്ചതു്. ദിലീപൻ അദ്വിതീയനായ ഒരു രാജാവായിരുന്നതുപോലെ അനുത്തമനായ ഒരു ധനുർധരനുമായിരുന്നു.

ശൈശവദശയെ പിന്നിട്ടു വളൎന്നുതുടങ്ങിയ രഘുവിൻെറ ശരീരം ഗാംഭീൎയ്യം കലൎന്നതും മനോഹാരിതയുളവാക്കുന്നതുമായ ഒന്നായിത്തീൎന്നു. ഇരുപത്തിരണ്ടാം വയസ്സിൽ അദ്ദേഹം വിവാഹബന്ധത്തിൽ ഏൎപ്പെട്ടു. അനേകം രാജന്യകന്യകമാർ അദ്ദേഹത്തിൻെറ ഭാൎയ്യാപദം അലങ്കരിച്ചു. ചിരകാലമായി വഹിച്ചുപോന്ന ഭാരമേറിയ പ്രജാപാലനയത്നത്തെ ലഘൂകരിക്കുവാനായി ദിലീപൻ രഘുവിനെ യുവരാജാവായി അഭിഷേകം കഴിച്ചു. രഘു അല്പാല്പമായി രാജ്യകാൎയ്യങ്ങളിൽ പങ്കെടുത്തു തുടങ്ങി. വായുവിനോടു ചേൎന്ന അഗ്നിയെപ്പോലെയും ശരത്കാലത്തോടുചേൎന്ന സൂൎയ്യനെപ്പോലെയും മദോദയത്തോടുകൂടിയ ആനയേപ്പോലെയും രഘുവിനോടുചേൎന്ന ദിലീപമഹാരാജാവു് ഉജ്ജ്വലപ്രതാപനായിത്തീൎന്നു

അനന്തരം ദിലീപമഹാരാജാവു് അശ്വമേധയാഗം ആരംഭിച്ചു. പിതൃനിദേശം അനുസരിച്ചു് രഘു മററു രാജകുമാരന്മാരോടുകൂടി അശ്വത്തെ രക്ഷിച്ചുപോന്നു. തൊണ്ണൂററിയൊൻപതു യാഗങ്ങൾ ഇങ്ങനെ നിൎവ്വിഘ്നം നടന്നുകൂടി. നൂറാമത്തെ യാഗവും ആരംഭി

ക്കപ്പെട്ടു. ആ പ്രാവശ്യം ദിലീപന്റെ യാഗാശ്വം അതിന്റെ സ്വൈരഗതി തുടരവേ ധനുർധരന്മാരായ രക്ഷകന്മാരുടെ കൺമുൻപിൽവച്ചുതന്നെ അപഹരിക്കപ്പെട്ടു. ഇന്ദ്രൻ തന്നെയായിരുന്നു ഗൂഢവിഗ്രഹനായി വന്ന് ആ കൃത്യം നടത്തിയതു്. കുതിരയെ കാണാതായപ്പോൾ രഘുവും അനുചരന്മാരും സൈന്യവും വിസ്മയസ്തബ്ധരായി നിന്നുപോയി. എന്തുചെയ്യണം എന്ന് അവർക്ക് ഒരു നിശ്ചയവും ഇല്ലാതായി. രഘുകുമാരനു സംഭവിച്ച ആ പരാഭവം നന്ദിനിക്കു് സഹ്യമായില്ല. ആ ദിവ്യധേനു ക്ഷണനേരത്തിൽ അവിടെ പ്രത്യക്ഷയായി. തന്റെ മൂത്രം വാങ്ങി കണ്ണു കഴുകുവാൻ അവൾ രഘുവിനോടു് ആജ്ഞാപിച്ചു. അപ്രകാരം ചെയ്ത രാജകുമാരനു് അതീന്ദ്രിയവസ്തുക്കൾകൂടി കാണുവാൻ കഴിഞ്ഞു. കുതിരയെ ഹരിച്ചുകൊണ്ടു് രഥത്തിലേറി ആകാശമാർഗ്ഗേണ വേഗത്തിൽ പോകുന്ന ഒരു ദിവ്യപുരുഷൻ രഘുവിന്റെ ദൃഷ്ടിയിൽപ്പെട്ടു. ആയിരം കണ്ണുകൾ ഉള്ള ആ ചോരൻ ഇന്ദ്രൻ തന്നെ എന്നു രാജകുമാരനു മനസ്സിലായി. ഗംഭീരസ്വരത്തിൽ അദ്ദേഹം ഇങ്ങനെ വിളിച്ചുപറഞ്ഞു:—

"ഹേ ദേവേന്ദ്ര, യാഗാംശം അനുഭവിക്കുന്നവരിൽ പ്രമുഖൻ അങ്ങു് എന്നാണല്ലോ വിദ്വാന്മാർ പറയുന്നതു്. എന്റെ അച്ഛൻ എന്നും യാഗം ചെയ്യുന്നുമുണ്ടു്. ആ സ്ഥിതിക്കു് അദ്ദേഹത്തിനു് ക്രിയാവിഘ്നം ഉണ്ടാക്കുവാൻ അങ്ങു് തുടങ്ങുകയോ? ത്രിലോകനാഥനും ദിവ്യചക്ഷുസ്സും ആയ അങ്ങു് യാഗവിഘ്നകാരികളെ തടയേണ്ടതല്ലേ? അങ്ങുതന്നെ ഇങ്ങനെ ധർമ്മചാരികൾക്കു് വിഘ്നം ഉണ്ടാക്കിയാൽ ലോകത്തിൽ പിന്നെ സത്കർമ്മാനുഷ്ഠാ

സാംഎങ്ങനെ നശിക്കാതെ നിലനില്ക്കും? അതുകൊണ്ടു് അശ്വമേധത്തിൻെറ മുഖ്യാംശമായ ഈ കുതിരയെ തിരിച്ചുതന്നാലും. സന്മാർഗ്ഗപ്രകാശകന്മാരായ മഹാന്മാർ തെററായ വഴിയിൽ നടക്കാറില്ലല്ലൊ"

രഘുവിൻെറ സംഭാഷണം ഇന്ദ്രനെ വിസ്മയഭരിതനാക്കി. അദ്ദേഹം രഥം പിൻതിരിച്ചുകൊണ്ടു് ഇങ്ങനെ മറുപടി പറഞ്ഞു:--

'അല്ലയോ ക്ഷത്രിയകുമാര, നീ പറഞ്ഞതെല്ലാം ശരിതന്നെ. എന്നാൽ എന്നെപ്പോലെയുള്ള യശോധനന്മാൎക്കു് അവരുടെയശസ്സു് ഏതുപ്രകാരത്തിലും രക്ഷിക്കാതെ കഴിയുകയില്ല. "ശതക്രതു" എന്ന ലോകപ്രസിദ്ധമായ എൻെറപെരുമയെ നിശ്ശേഷം അപഹരിക്കുവാനാണു് നിൻെറ അച്ഛൻ ഒരുങ്ങുന്നതു്. അതു് എനിക്കു സമ്മതിക്കാവുന്നതല്ല. ഈ കുതിരയെ തിരിച്ചു വാങ്ങുവാൻ നീ ശ്രമിക്കേണ്ട. സഗരസന്തതികളുടെ മാർഗ്ഗം അവലംബിക്കാതെ നീ മടങ്ങിപ്പോയാലും"

ഇന്ദ്രൻെറ ആ വിഭീഷികയ്ക്കു് നിർഭയനായ രഘുവിൽ ഒരു ചെറുചിരി ഉയൎത്തുവാനേ കഴിഞ്ഞുള്ളു. "ഇതാണു് അവിടത്തെ നിശ്ചയമെങ്കിൽ രഘുവിനെ ജയിക്കാതെ അങ്ങേക്കു് കുതിരയോടുകൂടി മടങ്ങുവാൻ സാദ്ധ്യമല്ല" എന്നായിരുന്നു ആ ക്ഷത്രിയകുമാരൻെറ മറുപടി. തുടൎന്നു അതിഭയങ്കരമായ ഒരു യുദ്ധം ഉണ്ടായി. ഇന്ദ്രൻ ഗത്യന്തരമില്ലാതെ വന്നതിനാൽ വജ്രായുധം തന്നെ രഘുവിൻെറനേരേ പ്രയോഗിച്ചു. അശനിപാതം വക്ഷസ്സിലേററു് സൈനികന്മാരുടെഅശ്രുക്കളോടൊപ്പം

ഭൂമിയിൽ വീണരഘു ഉത്തരക്ഷണത്തിൽ അവരുടെ ഹർഷാരവത്തോടുകൂടി എഴുന്നേററു് വീണ്ടും യുദ്ധം തുടങ്ങി. കോപിഷ്ഠനായ ഇന്ദ്രൻ പ്രസന്നനായിത്തീർന്നു. ആ ക്ഷത്രിയകുമാരൻെറ വീൎയ്യാതിശയം ദേവനായകനെ പുളകം കൊള്ളിച്ചു. ഗുണങ്ങൾ ആരെയും ആകർഷക്കുമല്ലോ. ഇന്ദ്രൻ ഇങ്ങയെ സംഭാഷണം ആരംഭിച്ചു:—

"അല്ലയോ വീര, പൎവ്വതങ്ങളിൽപ്പോലും പാഞ്ഞുകയറുന്ന ഈ വജ്രായുധത്തെ നീ അല്ലാതെ വേറെ ആരും ഇതുവരെ ചെറുത്തുനിന്നിട്ടില്ല. അതുകൊണ്ടു് നിന്നിൽ ഞാൻ പ്രസന്നനായി ത്തീൎന്നിരിക്കുന്നു. ഈ കുതിരയെ ഒഴിച്ചു് ഇഷ്ടമുള്ളതേതും വരിച്ചുകൊള്ളുക."

ഇന്ദ്രൻെറപ്രഭാക്ഷണം രഘുവിനെ സന്തുഷ്ടനാക്കി. അസ്ത്രം പ്രതിസംഹരിച്ചുകൊണ്ടു സ്വതേ പ്രിയംവദനായ രാജകുമാരൻ ഇങ്ങനെപറഞ്ഞു:—

"പ്രഭോ, കുതിരയെ വിട്ടുതരുവാൻ സാദ്ധ്യമല്ല എന്നാണു് അവിടത്തെ തീരുമാനമെങ്കിൽ കർമ്മംഅപൂൎണ്ണമായി അവസാനിപ്പിക്കേണ്ടി വരുന്ന അച്ഛനു് യാഗത്തിൻെറ മുഴുവൻ ഫലവും ലഭിക്കുവാൻ അങ്ങു് അനുഗ്രഹിക്കണം. വിശേഷിച്ചും ഈ വൃത്താന്തം അറിയിക്കുവാൻ ഒരു ദൂതനെ 'അച്ഛൻെറഅടുക്കലേക്കു് അവിടുന്നു തന്നെ അയയ്ക്കുകയും വേണം"

അങ്ങനെതന്നെ എന്നു സമ്മതിച്ചശേഷം ഇന്ദ്രൻ മറഞ്ഞു. രഘുവും നിരുന്മേഷനായിട്ടു് യാഗശാലയിലേക്കുതിരിച്ചു. ഇന്ദ്രദൂതൻവഴി കാൎയ്യങ്ങൾ വിശദമായി ധരിച്ച മഹാരാജാവു് ആനന്ദാശ്രുക്കളോടുകൂടി പുത്രൻെറ

വരവു കാത്തു് നിന്നിരുന്നു. സമീപമെത്തിയ രഘുകുമാരനെ മഹാരാജാവു് സന്തോഷപാരവശ്യത്തോടെ തലോടുകയും അഭിനന്ദിക്കുകയും ചെയ്തു. യാഗക്രിയകൾ യഥാവിധി സമാപിപ്പിച്ചശേഷം ദിലീപൻ യുവാവായ പുത്രനെ രാജാവാക്കി വാഴിച്ചിട്ടു് പത്നിയോടുകൂടി വാനപ്രസ്ഥാശ്രമം സ്വീകരിച്ചു. വാർദ്ധക്യദശയിലെത്തുന്ന ഇക്ഷ്വാകുവംശരാജാക്കന്മാർക്കു് ഈ രീതി ഒരു കുലവ്രതമാണല്ലോ.

## നാലാം അദ്ധ്യായം

## ദിഗ്വിജയം

രാജ്യഭാരം കൈയേറ്റ രഘു ദിനാന്തത്തിലെ ദീപംപോലെ ഉജ്ജ്വലശോഭനായിത്തീർന്നു. രഘുവിന്റെ ഭരണംകൊണ്ടു ഭൂമിക്കു് അഭൂതപൂർവമായ വൈശിഷ്ട്യം ഉണ്ടായി. യുക്തദണ്ഡനായ അദ്ദേഹം നാതിശീതോഷ്ണനായ മലയമാരുതനെപ്പോലെ ജനങ്ങൾക്കു മാനസോല്ലാസകാരിയായിത്തീർന്നു. ഗുണാധികതയാൽ അദ്ദേഹം ജനങ്ങളെക്കൊണ്ടു സ്വപിതാവിനെ വിസ്മരിപ്പിച്ചു. രാജ്യഭരണത്തിൽ നീതിശാസ്ത്രപ്രസിദ്ധങ്ങളായ സന്മാർഗ്ഗങ്ങൾ മാത്രമേ അദ്ദേഹം അനുസരിച്ചുള്ളു. പ്രകൃതിരഞ്ജനത്തിൽ അദ്ദേഹത്തിന്നു് പൂർണ്ണവിജയം

ലഭിച്ചു. കൃത്യാകൃത്യവിവേകത്തിനു പോരുന്ന ശാസ്ത്രവിജ്ഞാനവും അദ്ദേഹത്തിന് ഉണ്ടായിരുന്നു.

ആധിപത്യം ലഭിച്ചതുമുതൽ രഘുവിൻെറ പരിശ്രമം സമുചിതങ്ങളായ നടപടികൾകൊണ്ടു് രാജ്യത്തിനു സുസ്ഥിതി വരുത്തുവാനായിരുന്നു. അതു് വേണ്ടവണ്ണം നിർവഹിച്ചു് അദ്ദേഹം സ്വസ്ഥനായിത്തീൎന്നതോടുകൂടി ശരത്കാലം വന്നുചേൎന്നു. പൊയ്കകളിൽ താമരപ്പൂക്കൾ വിടൎന്നുതുടങ്ങി. അന്തരീക്ഷം കാർമേഘങ്ങൾനീങ്ങിശ്ശുദ്ധമായി. സുദുസ്സഹമായ സൂൎയ്യാതപം രഘു പ്രതാപത്തോടൊത്തു സകല ദിക്കുകളിലും വ്യാപിച്ചു. പ്രസാദസുമുഖനായ രാജാവിലും വിശദപ്രഭനായ ചന്ദ്രനിലും കണ്ണുള്ളവൎക്കെല്ലാം തുല്ല്യമായ പ്രീതിയാണ് ഉണ്ടായതു്. രഘുവിൻെറ യശസ്സ് ലോകമെങ്ങും പരന്നു. കരിമ്പിൻചെടികളുടെ തണലിൽ ഇരുന്നു് നെല്ലുകാക്കുന്ന ഗ്രാമീണബാലികമാർകൂടി രക്ഷകനായ രഘുമഹാരാജാവിൻെറ ഇന്ദ്രജയം തുടങ്ങിയ അപദാനങ്ങളെ കീൎത്തിച്ചു പാടി.

അഗസ്ത്യനക്ഷത്രത്തിൻെറ ഉദയംകൊണ്ടു് ജലാശയങ്ങൾ തെളിഞ്ഞു തുടങ്ങിയെങ്കിലും പ്രതാപിയായ രഘുവിൻെറ ഉദയംകൊണ്ടു് ശത്രുചിത്തങ്ങൾ കലങ്ങിമറിയുകയാണ് ചെയ്തതു്. ശക്തിസമ്പത്തിയെക്കാളും അധികം രഘുവിനു് യുദ്ധയാത്രയ്ക്കു പ്രേരണ നൽകിയതു്. ആ ശരത്കാലംതന്നെആയിരുന്നു. രാജധാനിയേയും രാജ്യാതിൎത്തികളേയും പിൻഭാഗത്തെയും രക്ഷിക്കുവാൻ വേണ്ടഏൎപ്പാടുകൾ ചെയ്തശേഷം അദ്ദേഹം സൈന്യസമേതം ദിഗ്വിജയത്തിനായി പുറപ്പെട്ടു. ഹോമ

കണ്ഠത്തിൽനിന്നുംവലംചുററി ഉയന്നഅഗ്നിജ്വാലഅഖണ്ഡമായ വിജയത്തെ സൂചിപ്പിച്ചു. പൌരാങ്ഗനകൾ മലർ വഷിച്ചു മഹാരാജാവിന് ഉപചാരംചെയ്തു.

ഇന്ദ്രതുല്യനായ രഘുമഹാരാജാവു് ആദ്യം കിഴക്കേ ദിക്കിലേക്കാണു പുറപ്പെട്ടതു്. മാർഗ്ഗമദ്ധ്യസ്ഥിതന്മാരായ രാജാക്കന്മാർ ഓരോരുത്തരായി അദ്ദേഹത്തോടേററു തോററു. പൌരസ്ത്യദേശങ്ങൾ മുഴവൻ ജയിച്ചു കീഴടക്കിക്കൊണ്ടു് അദ്ദേഹം മഹോദധിതീരത്തിൽ എത്തി. കീഴടങ്ങാത്തവരെ മാത്രമേ അദ്ദേഹം നശിപ്പിച്ചിരുന്നുള്ളു. സുഹ്മദേശീയരാജാക്കന്മാർ വൈതസീവൃത്തി അവലംബിച്ച് ആത്മരക്ഷനേടി. എന്നാൽ വംഗദേശീയന്മർ കപ്പൽപ്പടയോടുകൂടി വന്നു് അദ്ദേഹത്തെ എതിർത്തു. യുദ്ധത്തിൽ അവരെ നിശ്ശേഷം തോല്പിക്കുവാൻ രഘുവിനു പ്രയാസം ഉണ്ടായിരുന്നില്ല. ഗംഗാദ്വീപങ്ങളിൽ അദ്ദേഹം വിജയസ്തംഭങ്ങൾ സ്ഥാപിച്ചു. പരാജിതന്മാരും ശരണാർത്ഥികളുമായ രാജാക്കന്മാരെ അവരവരുടെ രാജ്യങ്ങളിൽത്തന്നെ വേണ്ട സ്ഥാനമാനാദികളോടുകൂടി വാഴിച്ചശേഷമാണു് അദ്ദേഹം അവിടെനിന്നും പുറപ്പെട്ടതു്.

രഘു വംഗദേശത്തുനിന്നും കപിശാനദി കടന്നു് കലിങ്ഗരാജ്യത്തേക്കു തിരിച്ചു. ഉത്കലദേശരാജാക്കന്മാർ അദ്ദേഹത്തിനു വഴികാട്ടുവാനും വേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തു. കലിങ്ഗരാജാവുമായി വലിയ യുദ്ധം ഉണ്ടായി. ധർമ്മവിജയിയായ രഘുമഹാരാജാവു് കലിങ്ഗാധിപനെ ബന്ധിച്ചുവെങ്കിലും ഒടുവിൽ മോചിപ്പിക്കുകയും രാജ്യം അദ്ദേഹത്തിനു് തിരിയെ കൊടുക്കുകയും

ചെയ്തു. അനന്തരം രഘു സമുദ്രതീരം വഴി തെക്കൻ ദിക്കുകളിലേക്കു പുറപ്പെട്ടു. ഫലങ്ങൾ നിറഞ്ഞ കമുകിൻ നിരകൾ ഈ യാത്രയിൽ എങ്ങും കാണാമായിരുന്നു. കാവേരീനദി തരണംചെയ്തു തെക്കോട്ടു യാത്രതുടൎന്ന അദ്ദേഹം പിന്നെ മലയാദ്രിപാർശ്വങ്ങളിലാണ് പാളയം അടിച്ചതു്.

പ്രതാപശാലികളായ പാണ്ഡ്യരാജാക്കന്മാർ രഘുവിന് കീഴടങ്ങി. താമ്രവർണ്ണീമുഖത്തിൽ നിന്നും സംഭരിച്ച മുത്തുകൾ കാഴ്ചവച്ച് അവർ അദ്ദേഹത്തിൻെറ പ്രസാദം സമ്പാദിച്ചു. മലയസാനുക്കളിൽ വിശ്രമിച്ച ശേഷം രഘു സഹ്യാദ്രി കടന്ന് കേരളത്തിൽ പ്രവേശിച്ചു. എങ്ങും പരന്നുനിറഞ്ഞ രഘുസൈന്യം കേരളം ഒന്നുകൂടി സമുദ്രമഗ്നമോ എന്ന ശങ്ക ഉളവാക്കി. കേരളാംഗനകൾ ഭയം കൊണ്ട് അലങ്കാരങ്ങൾ കൈവെടിഞ്ഞുവെങ്കിലും ചമൂരേണുക്കൾ അവരിൽ കുങ്കുമാദികളുടെ സ്ഥാനം വഹിച്ചു. കൈതപ്പൂമ്പൊടിയും വഹിച്ചുകൊണ്ടു വീശിയ മുരളാമാരുതൻ രഘുയോധന്മാരുടെ വസ്ത്രങ്ങൾക്ക് നിഷ്പ്രയാസം സൌഗന്ധ്യം ഉളവാക്കി. കരിമ്പനക്കൂട്ടങ്ങളിൽ നിന്നും കാററിൽ പുറപ്പെട്ട മർമ്മരശബ്ദം അശ്വസൈന്യത്തിൻെറ ശബ്ദത്തേയും ജയിച്ചു. പുന്നപ്പൂക്കളിൽനിന്നും വണ്ടുകൾ പറന്നു മദയാനകളുടെഗണ്ഡതലങ്ങളിൽ ചെന്നുപാറി കേരളരാജാക്കന്മാർ ഒന്നാകെ കീഴടങ്ങി രഘുവിന് കപ്പം കൊടുത്തു.

കേരളത്തിൽനിന്നും രഘു കരവഴി പാരസീകന്മാരെ ജയിക്കാൻ പുറപ്പെട്ടു. അശ്വസൈന്യന്മാരായ

യവനന്മാരുമായി ഉണ്ടായ യുദ്ധം അതിഭയങ്കരമായിരുന്നു. യവനസൈന്യം നിശ്ശേഷം നശിക്കപ്പെട്ടു. ശേഷിച്ചവർ നഗ്നശിരസ്സുകളായി വന്നു് രഘുവിനെ ശരണം പ്രാപിച്ചു. അദ്ദേഹം അവൎക്കു് അഭയം കൊടുത്തു. മഹാത്മാക്കളുടെ കോപത്തിനു് പ്രതീകാരം നമസ്കാരം മാത്രമാണെന്നു പ്രസിദ്ധമാണല്ലോ. വിജയോത്സവത്തോടുകൂടി രഘു അവിടെനിന്നും ഉത്തരദിക്കിലേക്കു തിരിച്ചു. സിന്ധുതീരങ്ങളിൽ വിശ്രമിച്ചശേഷം അദ്ദേഹം ഹൂണന്മാരെ എതിൎത്തു തോല്പിച്ചു. വലിയ ഗജസൈന്യത്തോടുകൂടി വന്ന കാംബോജന്മാരും യുദ്ധത്തിൽ തോററു കീഴടങ്ങി. അവരിൽ നിന്നും അസംഖ്യം നല്ല കുതിരകളും രത്നരാശികളും രഘുവിനു കപ്പമായി ലഭിച്ചു. അവിടെനിന്നും അദ്ദേഹം നേരെ ഹിമാലയത്തിലേക്കു പുറപ്പെട്ടു. സിംഹപൂർണ്ണങ്ങളായ വനങ്ങളിൽകൂടി അദ്ദേഹം നിർഭയം യാത്ര തുടൎന്നു. ഗംഗാസീകരങ്ങളും വഹിച്ചുകൊണ്ടു വീശിയ മന്ദമാരുതൻ രഘുമഹാരാജാവിനു അകമ്പടി സേവിച്ചു. നമേരുവൃക്ഷങ്ങളുടെ തണലുകളിൽ ഉള്ള സുരഭിലങ്ങളായ ശിലാതലങ്ങളിൽ രഘുവിൻെറ സൈനികന്മാൎക്കു പരിപൂർണ്ണവിശ്രമം ലഭിച്ചു. രാത്രികാലങ്ങളിൽ വിളക്കുകളുടെ സ്ഥാനം വഹിച്ചതു് ഒരിനം ചെടികളായിരുന്നു. പൎവ്വതവർഗ്ഗക്കാരുമായി രഘു അതിഭയങ്കരമായ യുദ്ധത്തിൽ ഏർപ്പെട്ടു ജയം നേടി. ഗാനകലാകോവിദന്മാരായ കിന്നരവർഗ്ഗക്കാരെ അദ്ദേഹം തോല്പിച്ചു എന്നു മാത്രമല്ല അവരെക്കൊണ്ടു് സ്വചരിതം ഗാനംചെയ്യിക്കുകൂടി ചെയ്തു. അവർ കാഴ്ച ദ്രവ്യങ്ങളുമായി

വന്നു് രഘുവിനെ ഉപചരിച്ചു. കൈലാസശൈലത്തെ ജയിക്കുന്ന യശസ്സോടുകൂടിയാണു് അദ്ദേഹം ഹിമാലയം വിട്ടുപോന്നതു്. അനന്തരം അദ്ദേഹം ലൌഹിത്യാനദികടന്നു് പ്രാഗ് ജ്യോതിഷത്തിൽ എത്തി. അവിടത്തെ രാജാവു് നിഷ്പ്രയാസം തോല്പിക്കപ്പെട്ടു. കാമരൂപത്തിൽ വന്നപ്പോൾ രഘുമഹാരാജാവിൻെറ പാദങ്ങളിൽ അവിടത്തെ രാജാവു് രത്നപുഷ്പങ്ങൾ വർഷിച്ചു പൂജിച്ചു.

ഇങ്ങനെ ദിഗ്വിജയം നടത്തിയശേഷം രഘുചക്രവർത്തി അനേകം സാമന്തരാജാക്കന്മാരോടും അസംഖ്യം രത്നങ്ങളോടുംകൂടി അയോദ്ധ്യയിൽ മടങ്ങിയെത്തി. അനന്തരം അദ്ദേഹം വിശ്വജിത്തു് എന്നൊരു യാഗം നടത്തി. സർവ്വസ്വവും ദാനം ചെയ്യുക എന്നതായിരുന്നു ആ യാഗത്തിൻെറ സ്വഭാവം. സജ്ജനങ്ങൾ മേഘങ്ങളെപ്പോലെ സമ്പാദിക്കുന്നതു് ദാനം ചെയ്യുന്നതിനുവേണ്ടിയാണല്ലോ. യാഗം അവസാനിച്ചപ്പോൾ ചക്രവർത്തി ദിഗ്വിജയത്തിൽ തോല്പിച്ചു് കൂടെ കൊണ്ടുവന്നിരുന്ന എല്ലാ രാജാക്കന്മാരെയും ധനമാനാദികൾകൊണ്ടു് സന്തോഷിപ്പിച്ചു് അവരവരുടെ രാജധാനിയിലേക്കു അയച്ചു. അവർ സാർവ്വഭൗമനായ രഘുവിൻെറ പാദപത്മങ്ങളിൽ നമസ്കരിച്ചശേഷം തിരിച്ചുപോയി.

# അഞ്ചാം അദ്ധ്യായം

## അജൻ

യാഗത്തിൽ സകലതും ദാനംചെയ്തയാൽ രഘുമഹാരാജാവു് ധനശൂന്യനായിത്തീൎന്നുപോയി. അക്കാലത്തു് വരതന്തു മഹൎഷിയുടെ ശിഷ്യനായ കൗത്സൻ ഗുരുദക്ഷിണയ്ക്കു വേണ്ട ധനം ചോദിച്ചു വാങ്ങുന്നതിനായി അവിടെ വന്നുചേൎന്നു. മഹാരാജാവു് ആ മഹൎഷിയെ എതിരേററു് വഴിപോലെ പൂജിച്ചു. എന്നാൽ പൂജാദ്രവ്യങ്ങൾ വയ്ക്കുവാൻ മൺപാത്രങ്ങൾ ഉപയോഗിക്കുവാനേ അദ്ദേഹത്തിനു കഴിഞ്ഞുള്ളു. പൂജയ്ക്കുശേഷം കൃതജ്ഞനായ മഹാരാജാവു് ഇങ്ങനെ മഹൎഷിയോടു് വിനയപൂൎവ്വം ചോദിച്ചു:—

"മഹാത്മൻ, മന്ത്രകൃത്തുക്കളിൽ അഗ്രഗണ്യനും സൎവ്വജ്ഞനുംആയ വരതന്തുമഹൎഷിക്കു ക്ഷേമമാണല്ലോ? അദ്ദേഹത്തിൻെറ ശിഷ്യത്വം വഹിച്ചു് വിദ്യകൾ മുഴുവൻ അഭ്യസിക്കുവാൻ കഴിഞ്ഞ അങ്ങു് ധന്യൻതന്നെ. മഹൎഷിയുടെ തപസ്സു് നിൎവിഘ്നം നടക്കുന്നുണ്ടല്ലോ? ആശ്രമവൃക്ഷങ്ങൾ വളൎത്തുമൃഗങ്ങൾ ഇവയെല്ലാം ഉപദ്രവം ഒന്നും കൂടാതെ പുലരുന്നുവോ? സ്നാനപാനാദികൾക്കുള്ളജലാശയങ്ങൾ ആഹാരത്തിനുള്ള ധാന്യങ്ങൾ ഇവയ്ക്കും തകരാറൊന്നുമില്ലല്ലോ? വിദ്യാഭ്യാസം പൂൎത്തിയാക്കിയ അങ്ങേക്കു സൎവ്വോപകാരക്ഷമമായ രണ്ടാം

ആശ്രമം സ്വീകരിക്കുവാൻ ഗുരു അനുജ്ഞ തന്നുകഴി ഞ്ഞുവോ? പൂജ്യനായ അങ്ങയുടെ ഈ വരവുതന്നെ എനിക്കു വളരെ സംതൃപ്തി ഉണ്ടാക്കിയിട്ടുണ്ട്. എന്നാലും അങ്ങയുടെ ഒരു നിയോഗം അനുഷ്ഠിച്ച് കൃതാർത്ഥത നേടുവാൻ ഞാൻ ആഗ്രഹിക്കുന്നു, വനത്തിൽ നിന്നു വളരെ ക്ലേശങ്ങൾ സഹിച്ചു അങ്ങ് എന്നെ അനുഗ്രഹിക്കുവാൻ ഇവിടെ വന്നുചേർന്നതു് ഗുരുവിൻെറ ആജ്ഞ അനുസരിച്ചോ സ്വയമായിട്ടോ?

മഹാരാജാവിൻെറ ഔദാര്യപൂർണ്ണമായ വചനം കൗത്സമഹർഷിയെ വളരെ സന്തോഷിപ്പിച്ചു. എന്നാൽ അർഘപാത്രദർശനം കൊണ്ടു് വസ്തുസ്ഥിതി ഏതാണ്ടു് ഊഹിക്കുവാൻ കഴിഞ്ഞ അദ്ദേഹത്തിനു സ്വന്തം കാര്യത്തെക്കുറിച്ചു് നിരാശയാണു് ഉണ്ടായതു്. രാജാവിൻെറ കുശലപ്രശ്നത്തിനു അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു:––

"മഹാരാജാവേ, ഞങ്ങൾക്കു് ഇപ്പോൾ എല്ലാ അംശങ്ങളിലും ക്ഷേമംതന്നെ, മഹാനായ അങ്ങു് നാഥനായിരിക്കുമ്പോൾ പ്രജകൾക്കു് എങ്ങനെ അശുഭംവരും? സൂര്യൻ പ്രകാശിച്ചുകൊണ്ടിരിക്കുമ്പോൾ ലോകക്കു് ഇരുട്ടിൻെറ ഉപദ്രവം ഉണ്ടാകാറില്ലല്ലോ. പൂജ്യന്മാരിൽ ഭക്തി അങ്ങയുടെ കുലത്തിൽ ഉള്ളവക്കു് സഹജമാണു്. മഹാഭാഗനായ അങ്ങു് അക്കാര്യത്തിൽ പൂർവ്വികന്മാരെ അതിശയിക്കുന്നു എന്നുതന്നെ പറയാം. എന്നാൽ അനുചിതകാലത്തിൽ അങ്ങയുടെ അടുക്കൽ ഒരു അർത്ഥിയായി വരാൻ ഇടയായതിൽ ഞാൻ ദുഃഖിക്കുന്നു. സത്പാത്രങ്ങളിൽ സർവ്വസ്വവും ദാനംചെയ്തു് ശരീരമാത്രനായി സ്ഥിതി

ചെയ്യുന്ന അങ്ങ് കലാവശേഷനായിത്തീൎന്ന ചന്ദ്രനെപ്പോലെ കൂടുതൽ ശ്ലാഘ്യനായിരിക്കുന്നു. ഗുരുദക്ഷിണയ്ക്കു വേണ്ട ധനം യാചിച്ചു വാങ്ങുവാനാണ് ഞാൻ ഇവിടെ വന്നതു്. വേറെ എവിടെയെങ്കിലും പോയി ആ കാര്യം നിർവഹിച്ചുകൊള്ളാം. അങ്ങയുടെ താത്കാലികസ്ഥിതി ആലോചിച്ച് ഞാൻ അങ്ങനെ ചെയ്യുകയാണ്. വർഷംകൊണ്ട് ജലശൂന്യനായിത്തീർന്നുപോയ ശരത്കാലമേഘത്തോട് ചാതകം യാചിക്കാറില്ലല്ലോ. അങ്ങേക്കു മംഗളം ഭവിയ്ക്കട്ടെ'

ഇത്രയും പറഞ്ഞശേഷം ആ മഹർഷിശിഷ്യൻ തിരിച്ചുപോകുവാൻ ആരംഭിച്ചു. എന്നാൽ രാജാവു് അദ്ദേഹത്തെ തടഞ്ഞു. ഗുരുദക്ഷിണ കൊടുക്കുവാൻ എത്രത്തോളം ധനം വേണ്ടിവരുമെന്ന് അറിയുവാൻ രാജാവു് കൌതുകം പ്രകടിപ്പിച്ചു, മഹത്മാവായ ആ രാജഷിയുടെ ജിജ്ഞാസയ്ക്കു കൗത്സൻ വിധേയനായി. അദ്ദേഹം കഥ തുടർന്നു:—

"വിദ്യകൾ മുഴുവൻ പഠിച്ചശേഷം ദക്ഷിണയായി എന്താ വേണ്ടതു് എന്നു ഞാൻ ഗുരുവിനോടു ചോദിച്ചു "നിൻെറ അഖണ്ഡമായ ഭക്തിയെത്തന്നെ ഞാൻ ദക്ഷിണയായി കരുതുന്നു" എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. അതുകൊണ്ടു് തൃപ്തനാകാതെ ഞാൻ ദക്ഷിണയെക്കുറിച്ചുള്ള ചോദ്യം ആവർത്തിച്ചു. എൻെറ നിർബ്ബന്ധം മഹർഷിയെ കോപിഷ്ഠനാക്കി. എൻെറ ധനമില്ലായ്മയെ ഗണിക്കാതെ പഠിപ്പിച്ച വിദ്യകളുടെ എണ്ണമനുസരിച്ചു പതിന്നാലു കോടി ധനം കൊണ്ടുവരുവാൻ അദ്ദേഹം

ആജ്ഞാപിച്ചിരിക്കുന്നു. അതു സമ്പാദിക്കുവാനാണ് എന്റെ പുറപ്പാട്. അതിഥിപൂജയ്ക്കു് ഉപയോഗിച്ച പാത്രങ്ങൾകൊണ്ടുതന്നെ അങ്ങയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് ഞാൻ ഗ്രഹിച്ചിരിക്കുന്നു. എനിക്കു ആവശ്യമായ ധനമോ അത്യധികം. അതുകൊണ്ടു് അങ്ങയെ ഉപദ്രവിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല."

ശുദ്ധാത്മാവായ ആ ബ്രഹ്മചാരിയുടെ ആത്മകഥാകഥനം മഹാരാജാവിന്റെ അഭിമാനബോധത്തെ പതിന്മടങ്ങു ഉജ്ജ്വലിപ്പിച്ചു. അദ്ദേഹം ഇങ്ങനെപറഞ്ഞു:-

"ശ്രുതപാരദൃശ്വാവായ ഒരു മഹാൻ ഗുരുദക്ഷിണയ്ക്കുവേണ്ട ധനം യാചിക്കുവാനായി രഘുവിനെ സമീപിച്ചിട്ട് കാര്യം സാധിക്കാതെ മറ്റൊരു ദാതാവിന്റെ അടുക്കൽ പോയി എന്നൊരുപുതിയ അപവാദം ഉണ്ടാകാൻ പാടില്ല. അങ്ങ് സദയം എന്റെ ഈ അഗ്നിഗൃഹത്തിൽ രണ്ടു മൂന്നു ദിവസം താമസിക്കണം. അതിനുള്ളിൽ അഭീഷ്ടം സാധിച്ചുതരുവാൻ ഞാൻ ശ്രമിക്കാം."

കൗത്സൻ അങ്ങനെ സമ്മതിച്ച് അവിടെ താമസമായി. രാജാവിന്റെ മനസ്സ് ധനസമ്പാദനമാർഗ്ഗങ്ങളെ ആരാഞ്ഞു സഞ്ചരിച്ചു തുടങ്ങി. ദിഗ്‌വിജയംമൂലം ആത്തസാരമായിരിക്കുന്ന ഭൂമിയിൽ നിന്ന് ഈ ധനം സമ്പാദിക്കുവാൻ സാദ്ധ്യമല്ലെന്നു് സ്പഷ്ടമായിരുന്നു. അതുകൊണ്ടു് ധനപതിയായ കുബേരനെത്തന്നെ ആക്രമിക്കുവാൻ അദ്ദേഹം ഉറച്ചു. സ്വർഗ്ഗാവരെ രഥത്തിൽ പോകുവാൻ

കഴിവുള്ള അദ്ദേഹത്തിന അളകാപുരിയെ രോധിക്കുക എന്നതു് ക്ഷിപ്രസാദ്ധ്യമായിരുന്നു എന്നാൽ കൈലാസത്തേക്കു രാവിലെ യാത്ര പോകുവാൽ ഒരുങ്ങിയ അദ്ദേഹത്തെ ഭണ്ഡാരം സൂക്ഷിപ്പുകാർ വന്നു് അവിടെ ഒരു സ്വവർണ്ണവൃഷ്ടി ഉണ്ടായതായി അറിയിച്ചു. തൻെറ നേരെ രാഘ യുദ്ധത്തിന വരാൻ തയ്യാറാകുന്നു എന്നറിഞ്ഞു കുബേരൻ ആത്മരക്ഷയെക്കരുതി ചെയ്ത പ്രവൃത്തിയായിരുന്നു അതു്. രാജാവു് ആ ധനം മുഴുവൻ കൗത്സമഹർഷിക്കു് ദാനം ചെയ്തു. എന്നാൽ ഗുരുദക്ഷിണ കൊടുക്കുവാൻ ആവശ്യമുള്ളതിൽ കവിഞ്ഞ ധനം വേണമെന്നു് അദ്ദേഹത്തിനു് ആഗ്രഹം ഉണ്ടായിരുന്നില്ല. രാജാവിൻെറ നിർബ്ബന്ധം കൊണ്ടു് ധനം മുഴുവനും അദ്ദേഹത്തിന സ്വീകരിക്കേണ്ടിവന്നു. ധനഭാണ്ഡങ്ങളും വാഹനങ്ങളിൽ കയററിക്കൊണ്ടു് പുറപ്പെട്ട മഹർഷി വിനയനമ്രനായി നിന്ന മഹാരാജാവിനെ തലോടിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു:—

"ധർമ്മിഷ്ഠന്മാരായ രാജാക്കന്മാൎക്കു ഭൂമി അഭീഷ്ടദാത്രിയായിത്തീരുന്നതിൽ അത്ഭുതത്തിനു് അവകാശമില്ല. അഭീഷ്ടം നല്കുമാറു സ്വർഗ്ഗത്തെക്കൂടി വിധേയമാക്കി വച്ചിരിക്കുന്ന അങ്ങയുടെ പ്രഭാവം അചിന്തനീയമായിരിക്കുന്നു. സകല ശ്രേയസ്സുകളും സ്വാധീനമാക്കി വിജയിച്ചരുളുന്ന അങ്ങേക്കു് ശ്രേയസ്സുണ്ടാകട്ടെ എന്നു് ആശംസിക്കുന്നതു ആവശ്യമില്ലാത്തതാണു്. ഭവാൻെറ പിതാവിനു് ഭവാൻ എന്നപോലെ ആത്മഗുണാനുരൂപനായ ഒരു പുത്രൻ അങ്ങേക്കു ഉണ്ടാകട്ടെ."

ഇങ്ങനെ ആശീർവ്വദിച്ചശേഷം മഹർഷി ഗുരുവി ന്റെ അടുക്കലേക്കു പോയി. ആ മഹാത്മാവിന്റെ അനുഗ്രഹം അചിരേണ ഫലിച്ചു. മഹാരാജാവിന് ഒരു പുത്രൻ ജനിച്ചു. കുമാരവിക്രമനായ രാജകുമാരൻ ബ്രാഹ്മമുഹൂർത്തത്തിലാണ് ജനിച്ചത്. അതുകൊണ്ട് പിതാവ് പുത്രന് "അജൻ" എന്ന ബ്രഹ്മസംജ്ഞകൊണ്ടു തന്നെ നാമകരണം ചെയ്തു. പൈതൃകങ്ങളായ രൂപവീര്യാദികളോടുകൂടി വളർന്നുവന്ന ആ കുമാരൻ ദീപത്തിൽനിന്നു കത്തിച്ച ദീപംപോലെ ജന്മകാരണമായ പിതാവിൽനിന്നും ഒട്ടും ഭിന്നനായിരുന്നില്ല. ഗുരുക്കന്മാരിൽനിന്നും യഥാവിധി വിദ്യകൾ അഭ്യസിച്ച അജൻ യൗവനപ്രാപ്തിയോടുകൂടി യൗവരാജ്യത്തിനും അർഹനായിത്തീർന്നു.

അക്കാലത്ത് വിദർഭദേശാധിപനായ ഭോജരാജാവു സ്വസഹോദരിയായ ഇന്ദുമതിയുടെ സ്വയംവരമഹോത്സവത്തിൽ പങ്കുകൊള്ളുവാൻ രാജകുമാരനെ അയയ്ക്കണമെന്ന് അപേക്ഷിച്ചുകൊണ്ടു രഘുമഹാരാജാവിന്റെ അടുക്കൽ ദൂതന്മാരെ അയച്ചു. ഭോജനുമായുള്ള വേഴ്ച കാമ്യമായതുകൊണ്ടും പുത്രൻ വിവാഹത്തിനു അനുരൂപമായ വയസ്സിൽ എത്തിയിരുന്നതുകൊണ്ടും അദ്ദേഹം ആ ക്ഷണം സ്വീകരിച്ചു. ഒരു ശുഭമുഹൂർത്തത്തിൽ അജരാജകുമാരൻ ഭോജരാജധാനിയിലേക്കു യാത്രയായി. വഴിയിൽ എല്ലായിടത്തും ജനങ്ങൾ അർപ്പിച്ച ഉപചാരങ്ങൾകൊണ്ടു രാജകുമാരന്റെ യാത്ര ഉല്ലാസഭരിതമായിരുന്നു. വളരെ ദൂരം വഴി പിന്നിട്ടശേഷം അജൻ നർമ്മദാതീരത്തിൽ സേനാനിവേശം ചെയ്തു വിശ്രമിച്ചു.

HOSPITAL JUNCTION
MUKKOLA VENGANOOR P.O.
Reg: No:



ശീകരാർദ്രമായ നർമ്മദാമാരുതനിൽ നൎത്തനംചെയ്തു നിന്ന കരഞ്ജകവൃക്ഷങ്ങൾകൊണ്ടു നിറഞ്ഞ അവിടം അത്യന്തം സുഖകരമായിരുന്നു. എന്നാൽ ആ സുഖസ്ഥിതി നീണ്ടുനിന്നില്ല. ആകസ്മികമായ ഒരു സംഭവം ആ അന്തരീക്ഷത്തെ കലുഷമാക്കി. നദിയിൽ ദൂരെ ഒരു ഭാഗത്തു് വെള്ളത്തിനു മുകളിൽ വണ്ടിൻകൂട്ടം ചുഴന്നു പറന്നുകൊണ്ടിരുന്നു. അനന്തരക്ഷണത്തിൽ ആ സ്ഥാനത്തുനിന്നും ഉഗ്രനായ ഒരു കാട്ടാന പൊന്തിവന്നു. തടിച്ചു നീണ്ടതും അഗ്രം വളഞ്ഞതും നീലരേഖകൾ കലൎന്നതുമായ കൊമ്പുകൾ അതിന്റെ ഭയങ്കരതയെ വർദ്ധിപ്പിച്ചു. തുമ്പിക്കൈയ് വീശി തിരമാലകളെ മുറിച്ചു ശബ്ദമുയൎത്തിക്കൊണ്ടു് അതു നേരേ കരയിലേക്കുവന്നു. പൎവ്വതസമാനനായ ആ ഗജം പായൽകൂട്ടത്തോടുകൂടി മുന്നോട്ടു വരുന്തോറും നദീപ്രവാഹം കരയെ അതിക്രമിച്ചുതുടങ്ങി. നാട്ടാനകളുടെ ദർശനം ആ കാട്ടാനയെ അരിശംകൊള്ളിച്ചു. അതിന്റെ ഗണ്ഡതലങ്ങളിൽ നിന്നും മദജലം പുറപ്പെട്ടുധാരധാരയായിഒഴുകി. ഇത്രയുമായപ്പോൾ ആ സേനാനിവേശം സങ്കലമായിത്തീൎന്നു. സേനാഗജേന്ദ്രന്മാർ ആ മദഗന്ധംഏററു വിരണ്ടോടുവാൻ ഭാവമായി. ആനക്കാരുടെനിയന്ത്രണത്തിനും അവയെ സാന്ത്വനപ്പെടുത്തുവാൻ കഴിഞ്ഞില്ല. കുതിരകളും കെട്ടുകൾ പൊട്ടിച്ചു് ഓട്ടത്തിനു സന്നദ്ധരായി. രഥങ്ങൾ ചാടുകൾ ഒടിഞ്ഞു നിലംപതിച്ചുതുടങ്ങി. സ്ത്രീകളെ രക്ഷിക്കുവാൻ ഒരുകൂട്ടം യോധന്മാർ പ്രത്യേകം ഒരുങ്ങിനിന്നു. രാജകുമാരൻ ആ മത്തഗജത്തെ എതിൎക്കുവാൻ സന്നദ്ധനായി മുൻപോട്ടു

വന്നു. രാജാക്കന്മാർ കാട്ടാനയെ കൊല്ലരുതു് എന്നാണ ല്ലോവിധി. അതുകൊണ്ടു് അജൻ നേരിട്ടുവരുന്ന കൊമ്പ നെ പിൻതിരിപ്പിക്കണമെന്നുമാത്രം കരുതി അതിൻെറ മസ്തകത്തിൽ ഒരു വിശിഖം പ്രയോഗിച്ചു. ശരം കൊണ്ട മാത്രയിൽ ആ ആന സൗന്ദര്യപ്രഭാപൂരം ചൊരിയുന്ന ഒരു ദിവ്യരൂപം കൈക്കൊണ്ടു് ആകാശത്തിലേക്കു ഉയ ന്നു. അനന്തരം ഹാരകുണ്ഡലകിരീടോജ്ജ്വലനായ ഒരു പുരുഷൻ രാജകുമാരനെസമീപിച്ചു് കല്പകത്തുമലർകൊ ണ്ടു് അദ്ദേഹത്തെഅഭിഷേകം കഴിച്ചശേഷം വൈദഗ്ദ്ധ്യ പൂർവ്വം ഇങ്ങനെ സംഭാഷണമാരംഭിച്ചു:—

"അല്ലയോരാജകുമാര, ഞാൻപ്രിയദർശനൻഎന്നു പ്രസിദ്ധനായ ഗന്ധർവ്വരാജാവിൻെറ പുത്രനാണു്. പ്രിയംവദൻ എന്നാണു് എൻെറ പേരു്. അഹങ്കാരം മൂലം ഞാൻ മതങ്ഗമഹർഷിയുടെ കോപത്തിനു വിധേയ നായിപ്പോയി. അദ്ദേഹം എന്നെ ഒരു മത്തഗജമായി ട്ടാകട്ടെ എന്നു ശപിച്ചു് ശാപോക്തികേട്ടു പരിഭ്രാന്ത നായിത്തീർന്ന ഞാൻ മഹർഷിയെ പലവുരു നമസ്കരിച്ചും അപേക്ഷിച്ചും ശാന്തനാക്കി. വെയിലിൻെറയും അഗ്നിയു ടെയുംസംസർഗ്ഗംകൊണ്ടു് ചൂടുള്ളതാകുമെങ്കിലും വെള്ളം സ്വതേ തണുത്തതാണല്ലോ. "സൂര്യകുലജാതനായ അജ രാജകുമാരൻ ബാണം പ്രയോഗിച്ചു നിൻെറ തലപിളക്കു മ്പോൾ നിനക്കു ശാപമോക്ഷം ലഭിക്കും." എന്നു് ആ ദയാനിധി അരുളിച്ചെയ്തു. ശാപാഭിഭൂതനായഞാൻ വളരെക്കാലമായി അങ്ങയുടെദർശനമുണ്ടാകണം എന്നുപ്രാ ർത്ഥിച്ചുകൊണ്ടുസഞ്ചരിക്കുകയാണു്. ഇന്നു് ബലവാനായ

അങ്ങയുടെ കൈയ്കൊണ്ടു് എനിക്കു ശാപമോചനം ലഭിച്ചിരിക്കുന്നു. അങ്ങേക്കു് എന്തെങ്കിലും പ്രത്യുപകാരം ചെയ്യണമെന്നു് എനിക്കു് ആഗ്രഹമുണ്ടു്. അങ്ങനെ ചെയ്യില്ലെങ്കിൽ എൻെറ ഈ സ്വസ്ഥാനപ്രാപ്തി നിഷ്ഫലമായിത്തീരും. സമ്മോഹനം എന്ന പ്രസിദ്ധമായ ഒരു അസ്ത്രം എൻെറ അധീനതയിലുണ്ടു. അതിനെ പ്രയോഗിക്കാനും സംഹരിക്കാനുമുള്ള മന്ത്രത്തോടു കൂടി ഞാൻ അങ്ങേക്കു തരാം. അവിടുന്നു ദയാപൂർവം അതു് സ്വീകരിക്കണം. അതിൻെറ പ്രയോക്താവിനു ശത്രുഹിംസ ഉണ്ടാകയില്ലെന്നു മാത്രമല്ല യുദ്ധത്തിൽ വിജയവും കരഗതമാണു്. ശസ്ത്രം പ്രയോഗിച്ചു് അങ്ങു് എന്നെ ഉപദ്രവിച്ചല്ലോ എന്നു കരുതി ലജ്ജിക്കേണ്ട. ആ സമയത്തും അങ്ങു് എന്നിൽ ദയാപരയായിരുന്നു എന്നു് എനിക്കു് അറിയാം. അതുകൊണ്ടു എൻെറ അഭ്യർഥനയെ അങ്ങു് ഉപേക്ഷിക്കരുതു്."

രാജകുമാരൻ പ്രിയംവദൻെറ പ്രാർഥന സ്വീകരിച്ചു. അസ്തുവിത്തായ അദ്ദേഹം നർമ്മദയിലിറങ്ങി ആചമനം നടത്തിവന്നതിനുശേഷം ഉദങ്മുഖനായി നിന്നു് ഗന്ധർവ്വനിൽനിന്നും അസ്ത്രമന്ത്രം ഗ്രഹിച്ചു. അനന്തരം വഴിയിൽവച്ചു് ദൈവവശാൽ സഖാക്കളായിത്തീർന്ന അവരിലൊരാൾ ചൈത്രരഥത്തിലേക്കും അപരൻ വിദർഭരാജ്യത്തിലേക്കും പോയി.

അജരാജകുമാരൻ നഗരോപകണ്ഠത്തിൽ എത്തിയിരിക്കുന്നു എന്ന വാർത്ത വിദർഭേന്ദ്രനെ വളരെ സന്തോഷിപ്പിച്ചു. അദ്ദേഹം ആദരപൂർവം വന്നു് രാജകുമാരനെ

എതിരേററു രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അജൻ ഗൃഹേശനെന്നും വിദർഭാധിപൻ ആഗന്തുകനെന്നും ആളുകൾ തെററിദ്ധരിക്കുമാറുള്ള പെരുമാററങ്ങളായിരുന്നു ആ ഉപചാരത്തിൽ ഉണ്ടായിരുന്നതു്. ഒരു മനോഹരമായ രാജഭവനത്തിൽ അജൻ വാസമുറപ്പിച്ചു. വിദർഭാധിപൻെറ അധികാരപുരുഷന്മാർ നമ്രശിരസ്കരും ആജ്ഞാകാരികളുമായി അദ്ദേഹത്തെ സേവിച്ചുനിന്നു.

നേരം സന്ധ്യയായി. രാജധാനി സ്വയംവരത്തിനായി വന്നുചേർന്ന രാജാക്കന്മാരെക്കൊണ്ടു നിറഞ്ഞുകഴിഞ്ഞു. ദിനാന്തകൃത്യങ്ങളും ഭക്ഷണവും കഴിച്ചു് അജൻ നിദ്രയ്ക്കു് ആരംഭിച്ചു. എന്നാൽ വളരെനേരം കഴിഞ്ഞതിനുശേഷമേ നിദ്രാദേവി അദ്ദേഹത്തെ കടാക്ഷിച്ചുള്ളൂ. ഇന്ദുമതി ചിന്തയായിരുന്നു രാജകുമാരനു നിദ്രാഭംഗം ഉണ്ടാക്കിയതു്.

പ്രഭാതകാലം സമീപിച്ചു. ബന്ദിപുത്രന്മാർ രാജകുമാരനെ ഉണർത്താൻ സ്തുതിഗീതങ്ങൾ പൊഴിച്ചുതുടങ്ങി. പുലർകാലവായു സൗരഭ്യപൂർണ്ണമായി മന്ദംമന്ദം വീശി. താമരപ്പൂക്കൾക്കൊപ്പം രാജകുമാരൻെറ കണ്ണുകളും വിടർന്നുവിളങ്ങി. മഞ്ഞുനീർത്തുള്ളികൾ കലർന്ന ചെന്തളിരുകൾ രാജകുമാരൻെറ പുഞ്ചിരിപുരണ്ട താമ്രാധരം പോലെ ശോഭിച്ചു. തത്തകൾ കൂടുകളിലിരുന്നു് സ്തുതിപാഠകന്മാരുടെ മൊഴികളെ ഏററുപാടി. ഉണർന്നെഴുന്നേററ രാജകുമാരൻ പ്രാഭാതികകൃത്യങ്ങൾ യഥാവിധി നിർവ്വഹിച്ചശേഷം ഉചിതങ്ങളായ വേഷഭൂഷകൾ അണിഞ്ഞുകൊണ്ടു് സ്വയംവരമണ്ഡപത്തിലേക്കു പോയി.

## ആറാം അദ്ധ്യായം

# ഇന്ദുമതീസ്വയംവരം

അജൻ സ്വയംവരമണ്ഡപത്തിൽ പ്രവേശിച്ചു. അവിടെ മനോജ്ഞങ്ങളായ വേഷവിധാനങ്ങളോടുകൂടിയ അനേകം രാജാക്കന്മാർ മണിമഞ്ചങ്ങളിൽ സിംഹാസനങ്ങളിൽ ഉപവിഷ്ടരായിരുന്നു. കാമസുന്ദരനായ അജകുമാരനെ കണ്ടക്ഷണത്തിൽ അവരിൽനിന്നും ഇന്ദുമതിയെ ലഭിക്കുമെന്നുള്ള ആശ വിട്ടുപിരിഞ്ഞുപോയി. ഭോജമഹാരാജാവ് അജനെ സ്വീകരിച്ച് ഒരു മഞ്ചത്തിൽ രത്നസിംഹാസനത്തിൽ ഇരുത്തി. സ്വയംവരസദസ്സിൽ സന്നിഹിതരായിരുന്ന സകലരുടേയും കണ്ണുകൾക്കു ഏകലക്ഷ്യം അജകുമാരനായിത്തീൎന്നു.

സ്വയംവരമുഹൂൎത്തം സമാഗതമായി. വന്ദികളുടെ സ്തുതിഗീതങ്ങളോടൊത്തു മംഗളവാദ്യങ്ങൾ മുഴങ്ങിത്തുടങ്ങി. വിവാഹവേഷമണിഞ്ഞ കന്യക ഒരു ശിബികയിലേറി സ്വയംവരവേദിയിൽ വന്നുചേൎന്നു. സൗന്ദൎയ്യനികേതനമായ രാജകന്യകയെ കണ്ടമാത്രയിൽ ആ രാജലോകം വികാരഭരിതമായിത്തീൎന്നുപോയി. അവരുടെ കണ്ണും കരളും രാജകുമാരിയാൽ ആകൎഷിക്കപ്പെട്ടു. കാമുകസാധാരണങ്ങളായ ചേഷ്ടകൾക്കും അവർ വശംവദരായി. സന്നിഹിതന്മാരായ രാജാക്കന്മാരുടെ വംശചരിത്രങ്ങൾ നല്ലതുപോലെ അറിയുന്നവളും സ്വതേ സമൎത്ഥയുമായ

നന്ദയായിരുന്ന രാജകുമാരിയെ നയിച്ചത്. രാജകുമാരി യുടെ ശിബികാ മഞ്ചമദ്ധ്യത്തിലുള്ള മാർഗ്ഗത്തിൽക്കൂടി മന്ദം മന്ദം മുമ്പോട്ടുവന്നു. മഗധം, അംഗം, അവന്തി, അനൂപം, ശൂരസേനം, കലിംഗം, പാണ്ഡ്യം എന്നീ രാജ്യങ്ങളിലെ രാജാക്കന്മാർ ആ മഞ്ചങ്ങളിൽ യഥാ ക്രമം നിരന്നു ഇരിക്കുന്നുണ്ടായിരുന്നു. സുനന്ദ അവരിൽ ഓരോരുത്തനേയും കുറിച്ച് രാജകുമാരിയോട്ട് വളരെ പ്രകീർത്തിച്ചു പറയുകയുണ്ടായി. എന്നാൽ അവരിൽ ആരിലും രാജകുമാരിക്കു പ്രതിപത്തി ഉണ്ടായില്ല. രാത്രിയിൽ സഞ്ചരിക്കുന്ന ഒരു ദീപശിഖപോലെ രാജകുമാരി മുന്നോട്ടു പോകുന്തോറും പിന്നിലാക്കപ്പെട്ട രാജാക്കന്മാരുടെ മുഖമണ്ഡലങ്ങൾ തമോവൃതങ്ങളായിത്തീർന്നു. അജരാജകുമാരൻെറ മുൻപിലെത്തിയ ശിബിക അവിടെ നിശ്ചലമായി നിലകൊണ്ടു. സർവ്വാംഗസുന്ദരനായ രാജകുമാരനെ വിട്ടു മുന്നോട്ടുപോകുവാൻ ഇന്ദുമതിക്കു മനസ്സു വന്നില്ല. പൂത്തുനിൽക്കുന്ന തേൻമാവിനെ വിട്ടു മറെറാരു വൃക്ഷത്തിൽ പോകുവാൻ വണ്ടു കൊതിക്കാറില്ലല്ലോ. ഇന്ദുമതിയുടെ മദനാഗതി മനസ്സിലാക്കിയ സുനന്ദ ഇങ്ങനെ പറയുവാൻ തുടങ്ങി.

"ഇക്ഷ്വാകുവംശജരായ ഉത്തരകോസലരാജാക്കന്മാരെപ്പററി കേട്ടിട്ടുണ്ടല്ലോ. അവരുടെ വംശത്തിൽ പണ്ട് കകുത്സ്ഥൻ എന്ന മഹാനായ ഒരു രാജാവ് ഉണ്ടായിരുന്നു. മഹോക്ഷരൂപം ധരിച്ച മഹേന്ദ്രൻെറ ചുമലിൽ ഇരുന്നു യുദ്ധം ചെയ്ത് അസുരന്മാരെ ജയിച്ചതുകൊണ്ടാണ് അദ്ദേഹത്തിന് ആ പേർ ലഭി

ച്ചതു്. കാകത്സ്ഥന്മാരുടെ കുലത്തിൽ ദിലീപൻ എന്നു സുപ്രസിദ്ധനായ ഒരു മഹാരാജാവു് ഉണ്ടായി. തൊണ്ണൂററിയൊൻപതു അശ്വമേധയാഗം നടത്തിയ അദ്ദേഹം ശക്രൻെറ പ്രീതിക്കുവേണ്ടി നൂറാമത്തെ യാഗമ വേണ്ടെന്നുവച്ചു എന്നു കേട്ടിട്ടുണ്ടു്. അദ്ദേഹത്തിൻെറ ഭരണകാലത്തു ലോകം വ്യവസ്ഥിതമാർഗ്ഗത്തിൽ നിന്നും അൽപ്പംപോലും വ്യതിചലിച്ചിതന്നില്ല. ആ ദിലീപൻെറ പുത്രനാണു് രഘുചക്രവർത്തി. നാലുദിക്കുകളും യുദ്ധത്തിൽ ജയിച്ചു സംഭരിച്ച സമ്പത്തു മുഴുവൻ ദക്ഷിണയായി കൊടുത്തു് വിശ്വജിത്തെന്ന യാഗം നടത്തിയ മഹാനാണു് അദ്ദേഹം. മൂന്നുലോകങ്ങളിലും ഇത്രവളരെ യശസ്വിയായ മററാരാൾ ഇന്നില്ല എന്നുള്ളതു നിസ്സന്ദേഹമാണു്, ഈ അജകുമാരൻ അദ്ദേഹത്തിൻെറ പുത്രനാണു്. ഇന്നു യുവരാജപദത്തിൽ ഇരുന്നുകൊണ്ടു് ഇദ്ദേഹം പിതാവിനൊപ്പം ഭുവനഭാരം വഹിക്കുകയാണു്. കുലം സൗന്ദര്യം വയസ്സു് വിനയപ്രധാനങ്ങളായ മററു ഗുണങ്ങൾ ഇവകൊണ്ടു നിനക്കു് അനുരൂപനായ ഇദ്ദേഹത്തെ നീ വരിച്ചാലും രത്നം കാഞ്ചനത്തോടു തന്നെ സംഗമിക്കട്ടെ.

സുനന്ദാവചനം രാജകുമാരിയെ വളരെ സന്തോഷിപ്പിച്ചു. പ്രസന്നമായ ഒരു നേട്ടംകൊണ്ടുതന്നെ അവൾ അജനെ വരിച്ചു. സ്വാഭിലാഷത്തെ വാക്കുകൊണ്ടു പ്രകാശിപ്പിക്കുവാൻ രാജകുമാരിക്കു ശാലീനതനിമിത്തം കഴിഞ്ഞില്ലെങ്കിലും രോമാഞ്ചം അതു് വ്യക്തമാക്കി "ആര്യേ. നമുക്കു മററാരിടത്തേക്കു പോകാം" എന്ന സുനന്ദയുടെ പരിഹാസവചനം രാജകുമാരിയെ കോപാകുലയാ

ക്കി. ഭാവംഗ്രഹിച്ച സുനന്ദ രാജകുമാരിയുടെ കൈകൾ പിടിച്ച് അജന്റെ കണ്ഠദേശത്തിൽ വരണമാല അണിയിപ്പിച്ചു. പൌരജനങ്ങളുടെ ഇടയിൽ സംഘോഷാരവങ്ങൾ മുഴങ്ങി. ഉചിതമായ വേഴ്ച എന്നു അവർ ഉച്ചൈസ്സ്വരം വിളിച്ചു പറഞ്ഞു. മററു രാജാക്കന്മാർക്കും കർണ്ണകഠോരമായിരുന്നെങ്കിലും അത് സദസ്യരുടെ ഏകാഭിപ്രായമായിരുന്നു.

---

## ഏഴാം അദ്ധ്യായം

### ഇന്ദുമതീവിവാഹം

സ്വയംവരത്തിനുശേഷം രാജാക്കന്മാർ അവരവരുടെ സേനാനിവേശങ്ങളിലേക്കു മടങ്ങി. ഇന്ദുമതിയെ ലഭിക്കാത്തതുനിമിത്തമുള്ള വല്ലായ്മ അവർക്ക് ഏറെ ഉണ്ടായിരുന്നു. വ്യർത്ഥമനോരഥന്മാരായ രാജാക്കന്മാർക്കു സ്വന്തം രൂപവേഷാദികളിൽപ്പോലും വെറുപ്പു തോന്നി. അജരാജകുമാരന്റെ നേരെ അവക്കു കഠിനമായ വൈരം തന്നെ ഉണ്ടായി, എന്നാൽ ഒരു സ്വയംവരോത്സവത്തിൻ കലക്കമുണ്ടാക്കുന്നതു് അധർമ്മവും ദേവതാകോപത്തിനു ഹേതുവുമായതുകൊണ്ടു് അവർ ശാന്തത അവലംബിച്ചു.

വിദർഭേന്ദ്രൻ വധൂവരന്മാരെയും കൂട്ടിക്കൊണ്ടു നേരെ രാജധാനിയിലേക്കു പുറപ്പെട്ടു. കൊട്ടാരവും രാജ

മാർഗ്ഗങ്ങളും കൊടിതോരണാദികൾകൊണ്ടു് സവിശേഷം അലങ്കരിച്ചിരുന്നു. ഇരുവശങ്ങളിലുമുള്ള സൌധങ്ങളിൽ വധൂവരന്മാരെ ഒരുനോക്കു കാണുവാനായി ബദ്ധപ്പെട്ടു നിന്നിരുന്ന പൌരാങ്ഗനകളുടെ തിക്കും തിരക്കും അവർണ്ണനീയമായിരുന്നു. അജദർശനം ലഭിച്ച അവരിൽ ചിലർ ഇന്ദുമതിക്കു് അനുരൂപവരനെ ലഭിക്കുവാൻ ഇടവരുത്തിയ സ്വയംവരത്തെ വളരെ ശ്ലാഘിച്ചു. ചിലർ സ്പൃഹണീയ ശോഭയായ ആ വധൂവരന്മാരെ കൂട്ടിയിണക്കിയ ബ്രഹ്മാവിനെ സ്തുതിച്ചു. മററു ചിലർ രതിസ്മരന്മാരുടെ അവതാരങ്ങളായ വധൂവരന്മാർ ജന്മാന്തരസംസ്കാരം കൊണ്ടു ഇങ്ങനെ കൂടിയിണങ്ങിയതാണു് എന്നു വാദിക്കുകയുണ്ടായി.

രാജഗൃഹത്തിലെത്തിയ വധൂവരന്മാരെ ഭോജേശ്വരൻെറ നിർദ്ദേശമനുസരിച്ചു് പുരോഹിതൻ യഥാവിധി പാണിഗ്രഹണം ചെയ്യിപ്പിച്ചു. വിവാഹകർമ്മങ്ങൾസമാപിപ്പിച്ചശേഷം രാജാക്കന്മാരെ പ്രത്യേകം പ്രത്യേകം പൂജിക്കുന്നതിനായി വിദർഭാധിപൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. അവരെല്ലാം കാഴ്ചദ്രവ്യങ്ങൾ സമർപ്പിച്ചും വിദർഭേശനോടു യാത്രചോദിച്ചും പുറമെ സന്തോഷഭാവം പ്രകടിപ്പിച്ചും കൊണ്ടു് രാജധാനിയിൽ നിന്നും മടങ്ങി. എന്നാൽ ഇന്ദുമതിയെ അപഹരിക്കണമെന്ന ആഗ്രഹം നിമിത്തം അവർ കൂട്ടുകൂടി അജൻ തിരിച്ചുപോരുന്നവഴിയിൽവന്നു് ഒളിവിൽ പാർക്കുകയാണുചെയ്തതു്.

വിദർഭേശ്വരൻ സഹോദരിയെ വിവാഹം കഴിച്ചു കൊടുത്തശേഷം അളവില്ലാത്ത കന്യകാധനത്തോടുകൂടി അജനെ യാത്ര അയയ്ക്കുകയും സ്വയം അനുഗമിക്കുകയും

ചെയ്തു. വഴിയിൽ മൂന്നു ദിവസം കൂടെ സഞ്ചരിച്ചശേഷം അദ്ദേഹം തിരിച്ചുപോയി. ഈ തക്കംനോക്കി ഒളിവിൽനിന്നിരുന്ന രാജാക്കന്മാർ അജരാജകുമാരനെ എതിർത്തു. പണ്ടു് ദിഗ്വിജയകാലത്തു് തങ്ങളുടെ സർവ്വസ്വവും ഹരിച്ച രഘുവിൻെറ പുത്രൻ ഇങ്ങനെ ഒരു സ്ത്രീരത്നത്തെക്കൂടി ഹരിക്കുന്നതു് അവർക്കു് സഹ്യമായിരുന്നില്ല. ഇന്ദുമതിയുടെ രക്ഷയ്ക്കായി ആപ്തന്മാരായ സൈനികന്മാരെ നിയോഗിച്ചശേഷം അജൻ ശത്രുസമൂഹത്തെ നേരിട്ടു. അതിഭയങ്കരമായ ഒരുയുദ്ധം ഉണ്ടായി. സംഖ്യാധിക്യമുള്ള ശത്രുസൈന്യത്തിൻെറ സമ്മർദ്ദത്തിൽപ്പെട്ടു സ്വസൈന്യം നശിക്കുന്നതുകണ്ടപ്പോൾ അജൻ ഒററയ്ക്കു ശത്രുനിരയിൽ പാഞ്ഞു കയറി യുദ്ധംതുടങ്ങി. ശത്രുക്കളുടെ ഏകലക്ഷ്യം അജനായിത്തീന്നു. അവർ രാജകുമാരൻെറ ചുററും കൂടി സർവ്വായുധങ്ങളും പ്രയോഗിച്ചു വീറോടുകൂടി യുദ്ധം തുടന്നു. ഉചിതമായ അവസരം വന്നു ചേരുകയാൽ അജൻ ജാഗരൂകതയോടെ ശത്രുക്കളുടെ നേരേപ്രിയംവദദത്തമായ "സമ്മോഹനാസ്ത്രം" പ്രയോഗിച്ചു. അനന്തരക്ഷണത്തിൽ ശത്രുസംഘം നിദ്രാവശഗരുംനിശ്ചേഷ്ടരുമായിത്തീന്നു പോയി. അജൻ വിജയസൂചകമായി ശംഖധ്വനി മുഴക്കി. അനന്തരം രാജാക്കന്മാരുടെ കൊടിമരങ്ങളിൽ "അല്ലയോ രാജാക്കന്മാരെ, നിങ്ങളുടെ യശസ്സിനെ അപഹരിച്ചുകൊണ്ടു പ്രാണനെ നാം ദയാപൂർവ്വം വിട്ടുതരുന്നു" എന്നു് ശരം രക്തത്തിൽ മുക്കി എഴുതി വയ്പിച്ചു കൊണ്ടു അജൻ സൈന്യസമേതം യുദ്ധരംഗത്തുനിന്നും പിൻ

തിരിഞ്ഞു. യുദ്ധം ഏൎപ്പെട്ടതു നിമിത്തം വിഷാദഭരിതയായിരുന്ന ഇന്ദുമതി സന്തുഷ്ടയായിത്തീൎന്നു. "ദേവിയെ അപഹരിക്കുവാൻ വന്ന ഈ ഉറക്കം തൂങ്ങികളായ രാജാക്കന്മാരെ കാണുന്നില്ലേ" എന്ന അജൻെറ പരിഹാസവചനം വൈദർഭിയെ പുളകം അണിയിച്ചു. പ്രിയനെ അഭിനന്ദിക്കുവാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും ലജ്ജ ആനന്ദവാദ്ധ്യയെ അനുവദിച്ചില്ല.

അജൻ സപരിവാരം യാത്രതുടൎന്നു് അയോദ്ധ്യയിൽ എത്തിച്ചേൎന്നു. നേരത്തേതന്നെ ദൂതന്മാർ മുഖേന വസ്തുതകൾ ധരിച്ച രഘുമഹാരാജാവു് ശത്രുക്കളെ ജയിച്ചു കന്യകാരത്നത്തേയും വരിച്ചുകൊണ്ടു വന്നുചേൎന്ന പുത്രനെ വാത്സല്യപൂർവ്വം സ്വീകരിച്ചു വളരെ അഭിനന്ദിച്ചു. അനന്തരം രാജ്യഭാരവുംകുടുംബഭാരവും പുത്രനെ ഏല്പിച്ചുകൊണ്ടു് രഘു ശാന്തിമാർഗ്ഗത്തിൽ പ്രവേശിച്ചു. കുലധുരാധരനായ ഒരു പുത്രൻ ഉണ്ടായിക്കഴിഞ്ഞാൽ സൂൎയ്യവംശരാജാക്കന്മാർ പിന്നെ ഗൃഹസ്ഥാശ്രമം തുടരാറില്ല.

## എട്ടാം അദ്ധ്യായം

### അജവിലാപം

ഇന്ദുമതീവല്ലഭനായിത്തീൎന്ന അജനു് മറെറാരു ഇന്ദുമതിപോലെ ഭൂമിയും സ്വാധീനയായി. രാജപുത്രന്മാർ മിക്കവാറും ദുർമ്മാർഗ്ഗങ്ങളിൽകൂടിയാണു് രാജ്യം സ്വാധീനമാക്കാറുള്ളതു്. എന്നാൽ അജനു് പിതാവിന്റെ

ആജ്ഞ അനുസരിച്ചതന്നെ രാജ്യലാഭം ഉണ്ടായി. ഭോഗതൃഷ്ണ അദ്ദേഹത്തെ ബാധിച്ചിരുന്നില്ല. അജന്റെ ഭരണത്തിൽ ജനങ്ങൾ സംതൃപ്തരായിരുന്നു. രഘുവിന്റെ സർവ്വഗുണങ്ങളുമുള്ള അജനെ ജനങ്ങൾ വീണ്ടും യൌവ്വനദശപ്രാപിച്ച രഘു എന്നു തന്നെ വിചാരിച്ചു. പിതാവിനു് എന്ന പോലെ പുത്രനും അസാധാരണമായ വിനയസമ്പത്തിയും സമ്പത സമൃദ്ധിയും ഉണ്ടായി. ദയാപ്രധാനമായ ഒരു നയമാണു് അദ്ദേഹം രാജ്യകാര്യത്തിൽ കൈക്കൊണ്ടതു്. "മഹാരാജാവു തിരുമനസ്സിലേക്കു എന്നിലാണു അധികംപ്രീതി" എന്നു പ്രജകളിൽ ഓരോ വ്യക്തിക്കും തോന്നിയിരുന്നു. ശത്രുരാജാക്കന്മാരുടെ നേരെ ഒരു മദ്ധ്യനില കൈക്കൊണ്ടിരുന്ന അജനു് അവരെ കീഴ്പ്പെടുത്തുവാനും പ്രയാസം ഉണ്ടായിരുന്നില്ല.

പുത്രൻ വേണ്ടവണ്ണം രാജ്യകാര്യങ്ങൾ നടത്തുന്നു എന്നു അറിയുവാൻകഴിഞ്ഞ രഘു സംതൃപ്തനായിത്തീൎന്നു. അദ്ദേഹം ക്രമേണ കുലപാരമ്പര്യം അനുസരിച്ചു് മോക്ഷകാൎയ്യങ്ങളിൽ പ്രവൎത്തിച്ചുതുടങ്ങി. ഒടുവിൽ അദ്ദേഹം വനവാസത്തിനായി പുറപ്പെട്ടു. "അച്ഛാ എന്നെ ഉപേക്ഷിച്ചുപോകരുതേ" എന്നു അജൻ കാല്ക്കൽവീണു അപേക്ഷിക്കുകയാൽ അദ്ദേഹം അതിൽനിന്നും പിന്തിരിഞ്ഞു. കണ്ണുനീർവാൎത്തുകൊണ്ടു് അജൻ ചെയ്ത അഭ്യൎത്ഥന തള്ളിക്കളയുവാൻ ആ പുത്രവത്സലനു് കഴിഞ്ഞില്ല. എന്നാൽ അദ്ദേഹം രാജ്യകാൎയ്യങ്ങളിൽ ഒട്ടും ഉൾപ്പെടാതെ തന്നെ കഴിഞ്ഞുകൂടി. ജിതേന്ദ്രിയനായ അദ്ദേഹം പ്രവ്രജ്യ സ്വീകരിച്ചു് നഗരത്തിനു പുറത്തുതന്നെ താമസമുറപ്പിച്ചു.

അജൻ ഭക്ത്യാദരപുരസ്സരം പിതാവിനെ സേവിച്ചുപോന്നു. പുത്രൻ രാജ്യകാര്യങ്ങളിൽ സിദ്ധനായതോടുകൂടി പിതാവു് മോക്ഷമാർഗ്ഗങ്ങളിൽ സിദ്ധിപ്രാപിച്ചു. അജനോടുള്ള പ്രതിപത്തിനിമിത്തം കുറെ സംവത്സരങ്ങൾകൂടി ജീവിച്ചിരുന്ന ശേഷമാണ് രഘുമഹാരാജാവു് കൈവല്യമുക്തി അടഞ്ഞതു്.

പിതാവിൻെറ ദേഹവിയോഗത്തിൽ അജൻ വളരെ ദുഃഖിച്ചു. പരമപദം പ്രാപിച്ച ഒരു മഹാനെപ്പററി ദുഃഖിക്കുന്നതു് ശരിയല്ലെന്നു വിദ്വാന്മാർ ഉപദേശിച്ചതനുസരിച്ചു് അദ്ദേഹം ദുഃഖം കുറച്ചു രാജ്യകാര്യങ്ങളിൽ ഏർപ്പെട്ടു. ക്ഷിതി, ഇന്ദുമതി എന്നു രണ്ടു ഭാര്യമാരാണ് അജമഹാരാജാവിനു ഉണ്ടായിരുന്നതു്. പൌരുഷശാലിയായ ഭർത്താവിൻെറ വേഴ്ചകൊണ്ടു ക്ഷിതി അനേകം വിശിഷ്ട രത്നങ്ങളെയും ഇന്ദുമതി വീരനായ ഒരു പുത്രനേയും നേടി. ഈ രാജകുമാരനാണ് പിൽക്കാലം സുപ്രസിദ്ധനായിത്തീർന്ന ദശരഥമഹാരാജാവു്.

അജൻ ഗൃഹസ്ഥാശ്രമധർമ്മങ്ങളും രാജധർമ്മങ്ങളും വഴിപോലെ അനുഷ്ഠിച്ചുപോന്നു. അനേകായിരം യാഗങ്ങൾചെയ്തു് അദ്ദേഹം ദേവപ്രീതിയും പുണ്യവായ്പും സമ്പാദിച്ചു. മഹാരാജാവിൻെറ ധനംപോലെ ഗുണങ്ങളും പരോപകാരപ്രദങ്ങളായിത്തീർന്നു.

ഒരിക്കൽ അജമഹാരാജാവു് ദേവിയുമൊത്തു നഗരപ്രാന്തത്തിലുള്ള ഉദ്യാനത്തിൽ ഉലാത്തുകയായിരുന്നു. ആ അവസരത്തിൽ ഗോകർണ്ണേശനെ ഭജിക്കുവാൻ ആകാശമാർഗ്ഗേണപോയ നാരദമഹർഷിയുടെ വീണയിൽ അ

ന്നിഞ്ഞിരുന്ന മന്ദാരമാല കാററിൽ പറന്നുചെന്ന് ഇന്ദുമതിയുടെ മാറിൽവീണു. മാല കണ്ടതോടുകൂടി വിഹ്വലയായിത്തീന്ന രാജ്ഞി പ്രാണനോടു വേർപെട്ടു ഭൂമിയിൽ പതിച്ചു. അതു കണ്ട് രാജാവും ബുദ്ധിക്ഷയംപൂണ്ടു മറിഞ്ഞുവീണു രാജാവിൻെറയും രാജ്ഞിയുടേയും ആ നിലയിൽ പരിജനങ്ങൾ വാവിട്ടു നിലവിളിച്ചു. ഉപചാരംകൊണ്ടു രാജാവ് മയക്കംതീന്ന് എഴുന്നേററെങ്കിലും രാജ്ഞിയുടെ സ്ഥിതിക്കു മാററം വന്നില്ല. ആയുസ്സ് ഉണ്ടെങ്കിൽ മാത്രമേ ചികിത്സ ഫലിക്കാറുള്ളു. അജൻ സ്വപ്രേമഭാജനത്തിൻെറ തല എടുത്തു മടിയിൽ വെച്ചുകൊണ്ട് ധീരത കൈവെടിഞ്ഞു വളരെനേരം വിലപിച്ചു. പരിജനങ്ങൾ മഹാരാജാവിൻെറ മടിയിൽനിന്നും മഹാരാജ്ഞിയുടെ പൂവുടൽ ഒരു മട്ട് എടുത്തുകൊണ്ടുപോയി സംസ്കരിച്ചു എന്നേ പറയേണ്ടൂ.

"രാജാവ് ഒരു സ്ത്രീ മരിച്ച ദുഃഖംകൊണ്ടു കൂടെ മരിച്ചുകളഞ്ഞു" എന്ന അപവാദം ഉണ്ടാകുമെന്നു കരുതിമാത്രമാണു പിന്നെ അജൻ ജീവിച്ചിരുന്നതു്. അദ്ദേഹത്തിനു ജീവിതാശ ഒട്ടും ശേഷിച്ചിരുന്നില്ല. ആ ഉദ്യാനത്തിൽ വച്ചുതന്നെ പ്രിയതമയുടെ അന്ത്യകർമ്മങ്ങൾ എല്ലാം വഴിപോലെ നടത്തിയതിനു ശേഷമാണ് അദ്ദേഹം കൊട്ടാരത്തിലേക്കു പോയതു്. കണ്ണുനീരിൽ മുഴുകിയ പൌരവധൂജനങ്ങളുടെ മുഖങ്ങൾ അദ്ദേഹത്തിൻെറ ദുഃഖത്തെ ഇരട്ടിപ്പിച്ചു.

ഇക്കാലത്തു വസിഷ്ഠമഹർഷി തൻെറ ആശ്രമത്തിൽ ഒരു യാഗം നടത്തിക്കൊണ്ടു കഴിയുകയായിരുന്നു. ദുഃഖ

റാത്ത അറിഞ്ഞപ്പോൾ അദ്ദേഹം ഒരു ശിഷ്യനെ സന്ദേശത്തോടുകൂടി രാജാവിൻെറ അടുക്കലേക്ക അയച്ചു. അയാൾ രാജാവിനെ സമീപിച്ച് ഇങ്ങനെ അറിയിച്ചു:—

"മഹാരാജാവെ, വസിഷ്ഠമഹർഷി ദുഃഖവാർത്ത അറിഞ്ഞിട്ടും അങ്ങയെ സമാശ്വസിപ്പിക്കുവാൻ സ്വയം വന്നുചേരാത്തതു് ഒരു യാഗത്തിൽ ഏർപ്പെട്ടുപോയതുകൊണ്ടാണ്. എന്നാൽ മഹർഷിയുടെ ഒരു സന്ദേശം എൻെറ പക്കൽ ഉണ്ട്. അതു് അങ്ങു് ശ്രദ്ധാപൂർവം കേട്ടു ധരിക്കേണ്ടതാണ്. മൂന്നു ലോകങ്ങളിലും നടന്നതും, നടക്കുന്നതും നടക്കാനിരിക്കുന്നതുമായ കാര്യങ്ങൾ ഗുരു ജ്ഞാനദൃഷ്ടികൊണ്ടു അറിയുന്നു എന്നു പ്രസിദ്ധമാണല്ലോ.

"പണ്ടു് തൃണബിന്ദുമഹർഷി ദുശ്ചരമായ തപസ്സു ചെയ്തുകൊണ്ടിരുന്നു. അതിൽ സംശയം തോന്നുകയാൽ ഇന്ദ്രൻ മഹർഷിക്കു സമാധിഭംഗം വരുത്താനായി 'ഹരിണി' എന്ന ദേവാങ്ഗനയെ അയച്ചു. ഇന്ദ്രനിയോഗം അനുസരിച്ചു പ്രവർത്തിക്കുവാൻ തുടങ്ങിയ ഹരിണി "നീ ഒരു മനുഷ്യസ്ത്രീ ആയിത്തീരട്ടെ" എന്ന ശാപത്തിനു വിധേയയായി. താണുവീണു് അപേക്ഷിച്ച അവളുടെ പേരിൽ മഹർഷി ഒടുവിൽ ദയാവാനായി. സുരപുഷ്പം കാണുന്നതുവരെ മാത്രമേ ആ ശാപം നിലനിൽക്കു എന്നു അദ്ദേഹം അവളെ അനുഗ്രഹിച്ചു. ആ ഹരിണിയാണ് അങ്ങയുടെ പ്രണയിനിയായിരുന്ന ഇന്ദുമതി. ദേവപുഷ്പദർശനംകൊണ്ടു് ശാപമോചനം ലഭിച്ച അവൾ ഇപ്പോൾ സ്വർഗ്ഗ

ത്തിൽ സുഖമായിരിക്കുന്നു. അതുകൊണ്ടു് ഭൎത്താവിയുടെ മരണത്തെക്കുറിച്ചു ഇനി അങ്ങു് ദുഃഖിക്കരുതു്. ജനിച്ചാൽ ഒരിക്കൽ മരിക്കുമെന്നതു തീൎച്ചയാണല്ലോ. അങ്ങു് രാജ്യകാൎയ്യങ്ങളും ഭംഗിയായി നോക്കി വസിച്ചാലും. രാജാക്കന്മാരുടെ യഥാൎത്ഥഭാൎയ്യ ഭൂമിതന്നെ എന്ന വസ്തുത ഓൎക്കേണ്ടതാണു്. അഭ്യുദയകാലത്തു് അഹങ്കാരം തെല്ലും സ്പൎശിക്കാതെ ജീവിക്കുവാൻ കഴിഞ്ഞ അങ്ങേക്കു് ഈ ദുഃഖകാലത്തു് ധൈൎയ്യത്തോടുകൂടി ഇരിക്കുവാനുള്ള സംസ്കാരമുണ്ടു് എന്നാണു ഞങ്ങളുടെ വിശ്വാസം കരഞ്ഞതുകൊണ്ടു് അങ്ങേക്കു പ്രിയതമയെ ഇനി ലഭിക്കുന്നതല്ല. അതുപോലെ കൂടെ മരിച്ചാലും പ്രിയാലാഭം ഉണ്ടാകുമെന്നും കരുതേണ്ട. എന്തുകൊണ്ടെന്നാൽ പരലോകത്തിലേക്കു പോകുന്ന ദേഹികൾ സ്വകൎമ്മഭേദം അനുസരിച്ചു് ഭിന്നഭിന്നമാൎഗ്ഗങ്ങളെ അവലംബിക്കുന്നു എന്നാണു പ്രസിദ്ധി. അങ്ങു ദുഃഖരഹിതനായി ഇരുന്നുകൊണ്ടു് പിണ്ഡദാനം മുതലായ അനന്തരക്രിയകൾ നടത്തി കുടുംബിനിയെ അനുഗ്രഹിച്ചാലും. സ്വജനങ്ങൾ തുടരെ ദുഃഖിച്ചാൽ അതു് മരിച്ചവൎക്കു ക്ലേശമുണ്ടാക്കും. ജീവികൾക്കു വാസ്തവത്തിൽ മരണം സ്വാഭാവികമെന്നാണു പണ്ഡിതന്മാർ പറയുന്നതു്. അതിനാൽ ഒരു ക്ഷണം ജീവിക്കുവാൻ കഴിഞ്ഞാൽ അത്രയും കൊണ്ടു നാം സന്തോഷിക്കേണ്ടതാണു്. മൂഢന്മാർ പ്രിയജനനാശത്തെ ഒരു തീരാദുഃഖമായി കണക്കാക്കുന്നു. എന്നാൽ വിദ്വാന്മാർ അതിനെ മോക്ഷോപായമാക്കിത്തീൎക്കുയാണു ചെയ്യുന്നതു്. സ്വന്തം ശരീരംതന്നെ വന്നുചേൎന്നതുപോലെ നമ്മെ വിട്ടു പിരിഞ്ഞുപോകുമെന്നി

രിക്കെബാഹ്യങ്ങളായിരിക്കുന്ന ഈ വസ്തുക്കൾ വിട്ടുപോകുമ്പോൾ ഇത്ര ദുഃഖിക്കാനുണ്ടോ? ജിതേന്ദ്രിയന്മാരിൽ മുഖ്യനായ അങ്ങു് സാധാരണന്മാരെപ്പോലെ ദുഃഖിക്കുന്നതു ശരിയല്ല, കാററടിക്കുമ്പോൾ വൃക്ഷങ്ങളെപ്പോലെ പർവ്വതങ്ങൾ ചലിക്കാറില്ലല്ലോ."

കുലഗുരുവായ വസിഷ്ഠൻെറ സന്ദേശം ഭക്ത്യാദരപൂർവ്വം കേൾക്കുകയും അപ്രകാരം തന്നെ ജീവിച്ചുകൊള്ളാമെന്നു സമ്മതിക്കുകയും ചെയ്തിട്ടു് അജൻ മുനിശിഷ്യനെ യാത്രയാക്കി. എന്നാൽ അദ്ദേഹത്തിൻെറ ദുഃഖപൂർണ്ണമായ ഹൃദയത്തിൽ ആ സന്ദേശം ഒരു വികാരവും ഉളവാക്കിയില്ല. പുത്രൻ ബാലനായിരുന്നതുകൊണ്ടു മാത്രം അദ്ദേഹം കഷ്ടിച്ചു എട്ടുവർഷംകൂടി രാജ്യഭാരം ചെയ്തുകഴിഞ്ഞുകൂടി. ആ തീരാദുഃഖം രാജാവിനെ അചികിത്സ്യരോഗങ്ങൾക്കു് അടിമപ്പെടുത്തി. എന്നാൽ അദ്ദേഹം അവയെ മരണോപായങ്ങളായി കരുതി സന്തോഷിക്കുകയാണു ചെയ്തതു്. ഒടുവിൽ വിനയവാനും സമർത്ഥനും ആയ രാജകുമാരനെ രാജാവാക്കി അഭിഷേകം കഴിച്ചിട്ടു് അജമഹാരാജാവു് ഉപവാസവ്രതത്തോടുകൂടി സരയൂതീർത്ഥത്തിൽ ദേഹത്യാഗം ചെയ്തു സ്വർഗ്ഗം പ്രാപിച്ചു. സ്വർഗ്ഗസ്ഥനായ അദ്ദേഹത്തിനു വീണ്ടും ഹരണീസംഗമം ലഭിക്കുവാനും നന്ദനോദ്യാനത്തിൽ വിഹരിക്കുവാനും സാധിച്ചു.

# ഒൻപതാം അദ്ധ്യായം

## നായാട്ട്

പിതാവിന്റെ സ്വർഗ്ഗപ്രാപ്തിക്കുശേഷം ദശരഥ മഹാരാജാവു് ഭദ്രമായി രാജ്യഭരണം നടത്തി. മഹാരഥന്മാരിലും ജിതേന്ദ്രിയന്മാരിലും അദ്ദേഹം അഗ്രേസരനായിരുന്നു. അദ്ദേഹത്തിന്റെ ഭരണംകൊണ്ടു് രാജ്യത്തിലെങ്ങും സംതൃപ്തിയും സമാധാനവും കളിയാടി. ദാരിദ്ര്യം രോഗം ശത്രുഭീതി ഇവയെപ്പററി കേട്ടുകേൾവിപോലും ഇല്ലാതായി. പത്തുദിക്കും ജയിച്ച രഘുമഹാരാജാവിന്റെ കാലത്തും ഇത്ര ഐശ്വര്യസമൃദ്ധി ഉണ്ടായിരുന്നില്ല എന്നു് ലോകം സ്തുതിച്ചു തുടങ്ങി. ഗുണങ്ങൾകൊണ്ടു് അദ്ദേഹം ദിഗ്പാലന്മാരെയും ജയിച്ചു. സദാ അഭ്യുദയകാര്യങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിനു നായാട്ടു് ചൂതു് മദ്യം സ്ത്രീ ഇവയിലൊന്നിലും ആസക്തി ഉണ്ടായില്ല. ദൈന്യം, കള്ളം, പാരുഷ്യം ഇവയെ സ്പർശിക്കുന്ന വാക്കുകൾ ഒരിക്കലും ഒരിടത്തും അദ്ദേഹം ഉച്ചരിച്ചിരുന്നില്ല. ദശരഥൻ തന്റെ നിർദ്ദേശം അനുസരിക്കുന്നവർക്കു മിത്രവും അനുസരിക്കാത്തവർക്കു ശത്രുവും ആയിരുന്നു. ദിഗ്വിജയം നടത്തി അദ്ദേഹം ഭൂമിക്കു് ഏകനാഥനായും തീർന്നു, ലോകത്തുള്ള രാജാക്കന്മാർ എല്ലാം ദശരഥന്റെ സാമന്തന്മാരായി വർത്തിച്ചു. ഇന്ദ്രന്റെ അഭ്യർത്ഥന അനുസരിച്ചു് അദ്ദേഹം സ്വർഗ്ഗലോകത്തുപോയി യുദ്ധം നടത്തിയും വിജയം നേടിയിരുന്നു.

ദശരമഹാരാജാവ് കൌസല്യ, കൈകേയി, സു മിത്ര എന്ന മൂന്നു രാജകുമാരിമാരെ വിവാഹം കഴിച്ചു. പതിദേവതകളും സുന്ദരിമാരുമായ അവർ അദ്ദേഹത്തിന്റെ മനസ്സിന് ഇണങ്ങിയ ഭാര്യമാർ ആയിരുന്നു പ്രിയതമമാരോടുകൂടി അദ്ദേഹം മധുവിധു കൊണ്ടാടി. വസന്തകാലം ആ ഉൽസവത്തിന്റെ മോടിയെ സഹസ്രഗുണം വർദ്ധിപ്പിച്ചു. വസന്തോൽസവം കഴിഞ്ഞപ്പോൾ രാജാവിനു നായാട്ടിനുപോകാൻ ആഗ്രഹം ഉണ്ടായി. അതു് ഒരു വിധത്തിൽ ഗുണകരമായ ഏർപ്പാട് ആയിരുന്നതു കൊണ്ട് മന്ത്രിമാർ ഒത്തുനിന്നു. അദ്ദേഹം മൃഗയോചിതങ്ങളായ വേഷഭൂഷകൾ അണിഞ്ഞു് ആയുധധാരിയായി കുതിരമേലേറി സപരിവാരം വനത്തിലേക്കു പുറപ്പെട്ടു. അനേകം മൃഗങ്ങൾ അദ്ദേഹത്തിന്റെ ശരങ്ങൾക്കു ലക്ഷ്യങ്ങളായിത്തീർന്നു നിലംപതിച്ചു. നേരെ ചാടിവീണ വ്യാഘ്രങ്ങളുടെവദനകുഹരങ്ങൾ ദശരഥന്റെശരപ്രയോഗം കൊണ്ടു് ആവനാഴിയുടെ സ്ഥാനം അലംകരിച്ചു. കുററിക്കാടുകളിൽ പതുങ്ങികിടന്ന മൃഗേന്ദ്രന്മാരെ ചൊടിപ്പിക്കുവാൻ അദ്ദേഹം ഞാണൊലികൂട്ടി. ഗജകുലശത്രുക്കളായ അനേകം സിംഹങ്ങളെ വധിച്ചു് അദ്ദേഹം യുദ്ധത്തിൽ സഹായിച്ച ഗജേന്ദ്രന്മാരുടെ നേരെയുള്ള കടപ്പാടുതീർത്തു.

രാജാവിനു് നായാട്ടിൽ കൌതുകം വർദ്ധിച്ചു. അദ്ദേഹം കാട്ടിൽത്തന്നെ പാർത്തു തുടരെ നായാട്ടിൽ മുഴുകി. ഒരിക്കൽ അശ്വാരൂഢനായ അദ്ദേഹം ഒരു കൃഷ്ണമൃഗത്തെ പിൻതുടന്നു തമസാനദിയുടെ കരയിൽ എത്തി. നദിയിൽനിന്നും കുടത്തിൽ വെള്ളം എടു

ത്തപ്പോൾ ഉണ്ടായ ശബ്ദം രാജാവു കേട്ടു. അതു് ആന വെള്ളം കുടിക്കുന്നതുകൊണ്ടു് ഉണ്ടാകുന്നതാണു് എന്നു് തെററിദ്ധരിച്ച ദശരഥൻ 'ശബ്ദപാതി' എന്നു് അറിയപ്പെടുന്ന ഒരു ശരം പ്രയോഗിച്ചു. ശബ്ദം ഉണ്ടാക്കിയ വസ്തുവിൽചെന്നു് പതിക്കുക എന്നതാണു് അതിന്റെ സ്വഭാവം. ക്ഷത്രിയന്മാർ യുദ്ധത്തിൽ വെച്ചല്ലാതെ ആനയെ കൊല്ലാൻ പാടില്ല എന്നാണു് വിധി. എന്നാൽ ദശരഥൻ ആ നിയമം അതിലംഘിച്ചാണു് ശരപ്രയോഗം നടത്തിയതു്. വിദ്വാന്മാരും രജോഗുണത്തിൽ മുഴുകിയാൽ ദുർമ്മാർഗ്ഗചാരികളായിത്തീർന്നുപോകാറുണ്ടു്. ഉത്തരക്ഷണത്തിൽ 'അയ്യോ! അച്ഛാ!' എന്നൊരു നിലവിളി അന്തരീക്ഷത്തിൽ മുഴങ്ങി. രാജാവു സംഭ്രമവിവശനായി. ശബ്ദം പുറപ്പെട്ട ദിക്കിലേക്കു ഓടിച്ചെന്ന അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപ്പെട്ടതു്. ശരമേററു കിടന്നു പുളയുന്ന ഒരു മുനിബാലനായിരുന്നു. കുതിരമേൽനിന്നും താഴെ ഇറങ്ങി രാജാവു് കുട്ടിയെ ശുശ്രൂഷിച്ചു. ആസന്നമരണനായ ബാലൻെറ ആഗ്രഹമനുസരിച്ചു അദ്ദേഹം അവനെ ആശ്രമത്തിലേക്കു എടുത്തുകൊണ്ടുപോയി. അവിടെ വൃദ്ധരും അന്ധരുമായ മാതാപിതാക്കന്മാർ പുത്രൻെറ വരവും കാത്തു് ഇരിക്കുകയായിരുന്നു. രാജാവിൽനിന്നു വസ്തുതകൾ ധരിച്ചഅവർ വളരെ നേരം വിലപിച്ചു. അവരുടെ നിയോഗപ്രകാരം രാജാവു് ബാലൻെറ മാറിൽനിന്നും ശരം ഊരിയതോടുകൂടി അവൻ പ്രാണൻ വെടിഞ്ഞു. താപാർത്തനായ വൃദ്ധമുനി "അങ്ങും എന്നെപ്പോലെവാർദ്ധക്യത്തിൽ പുത്രശോ

കത്താൽ മരിക്കട്ടെ" എന്നു രാജാവിനെ ശപിച്ചു. ശാപോക്തി കേട്ടിട്ടും രാജാവു് ഇളകിയില്ല. "ഭഗവൻ, ഇതുവരെയും പുത്രമുഖം കാണുവാൻ ഭാഗ്യം ലഭിക്കാത്ത എനിക്കു് അവിടത്തെ ശാപവും അനുഗ്രഹത്തോടുകൂടിയതായിത്തീർന്നിരിക്കുന്നു" എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. അനന്തരം അവരുടെ അഭിപ്രായപ്രകാരം രാജാവു് പരിജനങ്ങളോടുകൂടി ചിതകൂട്ടി ബാലൻെറ മൃതദേഹം ദഹിപ്പിച്ചു. ആ വൃദ്ധദമ്പതികളും ചിതാഗ്നിയിൽ ചാടി മരിച്ചു് പുത്രനെ അനുഗമിച്ചു. ശാപാഭിഭൂതനായ രാജാവു് ഹൃദയഭാരത്തോടുകൂടി ആണു് രാജധാനിയിലേക്കു മടങ്ങിയതു്.

## പത്താം അദ്ധ്യായം

### രാമാവതാരം

ദശരഥമഹാരാജാവു് രാജ്യകാര്യങ്ങളിൽ മുഴുകി പിന്നെയും പതിനായിരം സംവത്സരം കഴിച്ചു. എന്നിട്ടും ഒരു പുത്രനെ ലഭിക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിനു് ഉണ്ടായില്ല. മഹാന്മാരുടെ ഉപദേശം അനുസരിച്ചു് അദ്ദേഹം പുത്രസിദ്ധിക്കുവേണ്ടി 'പുത്രകാമേഷ്ടി' എന്ന ഒരു യാഗം ആരംഭിച്ചു. ആ അവസരത്തിൽ മറെറാരു കഥ നടക്കുന്നുണ്ടായിരുന്നു. രാവണപീഡി

ന്മാരായ ദേവന്മാർ വിഷ്ണുഭഗവാനെ കണ്ടു് സങ്കടം ഉണർത്തിക്കുവാനായി പുറപ്പെട്ടു. അവർ ക്ഷീരസമുദ്രത്തിൽ എത്തിയതും ഭഗവാൻ യോഗനിദ്രവിട്ടു് എഴുന്നേററതും ഒരേ സമയത്തായിരുന്നു. അതു് കാര്യസിദ്ധിയുടെ ഒരു ലക്ഷണമായി കരുതപ്പെട്ടു. പദ്മാലയാദേവിയുടെ മടിയിൽ കാലുകൾ വച്ചുകൊണ്ടു, ഭഗവാൻ അനന്തനാകുന്ന മെത്തമേൽ ഇരിക്കുകയായിരുന്നു. ശ്രീവത്സാങ്കിതമായ ആ വിശാലവക്ഷസ്സിൽ കൌസ്തുഭരത്നം പ്രകാശിച്ചുകൊണ്ടിരുന്നു. ദേവന്മാർ നമസ്കരിച്ച ശേഷം സമുചിതങ്ങളായ സ്തോത്രങ്ങൾകൊണ്ടു് ഭഗവാനെ സന്തോഷിപ്പിച്ചു. പ്രസന്നനായ ആ ലക്ഷ്മീവല്ലഭൻ മന്ദഹാസത്തോടുകൂടി ദേവന്മാരോടു് ഇങ്ങനെ പറഞ്ഞു:—

"രാക്ഷസന്മാരിൽ നിന്നും നിങ്ങൾക്കു ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉപദ്രവങ്ങളെ കുറിച്ചു് ഞാൻ അറിയുന്നുണ്ടു്. രാവണൻ നിമിത്തം ലോകം മുഴുവൻ സങ്കടം അനുഭവിക്കുന്ന വസ്തുതയും ഞാൻ അറിയുന്നു. ലോകത്തിന്റെ ദുഃഖത്തിനു് പരിഹാരമുണ്ടാക്കേണ്ടതു് എന്റെ കടമയാണല്ലോ. അതുകൊണ്ടു് ഈ വിഷയത്തിൽ നിങ്ങളുടെ അഭ്യർത്ഥന ആവശ്യമില്ലാത്തതാണു്. ബ്രഹ്മാവു കൊടുത്ത വരത്തിന്റെ ശക്തികൊണ്ടു് രാവണന്റെ ദുഷ്ടതകൾ എനിക്കും സഹിക്കേണ്ടതായിവന്നു. മനുഷ്യർ ഒഴിച്ചു വേറെ ആരും അവനെ കൊല്ലുവാൻ പാടില്ല എന്നാണു വരം. അതുകൊണ്ടു് ഞാൻ ഭൂമിയിൽ ദശരഥപുത്രനായി ജനിച്ചു് അവനെ കൊല്ലുന്നുണ്ടു്. നിങ്ങൾക്കു് അചിരേണ സ്വാതന്ത്ര്യവും സൗഭാഗ്യവും തിരിച്ചുകിട്ടും."

ഇത്രയും അരുളിച്ചെയ്തശേഷം ഭഗവാൻ അന്തർധാനംചെയ്തു. ദേവന്മാർ സന്തുഷ്ടന്മാരായി മടങ്ങി. ദേവകാര്യത്തിനുവേണ്ടി അവതരിക്കുന്ന വിഷ്ണുഭഗവാനെ സഹായിക്കുന്നതിനായി ദേവന്മാർ അംശങ്ങൾകൊണ്ടു ഭൂലോകത്തു് സുഗ്രീവാദികളായി അവതരിച്ചുനിലയായി.

ദശരഥമഹാരാജാവു് ആരംഭിച്ചിരുന്ന യാഗത്തിന്റെ അന്ത്യഘട്ടത്തിൽ ഒരു വിശേഷസംഭവം ഉണ്ടായി. ഋത്വിക്കുകളെ വിസ്മയിപ്പിച്ചുകൊണ്ടു് ഒരു പുരുഷൻ ഹോമകുണ്ഡത്തിൽനിന്നും കയ്യിൽ ഒരു സുവർണ്ണപാത്രംനിറയെ പായസച്ചോറുമായി ഉയർന്നുവന്നു. "ഇതു ഭക്ഷിച്ചാൽ അങ്ങയുടെ ഭാര്യമാക്കു ഗർഭം ഉണ്ടാകും" എന്നു പ്രസ്താവിച്ചുകൊണ്ടു് പാത്രം രാജാവിന്റെ മുൻപിൽ വച്ചശേഷം ആ പുരുഷൻ മറഞ്ഞു. ആ പായസാന്നം സാക്ഷാൽ വൈഷ്ണവതേജസ്സായിരുന്നു. സന്തുഷ്ടനായ ദശരഥൻ പായസച്ചോറിന്റെ പകുതി കൌസല്യയ്ക്കും പകുതി കൈകേയിക്കുമായി കൊടുത്തു. ഭർത്താവിന്റെ ഇംഗിതം മനസ്സിലാക്കിയ ആ സതിമാർ അവരവരുടെ പായസത്തിന്റെ പകുതിവീതം സുമിത്രയ്ക്കു് നൽകി. പായസാന്നം ഭക്ഷിച്ച രാജ്ഞിമാർ മൂന്നുപേരും ഗർഭിണികളായിത്തീർന്നു. ഗർഭാരംഭകാലത്തു ദിവ്യന്മാരുടെ ജനനത്തെ സൂചിപ്പിക്കുന്ന അനേകം ശുഭസ്വപ്നങ്ങൾ അവർ കണ്ടു. പ്രസവകാലം സമാഗതമായി. ദശരഥമഹാരാജാവിന്റെ പട്ടമഹിഷിയായ കൌസല്യാദേവി ഒരു പുത്രനെ പ്രസവിച്ചു. അഭിരാമ

GRANDHA SALA REG: VENGANOOR

നായ ആ കുമാരന്ന് പിതാവു് രാമൻ എന്നു നാമകരണം ചെയ്തു. കൈകേയിയും ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു. പിതാവു് ആ ശിശുവിന്ന് ഭരതൻ എന്നു പേരുകൊടുത്തു. സുമിത്ര ഇരട്ടപെററു. രണ്ടും ആൺ കുഞ്ഞുങ്ങൾ തന്നെയായിരുന്നു. അവക്കു് ലക്ഷ്മണൻ ശത്രുഘ്നൻ എന്നീ പേരുകൾ നൽകപ്പെട്ടു. ദിവ്യന്മാരായ ഈ ശിശുക്കളുടെ ജനനത്തോടുകൂടി ലോകത്തിൽ നിന്നും ദുർഭിക്ഷം മുതലായ അസുഖങ്ങൾ നിശ്ശേഷം വിട്ടുമാറി. ശ്രീരാമനായിത്തീർന്ന വിഷ്ണുഭഗവാനെ അനുഗമിച്ച സ്വർഗ്ഗവും ഭൂമിയിൽ അവതരിച്ചതുപോലെയുള്ള ഒരു നില എങ്ങും ഉണ്ടായി. ദിക്കുകൾ പ്രസന്നങ്ങളായിത്തീർന്നു. പൊടിയുടെ സ്പർശം പോലുമില്ലാതെ കാററുവീശി. സൂൎയ്യൻ അത്യന്തം മനോഹരനായി ഉദിച്ചുവന്നു. അഗ്നി പുകയില്ലാതെ കത്തിയെരിഞ്ഞു.

ദശരഥമഹാരാവിന്റെ പുത്രജന്മം പ്രമാണിച്ചുള്ള ഉത്സവം ആദ്യം ആരംഭിച്ചതു് സ്വർഗ്ഗലോകത്തായിരുന്നു. പെരുമ്പറകളുടെ ശബ്ദം എങ്ങും മുഴങ്ങി. കൊട്ടാരവും പരിസരങ്ങളും കല്പവൃക്ഷപ്പൂമഴയിൽ മുങ്ങി. ഈ മഹാസംഭവത്തിൽ അധികം ആഹ്ലാദിച്ചതു് ദേവന്മാർ ആയിരുന്നു.

ജാതകർമ്മം മുതലായ സംസ്കാരങ്ങൾ ഏററും വളൎത്തമ്മമാരുടെ മുലപ്പാൽ കുടിച്ചും രാജകുമാരന്മാർ വളൎന്നുതുടങ്ങി. അവരുടെ സഹജമായ വിനയം ശിക്ഷകൊണ്ടു് ഉജ്ജ്വലിതമായി. വസന്തകാലം നന്ദനോദ്യാനത്തെ എന്നപോലെ ആ രാജകുമാരന്മാർ രഘുവംശത്തെ

ബഹുശോഭമാക്കിത്തീൎത്തു. രാജകുമാരന്മാൎക്ക് അന്യോന്യം ശക്തിമത്തായ സഹോദരസ്നേഹം ഉണ്ടായിരുന്നു. എങ്കിലും രാമനും ലക്ഷ്മണനും തമ്മിലും, ഭരതനും ശത്രുഘ്നനും തമ്മിലും ഒരു വിശേഷപ്രതിപത്തി ഉണ്ടായിരുന്നു. തന്നിമിത്തം അവർ സദാ വേർപിരയാതെ കഴിഞ്ഞുവന്നു. തേജസ്വികളും വിനയവാന്മാരുമായ രാജകുമാരന്മാരെക്കുറിച്ച് ജനങ്ങൾക്കും അളവററ ആദരവും സ്നേഹവുമുണ്ടായി. ദശരഥമഹാരാജാവിൻെറ ഉടലെടുത്ത ധൎമ്മാൎത്ഥകാമമോക്ഷങ്ങൾപോലെയുള്ള രാജകുമാരന്മാർ വിളങ്ങി പിതൃഭക്തന്മാരായ അവർ വിനയാദികളായ ഗുണങ്ങൾകൊണ്ടു് പിതാവിനെ ആനന്ദിപ്പിച്ചു. രാമ-ലക്ഷ്മണ-ഭരത-ശത്രുഘ്നന്മാരായ നാലുപുത്രന്മാരോടു കൂടിയ ദശരഥൻ ചതുൎബാഹുക്കളോടുകൂടിയ ഭഗവാൻ ശ്രീനാരായണനെപ്പോലെ ശോഭിച്ചു.

---

## പതിനൊന്നാം അദ്ധ്യായം

### സീതാവിവാഹം

വിശ്വാമിത്രമഹൎഷി ഒരിക്കൽ ദശരഥമഹാരാജാവിനെ സമീപിച്ച് യാഗരക്ഷ ചെയ്യുവാൻ ശ്രീരാമചന്ദ്രനെ അയച്ചുകൊടുക്കണമെന്നു് അപേക്ഷിച്ചു. തേജസ്വിയായ ആ ബാലൻ അതിനു ശക്തനാണു് എന്നു മഹൎഷിക്ക് അറിയാമായിരുന്നു വിദ്വാന്മാരുടെ ഉപദേശം

അനുസരിച്ച് മഹാരാജാവ് ആ അപേക്ഷ സ്വീകരിച്ചു. അർത്ഥികളുടേ ആഗ്രഹം സാധിതമാകാത്ത നില രഘുവംശത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ല. രാമലക്ഷ്മണന്മാർ ചാപബാണങ്ങൾ ധരിച്ച് ഗുരുജനങ്ങളുടെ അനുമതിയോടുകൂടി വിശ്വാമിത്രനമൊത്തു യാത്രയായി.

വിശ്വാമിത്രൻ രാമലക്ഷ്മണന്മാർക്ക ബല, അതിബല എന്നാരണ്ടുമന്ത്രങ്ങൾ ഉപദേശിച്ചുകൊടുത്തു. അവയുടെ പ്രഭാവംകൊണ്ട് രാജകുമാരന്മാരെ വിശപ്പും ദാഹവും നിമിത്തമുള്ള ക്ലേശം പിന്നെ ഒട്ടുംതന്നെ ബാധിച്ചില്ല. മഹർഷി പറഞ്ഞുകൊടുത്ത സരസങ്ങളായ കഥകൾകേട്ടും മനോഹരങ്ങളായ പ്രകൃതിഭാഗങ്ങൾകണ്ടു രസിച്ചും അവർ സന്തോഷപൂർവ്വം യാത്രതുടന്നു. കാമാശ്രമം പിന്നിട്ട് അവർ താടകാവനത്തിൽ എത്തിച്ചേന്നു. മഹർഷിയിൽനിന്നും കഥകൾ മനസ്സിലാക്കിയ അവർ യുദ്ധസന്നദ്ധരായി ഞാണൊലിമുഴക്കി. ഞാണൊച്ചകേട്ട കോപിഷ്ഠയായിത്തീന്ന താടക രാജകുമാരന്മാരെ കൊല്ലുവാനായി പാഞ്ഞടുത്തു. രാമചന്ദ്രൻ അവളുടെ മാറിടം ലക്ഷ്യമാക്കി ഒരു ശരം പ്രയോഗിച്ചു. രാക്ഷസി ശരമേററു മരിച്ചു നിലത്തുവീണു. വിശ്വാമിത്രൻ പ്രസന്നനായി രാക്ഷസവധത്തിനു പോരുന്ന അനേകം അസ്ത്രങ്ങൾ അദ്ദേഹം രാമചന്ദ്രനു് ഉപദേശിച്ചുകൊടുത്തു. വാമനാശ്രമത്തിൽ അന്നു് വിശ്രമിച്ചുശേഷം മഹർഷി പിറേറന്നു രാജകുമാരന്മാരോടുകൂടി സ്വന്തം ആശ്രമത്തിൽ ചെന്നുചേന്നു. ശിഷ്യന്മാർ അവിടെ യാഗത്തിനു വേണ്ടുന്ന വകകൾ സംഭരിച്ചുവച്ചിരുന്നു. യാഗം വഴി

പോലെ ആരംഭിക്കപ്പെട്ടു. രാമലക്ഷ്മണന്മാർ ജാഗരൂകന്മാരായി നിലകൊണ്ടു. അല്പസമയം കഴിഞ്ഞപ്പോൾ യാഗഭൂമിയിൽ രക്തബിന്ദുക്കൾ വീണുതുടങ്ങി. ഋത്വിക്കുകൾ സംഭ്രാന്തരായി. യാഗം മുടക്കുവാൻ വന്നുചേന്ന രാക്ഷസസംഘത്തിലെ പ്രമുഖന്മാരായ മാരീചനേയും സുബാഹുവിനേയും ലക്ഷ്യമാക്കി ശ്രീരാമൻ ശരപ്രയോഗം നടത്തി. സുബാഹു മരിച്ചുവീണു. മാരീചൻ ഓടിഒളിച്ചു ആത്മരക്ഷചെയ്തു. മററുള്ള രാക്ഷസന്മാരും അതുകണ്ടു പേടിച്ചു പിന്മാറി. വിഘ്നകാരികൾ ഇങ്ങനെ ഒഴിഞ്ഞു പോകയാൽ യാഗം മംങ്ഗളമയി പര്യവസാനിച്ചു. സന്തുഷ്ടനായ വിശ്വാമിത്രൻ രാജകുമാരന്മാരെ അഭിനന്ദിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു.

ഈ അവസരത്തിൽ ജനകമഹാരാജാവു് വിശ്വാമിത്രമഹർഷിയെ ഒരു യാഗത്തിൽ പങ്കുകൊള്ളുവാൻ ദൂതന്മാരെ അയച്ചു് ക്ഷണിക്കുകയുണ്ടായി മഹർഷി രാമലക്ഷ്മണന്മാരെയും കൂട്ടിക്കൊണ്ടു നേരെ മിഥിലാപുരിയിലേക്കു പുറപ്പെട്ടു. വഴിയിൽ ഒരു രാത്രിയിൽ അവർ ഗൗതമാശ്രമത്തിൽ താമസിച്ചു. ഗൗതമശാപംകൊണ്ടു ശിലയായിത്തീന്നുപോയ ഗൗതമപത്നിയായ അഹല്യ ശ്രീരാമൻെറ പാദസ്പർശം ഏററു ശാപമുക്തയായി. അടുത്തദിവസം അവർ മിഥിലാപുരിയിൽ എത്തി. ജനകൻ വിശ്വാമിത്രമഹർഷിയേയും രാജകുമാരന്മാരെയും എതിരേററു പൂജിച്ചു. തേജസ്വികളും അഭിരാമന്മാരും ആയ രാമലക്ഷ്മണന്മാരുടെ ദർശനം മിഥിലാവാസികൾക്കു് ഒരു മഹോത്സവം പോലെ ആനന്ദപ്രദമായിരുന്നു.

ജനകമഹാരാജാവു് അസാമാന്യമായ വലുപ്പവും ബലവുമുള്ള ഒരു ശൈവചാപം വച്ചു പൂജിക്കുന്നുണ്ടായിരുന്നു. അതിനെ ഒടിക്കുന്ന വീരനുമാത്രമേ തന്റെ മകളായ സീതയെ വിവാഹം ചെയ്തു കൊടുക്കൂ എന്നൊരു ശപഥവും അദ്ദേഹം ചെയ്തിട്ടുണ്ടായിരുന്നു. അനേകമനേകം രാജാക്കന്മാർ ആ പന്തയത്തിൽ പങ്കെടുത്തു തോററുപോകയും ചെയ്തിരുന്നു. യാഗം അവസാനിച്ചപ്പോൾ ശ്രീരാമചന്ദ്രനു ശൈവചാപം കാണുവാൻ ആഗ്രഹമുണ്ടെന്നവസ്തുത വിശ്വാമിത്രൻ ജനകമഹാരാജാവിനെ അറിയിച്ചു. കോമളനും കുലീനനുമായ ശ്രീരാമചന്ദ്രനെ കണ്ടപ്പോൾ മുതൽ ജനകൻ തന്റെ ശപഥത്തെക്കുറിച്ചു പശ്ചാത്തപിക്കുവാൻ തുടങ്ങിയിരുന്നു. മഹർഷിയുടെ ആജ്ഞ അനുസരിച്ചു് അദ്ദേഹം ചാപം അവിടെ കൊണ്ടുവരുവാൻ അനുചരന്മാരെ നിയോഗിച്ചു. അനേകായിരം പേർ ചേർന്നു ചുമന്നുകൊണ്ടു വന്ന ആ ശൈവധനുസ്സിനെ രാമചന്ദ്രൻ നിഷ്പ്രയാസം എടുത്തു കുലച്ചു ഒടിച്ചു കളഞ്ഞു. ദ്രഷ്ടാക്കൾ മുഴുവൻ വിസ്മയസ്തബ്ധരായി. സന്തുഷ്ടനായ മിഥിലേശൻ ശപഥം അനുസരിച്ചു് സീതയെ ശ്രീരാമനു അഗ്നിസാക്ഷികമായി ദാനം ചെയ്തു. അനന്തരം അദ്ദേഹം ദൂതന്മാരെ അയച്ചു ദശരഥമഹാരാജാവിനെ വിവരം അറിയിച്ചു. സ്വപുത്രന്മാർക്കു അനുരൂപരായ വധൂജനങ്ങളെ അന്വേഷിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിനു ആ വാർത്ത അത്യന്തം സന്തോഷപ്രദമായിരുന്നു. ഉടൻതന്നെ അദ്ദേഹം സപരിവാരം മിഥിലാപുരിയിലേക്കു എഴുന്നള്ളി. മിഥിലേശൻ ആദ

രപൂർവ്വമെന്ന എതിരേററു. സമ്മിളിതന്മാരായ ആ മഹാരാജാക്കന്മാരുടെ സന്നിധാനത്തിൽ അവരുടെ നിർദ്ദേശാനുസാരം വിവാഹമങ്ഗളക്രിയകൾ മുറപ്പോലെ നടന്നു. ശ്രീരാമൻ ഭൂപുത്രിയായ സീതയെയും ലക്ഷ്മണൻ അനുജത്തിയായ ഊർമ്മിളയെയും ഭരതശത്രുഘ്നന്മാർ യഥാക്രമം കുശധ്വജപുത്രിമാരായ മാണ്ഡവിയെയും ശ്രുതകീർത്തിയേയുംവിവാഹംചെയ്തു. ആ വേഴ്ച രാജകുമാരന്മാൎക്കും രാജകുമാരിമാൎക്കും ഒരുപോലെ ചാരിതാൎത്ഥ്യജനകമായിരുന്നു.

ദശരഥമഹാരാജാവു് വിവാഹിതന്മാരായ പുത്രന്മാരോടുകൂടി സ്വന്തം രാജധാനിയിലേക്കു മടങ്ങി. മൈഥിലൻ ഏറെ ദൂരം അദ്ദേഹത്തെ അനുഗമിച്ച ശേഷം തിരിച്ചുപോയി. യാത്ര തുടൎന്ന ദശരഥന്‍ വഴിൽ അനേകം ദുൎന്നിമിത്തങ്ങൾ നേരിട്ടു. നിമിത്തജ്ഞനായ വസിഷ്ഠമഹർഷി എല്ലാം ശുഭോദൎക്കമായിത്തീരുമെന്നു പറഞ്ഞു രാജാവിനെ സമാശ്വസിപ്പിച്ചു. അടുത്ത ക്ഷണത്തിൽ രോഷഭീഷണനായ ഭാർഗ്ഗവരാമൻ അവിടെ പ്രത്യക്ഷനായി. ക്ഷത്രിയകുലാന്തകനായ ആ ജാമദഗ്ന്യനെ കണ്ടപ്പോൾ ബാലന്മാരായ സ്വപുത്രന്മാരെ ഓൎത്തു ദശരഥനു് ഉണ്ടായ ഭീതിക്കു് അതിരില്ലായിരുന്നു. അൎഘ്യസമർപ്പണത്തിനുവേണ്ടി മുൻപിൽ വന്ന ദശരഥനെ അവഗണിച്ചുകൊണ്ടു പരശുരാമൻ നേരെ രഘുരാമന്റെ അടുത്തെത്തി. കൈയ്യിൽ വില്ലും അമ്പും ധരിച്ചു യുദ്ധസന്നദ്ധനായി മുൻപിൽ വന്ന ഭാർഗ്ഗവനെ കണ്ടിട്ടും യാതൊരു ഭീതിയും രാഘവനു ഉണ്ടായില്ല. പരശുരാമൻ ഇങ്ങനെ സംഭാഷണം ആരംഭിച്ചു:—

"എന്റെ അച്ഛനെ കൊല്ലകനിമിത്തം ക്ഷത്രിയരെ മുഴവനം ഞാൻശത്രുക്കളായിട്ടാണ് കരുതുന്നതു്. പലപ്രാവശ്യമായി അവരെ കൊന്നശേഷം ഞാൻ ശാന്തനായി കഴിയുകയായിരുന്നു. എന്നാൽ നിന്റെ വിക്രമങ്ങൾ എന്നെ വീണ്ടും കോപിഷ്ഠനാക്കിയിരിക്കുന്നു. മററു രാജാക്കന്മാൎക്ക് ആൎക്കുംതന്നെ വളയ്ക്കുവാൻപോലും സാദ്ധ്യമാകാത്ത മൈഥിലരക്ഷിതമായ ശൈവചാപം നീ ഒടിച്ചു എന്നു കേട്ടു. അതു് എനിക്കു ഒരു അഭിമാനക്ഷതി തന്നെയാണ് ഉണ്ടാക്കിയിരിക്കുന്നതു്. പണ്ടു് രാമൻ എന്നു പറഞ്ഞാൽ ലോകം എന്നെ മാത്രമേ അറിഞ്ഞിരുന്നുള്ളു. ഇന്നു നീ വളൎന്നുവന്നതോടുകൂടി ആ നിലയ്ക്കും ഭങ്ഗം വന്നിരിക്കുന്നു. ഈ അവസ്ഥ എനിക്കു ലജ്ജാകരമായി തീരുന്നുണ്ടു്. എന്റെ പശുക്കുട്ടിയെ ഹരിച്ച കാൎത്തവീൎയ്യനും കീൎത്തിയെ ഹരിക്കാൻ തുടങ്ങുന്ന നീയും എന്റെ ദൃഷ്ടിയിൽ ഒരുപോലെ തെററുകാരാണു്. നിന്നെ ജയിക്കാത്ത പക്ഷം ക്ഷത്രിയാന്തകൻ എന്ന എന്റെ നിലയെ ഞാൻതന്നെ ബഹുമാനിക്കുന്നില്ല. നീ ആ ശൈവചാപം ഒടിച്ചുകളഞ്ഞു എന്നു കരുതി അഹങ്കരിക്കേണ്ട. അതു് ഹരിതേജസ്സുകൊണ്ടു പണ്ടേ ദുൎബ്ബലമാക്കപ്പെട്ട ഒന്നായിരുന്നു. നദിയുടെ ഒഴുക്കുകൊണ്ടു മൂടു ഇളകി നിൽക്കുന്ന മരം മറിച്ചിടുവാൻ ചെറുകാററിനും കഴിഞ്ഞു എന്നു വരും. ഞാൻ എന്റെ ഈ വൈഷ്ണവധനുസ്സു് അങ്ങോട്ടു തരാം. കഴിയുമെങ്കിൽ അതിൽഞാൺ കെട്ടിശരം തൊടുത്താലും. അതു് സാദ്ധ്യമായാൽ നീ എന്നെ ജയിച്ചതായി ഞാൻ സമ്മത

ച്ചുകൊള്ളാം. എൻെറ മിന്നിത്തിളങ്ങുന്ന ഈ പരശു കണ്ടു നീ പേടിച്ചു കഴിഞ്ഞെങ്കിൽ തൊഴുകൈയ്യോടുകൂടി അഭയപ്രാൎത്ഥന ചെയ്തുകൊള്ളുക."

ഭാൎഗ്ഗവരാമൻെറ ഈ പോൎവിളിക്കു് ബാലനായ രഘുരാമൻ നൽകിയ ഉത്തരം ഒരു പുഞ്ചിരിയോടുകൂടി ആ ചാപം കൈയ്യിൽ വാങ്ങുക എന്നതായിരുന്നു. ആ വൈഷ്ണവചാപത്തിൻെറ ചേൎച്ച ഉണ്ടായപ്പോൾ വിഷ്ണുപരാക്രമനായ ശ്രീരാമചന്ദ്രൻ ഉജ്ജ്വലശോഭനായിത്തീൎന്നു. ബലിഷ്ഠനായ അദ്ദേഹം നിഷ്പ്രയാസം വില്ലിൽ ഞാൺ വലിച്ചുകെട്ടി ശരം തൊടുക്കുകയും ചെയ്തു. ഇതു കണ്ടപ്പോൾ പരശുരാമൻ നിഷ്പ്രഭനായിത്തീൎന്നുപോയി, പരാജിതനായിത്തീൎന്ന ക്ഷത്രിയാന്തകൻെറ ആ ദീനത രാഘവനെ ദയാൎദ്രചിത്തനാക്കി. അദ്ദേഹം ഇങ്ങനെ പറഞ്ഞു:—

"അല്ലയോ ഭാൎഗ്ഗവ, ഉപദ്രവകാരിയാണെങ്കിലും അങ്ങയെ ഒരു വിപ്രനായതുകൊണ്ടു് മൎദ്ദിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല, എന്നാൽ ഞാൻ തൊടുത്ത ഈ ബാണം നിഷ്പ്രയോജനമാകുവാനും പാടില്ല. അതുകൊണ്ടു് അമ്പു പ്രയോഗിച്ചു അങ്ങയുടെ സഞ്ചാരസാമൎത്ഥ്യത്തെയോ പുണ്യലോകത്തെയോ നശിപ്പിക്കണമെന്നു കരുതുന്നു. ഇവയിൽ ഏതിനെയാണു നശിപ്പിക്കേണ്ടതെന്നു് അങ്ങുതന്നെ പറഞ്ഞുകൊള്ളുക."

ആ മഹൎഷി ഇങ്ങനെ മറുപടി പറഞ്ഞു:—

"ഭഗവാനെ. അവിടന്നു പുരാണപുരുഷനായ വിഷ്ണുദേവനാണു് എന്ന വസ്തുത ഞാൻ വേണ്ടവണ്ണം മന

സ്സിലാക്കിയിട്ടുണ്ട്. എന്നാൽ ധർമ്മസംസ്ഥാപനത്തിനായി ഭൂമിയിൽ അവതരിച്ച നിന്തിരുവടിയുടെ വൈഷ്ണവതേജസ്സ് കാണണമെന്ന ആഗ്രഹം കൊണ്ടു അവിടത്തെ ഒന്നു കോപിപ്പിക്കുകയാണു ഞാൻ ചെയ്തതു്. അച്ഛന്റെ ശത്രുക്കളെ മുഴുവൻ ഭസ്മീകരിക്കുവാനും ഭൂമിയെ ഒന്നാകെ സ്വാധീനമാക്കിയശേഷം അതിനെ സത്പാത്രത്തിൽ ദാനം ചെയ്‌വാനും കഴിഞ്ഞ എനിക്ക് പരമേശ്വരനായ അങ്ങയിൽനിന്നും പിണഞ്ഞ ഈ തോൽവിയും പ്രശംസനീയമായ ഒരു നേട്ടം തന്നെയാണു്. പുണ്യതീർത്ഥങ്ങൾതോറും സഞ്ചരിക്കണം എന്നു് എനിക്കു മോഹമുണ്ടു്. അതുകൊണ്ടു് എന്റെ സഞ്ചാരസ്വാതന്ത്ര്യത്തെ രക്ഷിപ്പാൻ അവിടത്തേക്കു കരുണ ഉണ്ടാകണം. ഭോഗലോലുപനല്ലാത്ത എന്നെ സ്വർഗ്ഗത്തിന്റെ നഷ്ടം ദുഃഖിപ്പിക്കുകയില്ല.''

രാമചന്ദ്രൻ ഭാർഗ്ഗവമുനിയുടെ അഭ്യർത്ഥന അംഗീകരിച്ചു. അദ്ദേഹം കിഴക്കേ ദിക്കു ലാക്കാക്കി അസ്ത്രം വിട്ടു. സുകൃതിയായിരുന്നെങ്കിലും ഭാർഗ്ഗവരാമന്റെ സ്വർഗ്ഗമാർഗ്ഗം അതോടെ എന്നന്നേക്കുമായി അടഞ്ഞുപോയി. അടുത്ത ക്ഷണത്തിൽ ശ്രീരാമൻ ആ തപോനിധിയെ നമസ്കരിച്ചു ക്ഷമായാചനം ചെയ്തു. പരാജിതനായ ശത്രുവിനെയും നമസ്കരിക്കുവാൻ ആ മഹാശയൻ മടിച്ചില്ല. പരശുരാമന്റെ അമ്മ ക്ഷത്രിയസ്ത്രീയും അച്ഛൻ ബ്രാഹ്മണനുമായിരുന്നു. ഈ സംഭവം അദ്ദേഹത്തിന്റെ മാതൃകമായ രാജസത്വം നശിപ്പിക്കുകയും പൈതൃകമായ ശമഗുണം ഉജ്ജ്വലിപ്പിക്കുകയും ചെയ്തു. അങ്ങനെ ആ പരാജയം അദ്ദേഹത്തിനു മഹത്തായ ഒരു പ്രയോജനം

ഉണ്ടാക്കി. ശാന്തനും സന്തുഷ്ടചിത്തനുമായിത്തീൎന്ന അദ്ദേഹം രാഘവനോട് യാത്രചോദിച്ചശേഷം മടങ്ങിപ്പോയി.

ദശരഥമഹാരാജാവ് വിജയിയായ രാമചന്ദ്രനെ സസ്നേഹം ആലിങ്ഗനം ചെയ്തു. സ്വപുത്രൻ വീണ്ടും ജയിച്ചു എന്ന പ്രതീതിയാണ് അദ്ദേഹത്തിനു് ഉണ്ടായതു്. അനന്തരം അദ്ദേഹം പുത്രന്മാരോടും പരിവാരങ്ങളോടും കൂടി നിർവ്വിഘ്നം യാത്രചെയ്തു് അയോദ്ധ്യയിൽ എത്തിച്ചേൎന്നു. മൈഥിലിയെ കാണുവാൻ കാത്തുനിന്ന പൗരവധൂജനങ്ങളെക്കൊണ്ടു് അയോദ്ധ്യാനഗരത്തിലെ പ്രാസാദങ്ങൾ നിറഞ്ഞുകവിഞ്ഞിരുന്നു.

## പന്ത്രണ്ടാം അദ്ധ്യായം

### രാവണവധം

വാർദ്ധക്യം ഏറിവരുന്തോറും ദശരഥമഹാരാജാവിനു ശ്രീരാമനെ യുവരാജാവാക്കി അഭിഷേകം കഴിക്കണം എന്ന അഭിലാഷവും ഏറിവന്നു. പൗരപ്രധാനന്മാരും മന്ത്രിമാരും അടങ്ങിയ ഒരു സദസ്സിൽ ആ ആഗ്രഹം പ്രകടിതമായി. ശ്രീരാമചന്ദ്രന്റെ അഭിഷേകവാൎത്ത എല്ലാവരെയും സന്തോഷിപ്പിച്ചു. അഭിഷേകത്തിനു വേണ്ടുന്ന സംഭാരങ്ങൾ സവിശേഷം സംഭരിക്കപ്പെട്ടു. അയോദ്ധ്യാവാസികൾ ആനന്ദസമുദ്രത്തിൽ ആറാടി. എന്നാൽ സന്തോഷഭരിതമായിരുന്ന ആ അന്തരീക്ഷത്തെ

ദശരഥമഹാരാജാവിൻെറ കണ്ണുനീർതന്നെ കലുഷമാക്കിത്തീൎത്തു. അഭിഷേകം നടത്താൻ പാടില്ല എന്നാശഠിച്ച കോപിഷ്ഠയായ കൈകേയി ആയിരുന്നു ആ ങ്ഗം സൃഷ്ടിച്ചതു്. യഥേഷ്ടം ചരിച്ചുകൊള്ളാമെന്ന നിലയിൽ മഹാരാജാവിനാൽ പ്രതിശ്രുതങ്ങളായിരുന്ന രണ്ടു വരങ്ങളെ അവൾ അദ്ദേഹത്തെ ഓൎമ്മിപ്പിച്ചു. വരദാനത്തിനു രാജാവു് സന്നദ്ധനായി. സ്വാഭീഷ്ടസിദ്ധിക്കു വേണ്ടി കൈകേയി ആ വരങ്ങൾക്കു രൂപംകൊടുത്തു. ഒന്നാമത്തെ വരം രാമചന്ദ്രനെ പതിന്നാലു വൎഷം കാട്ടിൽ താമസിക്കുവാൻ അയക്കണമെന്നും രണ്ടാമത്തേതു ഭരതനെ യുവരാജാവായി അഭിഷേകം കഴിക്കണമെന്നുമായിരുന്നു.

ശ്രീരാമൻ പിതാവിൻെറ "രാജ്യം ഭരിക്കു എന്ന" ആജ്ഞ കണ്ണുനീരോടുകൂടിയാണ് സ്വീകരിച്ചതു്. എന്നാൽ "വനത്തിലേക്കു പോകൂ" എന്ന ശാസനം ഏററവും സന്തോഷത്തോടുകൂടിത്തന്നെ സ്വീകരിച്ചു. അഭിഷേകത്തിനായി മംഗലവസ്ത്രം ഉടുത്തപ്പോഴും വനയാത്രയ്ക്കായി വല്ക്കലം ധരിച്ചപ്പോഴും ശ്രീരാമചന്ദ്രൻെറ മുഖഭാവം ഒരുപോലെതന്നെ ഇരുന്നു. അതിൽ കാണികൾ അദ്ഭുതപ്പെട്ടു. പിതാവിൻെറ സത്യം രക്ഷിക്കാനായി ശ്രീരാമൻ സീതയോടും ലക്ഷ്മണനോടും കൂടി ഉടൻതന്നെ ദണ്ഡകാരണ്യത്തിലേക്കു പുറപ്പെട്ടു. അദ്ദേഹത്തിന്റെ അനുപമമായ പിതൃഭക്തിയേയും ത്യാഗബുദ്ധിയേയും കണ്ടു് സജ്ജനങ്ങൾ വളരെ സന്തോഷിച്ചു.

ദശരഥമഹാരാജാവിനു പുത്രവിയോഗം തീരെ സഹ്യമായിരുന്നില്ല. സ്വകൎമ്മഫലമായി പണ്ടേ പിണ്ഞിരുന്ന ശാപം ഓൎത്തുകൊണ്ടുതന്നെ അദ്ദേഹം ദേഹ

ത്യാഗം ചെയ്തു. മഹാരാജാവു് നാടുനീങ്ങിയതിനാലും രാജകുമാരന്മാർ ആരും അവിടെ ഇല്ലാതിരുന്നതുകൊണ്ടും രാജ്യം അരാജകാവസ്ഥയിൽ ആപതിച്ചു. തന്നിമിത്തം മന്ത്രിമാർ ആപ്തന്മാരായ ദൂതന്മാരെ അയച്ചു ഭരതശത്രുഘ്നന്മാരെ കേകയരാജ്യത്തിൽ നിന്നും ഉടൻ അയോദ്ധ്യയിലേയ്ക്കു കൂട്ടികൊണ്ടുവന്നു. അയോദ്ധ്യയിൽ എത്തിയശേഷമേ അവരെ വിവരം ധരിപ്പിച്ചിട്ടുള്ളു. പിതാവിന്റെ മരണവാർത്ത അറിഞ്ഞ ഭരതൻ മാതാവിന്റെയും രാജ്യപ്രാപ്തിയുടെയും നേരെ ഒരുപോലെ പരാങ്മുഖനായിത്തീർന്നു. പിതാവിന്റെ അന്ത്യസംസ്കാരങ്ങൾ കഴിച്ചശേഷം അദ്ദേഹം സൈന്യസമേതം ശ്രീരാമനെ അന്വേഷിച്ചു വനത്തിലേക്കു തിരിച്ചു. ആശ്രമവാസികളോടു ചോദിച്ചറിഞ്ഞു ഒടുവിൽ അദ്ദേഹം രാമാശ്രമം കണ്ടുപിടിച്ചു. രാമാശ്രമപ്രാന്തത്തിലെ വൃക്ഷാഗ്രങ്ങൾ കണ്ടു തുടങ്ങിയപ്പോൾ മുതൽ ഭരതൻ കണ്ണുനീർ വാക്കുവാൻ തുടങ്ങി. ചിത്രകൂടത്തിൽ സീതാലക്ഷ്മണസമേതനായി വസിച്ചിരുന്ന ശ്രീരാമദേവനെ ചെന്നുകണ്ടു ഭരതൻ സാഷ്ടാംഗം നമസ്കരിച്ചു. പിതാവു് സ്വർഗ്ഗം പ്രാപിച്ച വാർത്ത അറിയിച്ചശേഷം തിരിച്ചെഴുന്നള്ളി രാജ്യഭാരം കൈയേല്ക്കുവാൻ അദ്ദേഹം ജ്യേഷ്ഠനെ നിർബന്ധിച്ചു. എന്നാൽ സത്യനിഷ്ഠനായ ശ്രീരാമൻ ഭരതന്റെ അപേക്ഷയെ സ്വീകരിച്ചില്ല. സ്വർഗ്ഗസ്ഥനായിത്തീർന്ന പിതാവിന്റെ നിർദ്ദേശം പരിപാലിക്കുവാൻ തന്നെ അദ്ദേഹം നിശ്ചയിച്ചു. ആ നിശ്ചയത്തിൽ നിന്നും അദ്ദേഹത്തെ ഇളക്കുവാൻ ആർക്കും കഴിഞ്ഞില്ല. ഭരതൻ ഒടുവിൽ രാജ്യാധിദേവതകളാക്കി വയ്ക്കുവാൻ ശ്രീരാമന്റെ പാദുകകൾ കൊടുക്കണമെന്നു

അപേക്ഷിച്ചു. ആ അപേക്ഷ സഫലമായി. ഭരതൻ ശ്രീരാമപാദുകകളുമായി തിരിച്ചുപോയി. നന്ദിഗ്രാമത്തിൽ താമസിച്ചുകൊണ്ടു് ഭരതൻ രാജ്യപരിപാലനം നടത്തി. ജ്യേഷ്ഠനെ കൂടാതെ അയോദ്ധ്യയിൽ കടക്കുകയില്ലെന്നു് അദ്ദേഹം ശപഥം ചെയ്തു. ജ്യേഷ്ഠഭക്തനും രാജ്യതൃഷ്ണാരഹിതനുമായ ഭരതൻ മാതാവിന്റെ പാപത്തിനു് അങ്ങനെയാണു, പരിഹാരം ചെയ്തതു്.

ശ്രീരാമൻ ഭാര്യയോടും അനുജനോടും കൂടി വനത്തിൽത്തന്നെ താമസിച്ചു. ഇക്ഷ്വാകുവംശജന്മാർ വാർദ്ധക്യത്തിലാണു് വനവാസം ചെയ്യുന്നതു്. എന്നാൽ ശ്രീരാമനു് യൌവനത്തിൽത്തന്നെ അതു് നിർവ്വഹിക്കേണ്ടതായിവന്നു. ശാന്തനും വന്യവൃത്തിയുമായി അദ്ദേഹം വനവാസം തുടങ്ങി.

ഒരിക്കൽ ശ്രീരാമൻ വൃക്ഷത്തണലിൽ സീതയുടെമടിയിൽ തലയുംവച്ചു് ഉറങ്ങുകയായിരുന്നു. ആ അവസരത്തിൽ ഇന്ദ്രപുത്രനായ ജയന്തൻ സീതയുടെ സൌന്ദര്യത്താൽ ആകൃഷ്ടനായി ഒരു കാക്കയുടെ ആകൃതി ധരിച്ചു് അവിടെ വന്നു ചാപല്യങ്ങൾ കാട്ടുവാൻ തുടങ്ങി. സീതാദേവി ശ്രീരാമനെ ഉണർത്തി കാകചേഷ്ടിതം അദ്ദേഹത്തെ അറിയിച്ചു. തത്ക്ഷണം മനസ്സിലാക്കിയ അദ്ദേഹം കാകന്റെനേരെ ഇഷീകാസ്ത്രം പ്രയോഗിച്ചു. പ്രാണഭീതിയോടുകൂടി പരക്കംപാഞ്ഞശേഷം ജയന്തൻ ശ്രീരാമദേവനെത്തന്നെ ശരണംപ്രാപിച്ചു. കണ്ണുകളിൽ ഒന്നു നഷ്ടപ്പെടുത്തി ആത്മരക്ഷ ചെയ്യുവാൻ ജയന്തനു് കഴിഞ്ഞു.

അയോദ്ധ്യയിൽനിന്നും കൂടക്കൂടെ ഇനിയും ബന്ധുജനങ്ങൾ വന്നുചേരുമെന്നുകരുതി ശ്രീമാൻ ചിത്രകൂടം വിട്ടു. അനുജനോടും ഭാൎയ്യയോടുംകൂടി അദ്ദേഹം ഋഷികുലങ്ങളിൽനിന്നു് ആതിഥ്യം സ്വീകരിച്ചുകൊണ്ടു് തെക്കൻദിക്കുകളിലേക്കു സഞ്ചരിച്ചു.

ഈ കാനനസഞ്ചാരത്തിൽ സീതാദേവി വളരെ ക്ലേശങ്ങൾ അനുഭവിച്ചെങ്കിലും ഉത്സാഹവതിയായിരുന്നു. കൈകേയി തടഞ്ഞെങ്കിലും ചാരിത്രദേവതയായ സീത സ്വപ്രാണനാഥനെ അനുഗമിക്കുകയാണു ചെയ്തതു്. അനസൂയാദേവി നൽകിയ അങ്ഗരാഗത്തിന്റെ വൈശിഷ്ട്യംകൊണ്ടു ആ അരണ്യജീവിതത്തിലും സീതയ്ക്കു ശരീരസൌന്ദൎയ്യം രക്ഷിക്കുവാൻ കഴിഞ്ഞു.

ശ്രീരാമാൻ സീതാലക്ഷ്മണസഹിതനായി വനത്തിൽ സഞ്ചരിക്കുമ്പോൾ ഒരിക്കൽ വിരാധൻ എന്നൊരു രാക്ഷസൻ അദ്ദേഹത്തെ എതിരിട്ടുകയുണ്ടായി. രാമലക്ഷ്മണന്മാരുടെ ഇടയിൽനിന്നും സീതയെ അപഹരിച്ചുകൊണ്ടുപോകുവാൻ തുനിഞ്ഞ അവൻ ക്ഷണത്തിൽ കാലപുരത്തിനു യാത്രപോകേണ്ടിവന്നു.

അഗസ്ത്യമഹർഷിയുടെ നിർദ്ദേശമനുസരിച്ചു ശ്രീരാമൻ ആചാരപുരസ്സരം പഞ്ചവടിയിൽ താമസമുറപ്പിച്ചു. വർഷങ്ങൾ പലതു കഴിഞ്ഞു. ശാന്തസുന്ദരമായ ആ ആശ്രമവാസം ഒരു സംഭവംകൊണ്ടു് പെട്ടെന്നു കലുഷമായി. രാവണസഹോദരിയായ ശൂർപ്പണഖ ഒരു ദിവസം

രാമാശ്രമത്തിൽ കടന്നുചെന്നു. കാമകോമളനായ രാമചന്ദ്രൻെറ ദർശനം അവളെ മദനാതുരയാക്കിത്തീർത്തു. സീതാസന്നിധിയിൽവച്ചുതന്നെ അവൾ ശ്രീരാമനോട് ഭർത്താവാകണമെന്ന് അപേക്ഷിച്ചു. അതിപ്രവൃദ്ധമായ മദനവികാരം സ്ത്രീകളെ അവസരബോധമില്ലാത്തവരാക്കിത്തീർക്കും എന്നു പ്രസിദ്ധമാണല്ലോ. "ബാലേ എനിക്ക് ഒരു ഭാര്യയുണ്ട്; ഭാര്യാരഹിതനാണ് എൻെറ അനുജൻ; നീ അയാളുടെ അടുക്കലേക്കു ചെല്ലുക" എന്നു പറഞ്ഞു ശ്രീരാമൻ ആ കാമുകിയെ ലക്ഷ്മണസമീപത്തേക്ക് അയച്ചു. "ആദ്യം ജ്യേഷ്ഠനെ വരിച്ച നിന്നെ എനിക്കു സ്വീകരിക്കുവാൻ സാദ്ധ്യമല്ല" എന്നായിരുന്നു ലക്ഷ്മണൻെറ മറുപടി. അവൾ വീണ്ടും രാമാന്തികത്തിൽ ചെന്നു നിലയായി. അസാധാരണമായ ഈ നടപടിക്രമം സീതാദേവിക്കു മന്ദഹാസം ഉളവാക്കി. നിശ്ചലമായ സമുദ്രത്തെ ചന്ദ്രോദയമെന്നപോലെ ആ ചെറുചിരി രാവണചക്രവർത്തിയുടെ സഹോദരിയെ സംക്ഷുബ്ധയാക്കി. "ഈ ഉപഹാസത്തിൻെറ ഫലം നീ അനുഭവിക്കും, മാൻപേട വ്യാഘ്രിയെ ധിക്കരിക്കുകയോ" എന്നു പറഞ്ഞുകൊണ്ടു അവൾ സീതാദേവിയുടെ നേരെ കയർത്തുതുടങ്ങി. രോഷാവിഷ്ടയായ ആ രാക്ഷസി പേരിനൊത്ത രൂപവും കൈക്കൊണ്ടു. ഭീതയായ സീതാദേവി ഭർത്താവിൻെറ അങ്കതലത്തെ ശരണംപ്രാപിച്ചു. ഭയങ്കരമായ ശബ്ദം പുറപ്പെടുവിക്കുന്ന അവൾ മായാവിനിയായ ഒരു രാക്ഷസിയാണെന്ന കഥ ലക്ഷ്മണൻ വേഗം മനസ്സിലാക്കി.

വളം ഊരിക്കൊണ്ടു് ആശ്രമത്തിനുള്ളിൽ പ്രവേശിച്ചു ലക്ഷ്മണൻ രോഷഭീഷണനായി ശൂർപ്പണഖയുടെ വൈരൂപ്യത്തിന് ഒരു ഇരട്ടിപ്പുതന്നെ ഉണ്ടാക്കി, രാമലക്ഷ്മണന്മാരെ ഭത്സിച്ചുകൊണ്ടു് അവൾ അന്തർദ്ധാനം ചെയ്തു. ഇദംപ്രഥമമായി പിണഞ്ഞ ഈ പരിഭവം രാക്ഷസവംശം സഹിച്ചില്ല. പതിനായിരം യോധന്മാരടങ്ങിയ ഒരു സൈന്യത്തോടുകൂടി ദൂഷണ- ത്രിശിരോയുക്തനായ ഖരൻ ശ്രീരാമനെ വളഞ്ഞു. സീതയെ രക്ഷിച്ചു കൊള്ളുവാൻ ലക്ഷ്മണനെ നിയോഗിച്ചശേഷം അദ്ദേഹം ഏകനായിട്ടു തന്നെ ആ രാക്ഷസസംഘത്തെ നേരിട്ടു. മുന്നേമുക്കാൽ നാഴിക നേരത്തെ യുദ്ധംകൊണ്ടു് ആ സൈന്യത്തെയും അതിൻെറ നായകന്മാരെയും ശ്രീരാമൻ പരലോകപ്രാപ്തരാക്കി. ഈമഹാസംഭവം രാവണനെ അറിയിക്കുവാൻ ശൂർപ്പണഖയല്ലാതെ വേറെ ആരും ജനസ്ഥാനത്തിൽ ശേഷിച്ചില്ല, ഈ പരിഭവവാർത്ത രാവണനെ സംഭ്രാന്തനാക്കി. ശ്രീരാമൻ തൻെറ ശിരസ്സു കമ്പത്തിലുംചവിട്ടേല്പിച്ചുകഴിഞ്ഞു എന്ന ഒരു പ്രതീതിയാണു് ആ രാക്ഷസേന്ദ്രനു് ഉണ്ടായതു്. രാവണൻ മാരീചനെ പൊന്മാനിൻെറ വേഷത്തിലയച്ചു് ആശ്രമത്തിൽനിന്നു് രാമലക്ഷ്മണന്മാരെഅകററിയശേഷം സീതയെമോഷ്ടിച്ചുകൊണ്ടുപോയി. പക്ഷീന്ദ്രനായ ജടായുവിന്റെ എതിർപ്പിനു് അക്കാര്യത്തിൽ ഒരു ക്ഷണികമായ വിഘ്നം മാത്രമേ ഉണ്ടാക്കുവാൻ കഴിഞ്ഞുള്ളു. സീതയെഅന്വേഷിച്ചു പുറപ്പെട്ട രാമലക്ഷ്മണന്മാർ വഴിയിൽചിറകററുകിടന്ന ജടായുവിനെ കണ്ടെത്തി സീതാദേവിയെ രാവണൻ

അപഹരിച്ചുകൊച്ചുകൊണ്ടുപോയി എന്നു പറയാൻ മാത്രം ആ പക്ഷീന്ദ്രനു കഴിഞ്ഞു. അടുത്ത ക്ഷണത്തിൽ പ്രാണൻ ജടായുവിൻെറ ശരീരം വിട്ടുപോയി. ജടായു അനുഷ്ഠിച്ച കൃത്യത്തിൻെറ ഗൗരവം ആ പക്ഷിയുടെ ശരീരത്തിൽ ഏററിരുന്ന മുറിവുകൾതന്നെ വിളിച്ചുപറഞ്ഞു. ദശരഥമിത്രമായ ആ പക്ഷിശ്രേഷ്ഠനെ ഉചിതമായവിധത്തിൽ സംസ്കരിച്ചശേഷമാണു് രാമലക്ഷ്മണന്മാർ അവിടെനും പിന്തിരിഞ്ഞതു്. ശാപമുക്തനായ കബന്ധൻെറ ഉപദേശം അനുസരിച്ചു് ഋഷ്യമൂകാചലത്തിൽ താമസിച്ചിരുന്ന സുഗ്രീവനുമായി ശ്രീരാമൻ സഖ്യത്തിലേർപ്പെട്ടു. അദ്ദേഹം ബാലിയെ വധിച്ചു് സുഗ്രീവനെ കിഷ്കിന്ധാധിപതിയായി വാഴിച്ചു. സുഗ്രീവൻെറ ആജ്ഞ അനുസരിച്ചു് വാനരന്മാർ സീതാദേവിയെ അന്വേഷിച്ചു നാനാദേശങ്ങളിലേയ്ക്കു് പുറപ്പെട്ടു. അവരിൽ ഒരാളായ ഹനുമാൻ സമ്പാതിയുടെ ഉപദേശമനുസരിച്ചു സമുദ്രം കടന്നു് ലങ്കയിലെത്തി. അവിടെ വിഷവല്ലികളാൽ മൂടപ്പെട്ട മഹൗഷധിയെപ്പോലെ രാക്ഷസികളാൽ ചുററപ്പെട്ട സീതാദേവിയെ കണ്ടെത്തുവാൻ ഹനുമാനു് ഭാഗ്യം സിദ്ധിച്ചു. ഹനുമാൻ രാമാങ്ഗുലീയകം കാഴ്ചവച്ചു് സീതയെ സമാശ്വസിപ്പിച്ചു. സീതയുടെ പക്കൽനിന്നും ചൂഡാരത്നവും വാങ്ങി മടങ്ങിയ ഹനുമാൻ അക്ഷകുമാരൻതുടങ്ങിയ അനേകം രാക്ഷസന്മാരെ നിഗ്രഹിക്കുകയും ലങ്ക ചുട്ടു ഭസ്മീകരിക്കുകയും ചെയ്തശേഷമാണു് അവിടെനിന്നും പിന്തിരിഞ്ഞതു് പ്രിയാവൃത്താന്തം അറിയുവാനും ചൂഡാരത്നം ലഭിക്കുവാനും ഇടയായതിൽ ശ്രീരാ

മൻ അത്യന്തം സന്തോഷിച്ചു. അടുത്ത ക്ഷണത്തിൽ അദ്ദേഹം കപിസൈന്യത്തോടുകൂടി ലങ്കയെ ലക്ഷ്യമാക്കി യാത്രയായി. സമുദ്രതീരത്തിൽ എത്തിയ ശ്രീരാമനെ രാവണാനുജനായ വിഭീഷണൻ ചെന്ന് ശരണംപ്രാപിച്ചു. ബന്ധുവായിത്തീർന്ന ആ നിശാചരനെ ലങ്കാധിപതിയായി അഭിഷേകംകഴിക്കുക എന്നതാണ് ശ്രീരാമൻ ഒന്നാമതായി ചെയ്തതു്. അനന്തരം വാനരന്മാർ നിർമ്മിച്ച സേതുവിൽക്കൂടി അദ്ദേഹം സൈന്യസമേതം ലങ്കയിലെത്തി. യുദ്ധം തുടങ്ങി. രാവണനും ബന്ധുക്കളും സൈന്യസമേതം നാശമടഞ്ഞു. അഗ്നിയിൽ വിശുദ്ധി തെളിയിച്ച സീതാദേവിയോടും ലക്ഷ്മണനോടുംകൂടി പുഷ്പകവിമാനത്തിലേറി ആകാശമാർഗ്ഗേണ ശ്രീരാമചന്ദ്രൻ ഉടൻതന്നെ അയോദ്ധ്യയിലേക്കു പുറപ്പെട്ടു. ലങ്കേശ്വരനായ വിഭീഷണനും കപിനായകനായ സുഗ്രീവനും ഹനുമാൻ തുടങ്ങിയവരും അദ്ദേഹത്തെ അനുഗമിച്ചു.

## പതിമൂന്നാം അദ്ധ്യായം

### പ്രത്യാഗമനം

ആ ആകാശസഞ്ചാരം അത്യന്തം മനോഹരമായിരുന്നു. ലങ്കയിൽനിന്നും ഉത്തരദിക്കിലേക്കു പുറപ്പെട്ട ആ

വിമാനത്തിലിരുന്ന ശ്രീരാമന് ആദ്യം കാണുവാൻ കഴിഞ്ഞതു് മലയപർവതംവരെ നീണ്ടുകിടക്കുന്ന മഹാസമുദ്രം ആയിരുന്നു. സേതുവിനാൽ രണ്ടായി വിഭജിക്കപ്പെട്ടും പാതകൾ ചിന്നിയും കാണപ്പെട്ട ആ സമുദ്രം ഛായാപഥത്തോടുകൂടിയ നക്ഷത്രസുന്ദരമായ ആകാശം പോലെ ശോഭിച്ചു. ശ്രീരാമചന്ദ്രൻ കാഴ്ചകൾ ഓരോന്നായി വിവരിച്ചു് സീതാദേവിയെ കേൾപ്പിച്ചു.

ദേവി, സഗരപുത്രന്മാർ എന്നു അറിയപ്പെടുന്നവരും നമ്മുടെ പൂർവികന്മാരുമായ ക്ഷത്രിയന്മാരാണ് സമുദ്രത്തെ ഇന്നു കാണുന്ന നിലയിൽ ആക്കിത്തീർത്തതു് എന്നു് ഒരു ഐതിഹ്യമുണ്ടു്. ലോകത്തു സമ്പത്സമൃദ്ധി ഉണ്ടാകുമാറു് സൂര്യരശ്മികൾ ഗർഭം ധരിക്കുന്നതു് സമുദ്രത്തിൽനിന്നുമത്രേ ഭയങ്കരനായ ബഡവാഗ്നിയുടേയും സർവലോകമനോഹരനായ ചന്ദ്രൻെറയും ഉത്പത്തിസ്ഥാനം ഈ സമുദ്രംതന്നെ. പലവിധത്തിൽ പത്തുദിക്കിലും വ്യാപിച്ചുകിടക്കുന്ന സമുദ്രത്തിൻെറ സ്വരൂപം ഉള്ളവണ്ണം അറിയുവാൻ ആർക്കും സാദ്ധ്യമല്ല. ജഗന്നിവാസനായ ഭഗവാൻ വിഷ്ണു ഈ സമുദ്രത്തിൽതന്നെയാണു് പള്ളിക്കുറുപ്പുകൊള്ളുന്നതു്, ഇന്ദ്രനെ പേടിച്ചു് സമുദ്രത്തെ അഭയംപ്രാപിച്ചു പക്ഷരക്ഷചെയ്തുകഴിയുന്ന പർവതങ്ങൾ അനേകമുണ്ടു്. ആദിവരാഹമൂർത്തി പണ്ടു് പാതാളത്തിൽനിന്നും ഉദ്ധരിച്ചുകൊണ്ടുവന്ന ഭൂമിദേവിക്കു് അല്പനേരത്തേയ്ക്കു മുഖാവരണമായിരുന്നതു് ഈസമുദ്രജലമാണു്. തിമിംഗലങ്ങൾ അവിടവിടെ നദീമുഖങ്ങ

ളിൽ വാപിളൻകിടന്നു് വന്നുചേരുന്ന നദീജലം മുഴുവനും ജന്തുക്കളോടുകൂടി ഉള്ളിലാക്കിയശേഷം തലയിലുള്ള രന്ധ്രം വഴി വെള്ളമത്രം പുറത്തേക്കു വിടുന്ന ആകാഴ്ച ദേവി കാണുന്നുണ്ടോ? പതക്കൂട്ടത്തിന്റെ ഇടയിൽക്കൂടി മുതലകൾ മേൽപ്പോട്ടു ചാടുമ്പോൾ അവയുടെ കപോലഫലകങ്ങൾ വെൺചാമരമണിഞ്ഞ ശോഭ ആവഹിക്കുന്നു. കരയിൽനിന്നും വീശുന്ന കാററു് ആഹരിക്കുവനായി വെള്ളത്തിനു മുകളിൽ തിരമാലകൾക്കൊപ്പം നീണ്ടുപുളഞ്ഞു കിടക്കുന്ന കടൽപ്പാമ്പുകളുടെ തലയിൽ ഇരിക്കുന്ന രത്നങ്ങൾ സൂൎയ്യപ്രകാശം തട്ടി ഉജ്ജ്വലകാന്തി ചിതറുന്നതു ദേവി കാണുന്നുണ്ടല്ലോ. തിരയടിയേററുരുണ്ടുകൊണ്ടിരിക്കുന്ന ശംഖങ്ങളിൽ ചിലതു് ദേവിയുടെ അധരശോഭയെ ജയിക്കുന്ന പവിഴങ്ങളുടെ പൊടിപ്പുകളിൽ കുരുങ്ങിഭപ്പാകുന്ന കാഴ്ച രമണീയമായിരിക്കുന്നില്ലേ? ജലപാനത്തിനുവേണ്ടി സമുദ്രത്തിൽ ഇഴഞ്ഞിറങ്ങിയതും ചുഴികളിൽ അകപ്പെട്ടു വട്ടം തിരിയുന്നതും ആയ മേഘങ്ങൾ മന്ഥരപൎവ്വതംകൊണ്ടു് വീണ്ടും സമുദ്രം മഥിക്കപ്പെടുന്നു എന്നു ശങ്ക ജനിക്കുന്നില്ലേ? അതാ സമുദ്രത്തിന്റെ കരിമ്പനക്കൂട്ടങ്ങൾകൊണ്ടു കറുത്ത മറുകരദൃശ്യമാകുന്നു. കൈതപ്പൂമ്പൊടികളും വഹിച്ചുകൊണ്ടു വീശുന്ന കരക്കാററു ഇതാ നമ്മെ സ്വാഗതംചെയ്യുന്നു."

ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ തന്നെ വിമാനം വേഗം കൊണ്ടു മറുകരയിൽ എത്തികഴിഞ്ഞു മുത്തുമണികൾ നിരന്നുകിടക്കുന്ന മണൽപ്പുറവും പാക്കിൻകുലകൾകൊണ്ടു് അഗ്രം ചാഞ്ഞു കമുകിൻകൂട്ടങ്ങളോടുകൂടിയ

തീരദേശവും അത്യന്തം രമണീയമായിരുന്നു. വിമാനം അതിവേഗത്തിൽ അതിൻെറ ഗതി തുടൻ. ശ്രീരാമചന്ദ്രൻെറ അഭിലാഷംപോലെ അതു് ആകാശത്തിൽ ഉയൎന്നും താണും സഞ്ചരിച്ചുകൊണ്ടിരുന്നു. ആകാശഗംഗയിലെ നീർകണങ്ങളും ഐരാവതത്തിൻെറ മദഗന്ധവും വഹിച്ചുകൊണ്ടു വന്നണഞ്ഞ ആകാശവായു വിമാനചാരികൾക്കു ശ്രമാപശാന്തി വരത്തക്കവണ്ണം വീശികൊണ്ടിരുന്നു അപ്പോഴേയ്ക്കും വിമാനം ജനസ്ഥാനത്തിനു പരിസരത്തു ചേൎന്നു. രാക്ഷസഭീതികൊണ്ടു് അവിടം ഉപേക്ഷിച്ചുപോയിരുന്ന താപസന്മാർ തിരിച്ചുവന്നു് താമസമുറപ്പിച്ചുതുടങ്ങിയിരുന്നു. ശ്രീരാമചന്ദ്രൻ സീതാദേവിയോടു് വീണ്ടും വിശേഷങ്ങൾ പറഞ്ഞുതുടങ്ങി.—

"ദേവി, അപഹൃതയായിത്തീൎന്ന ഭവതിയെ അന്വേഷിച്ചു് ഞങ്ങൾ ഈ സ്ഥലത്തു സഞ്ചരിക്കുമ്പോൾ ഭവതിയുടെ ഒരു നൂപുരം ഞങ്ങൾക്കു ലഭിപ്പാൻ ഇടയായി. ഭവതിയുടെ കാൽച്ചുവടിയെ വിട്ടുപിരിഞ്ഞതിനാലുള്ള ദുഃഖംകൊണ്ടെന്നു തോന്നുമാറു അതു ഒരിടത്തു നിശബ്ദമായി കിടന്നിരുന്നു. രാക്ഷസൻ ദേവിയെ ഏതു വഴിയ്ക്കാണു് അപഹരിച്ചുകൊണ്ടുപോയതു് എന്നു അറിയുവാനായി ചുറ്റിനടന്ന എനിക്കു് ഈ കാട്ടിലെ വള്ളികൾ സംസാരിക്കാൻ കഴിവുള്ളവർ അല്ലെങ്കിലും ശാഖകൾ നീട്ടി വഴികാണിക്കുവാൻ ശ്രമിച്ചിരുന്നു. മാൻപേടകളും തെക്കേദിക്കിലേക്കു നോക്കി തലയുയർത്തി നിന്നു് ദൃഷ്ടിചേഷ്ടകൊണ്ടു് ദേവിയെ കൊണ്ടുപോയ മാർഗ്ഗം എനിക്കു കാണിച്ചുതരുകയുണ്ടായി. ഇതാ, ഈ

മാല്യവാൻെറ ഉന്നതശൃംഗങ്ങൾ വിയോഗാർത്തനായ എന്നോടൊപ്പം കണ്ണുനീർ വാർത്തവയാണ്. ദേവി അപഹൃതയായശേഷം അസഹ്യമായ വിരഹദുഃഖവു പേറി മിക്കവാറും ഉന്മത്തനായി ഞാൻ കുറേനാൾ ഈ പർവതത്തിൽ കഴിച്ചുകൂട്ടിയിട്ടുണ്ട്. ഈ വിമാനത്തിൽ ഘടിപ്പിച്ചിട്ടുള്ള കാഞ്ചനകിങ്കിണികളുടെ ശബ്ദംകേട്ട് ഇതാ ഗോദാവരിയിൽനിന്നും സാരസങ്ങൾ പറന്നു പൊങ്ങിവരുന്നു. ഇതാ, നാം ചിരകാലം താമസിച്ചിരുന്ന പഞ്ചവടി ദേവി ആശ്രമമുററത്തു നിൽക്കുന്ന ആ മാവിൻതൈയ് കാണുന്നില്ലേ? വിമാനശബ്ദംകേട്ട് മാൻകൂട്ടം ഇതാ മേലോട്ടു നോക്കിനിൽക്കുന്നു. പണ്ട് ഒരിക്കൽ വേട്ടയാടി ക്ഷീണിച്ച ഞാൻ ഈ ഗോദാവരി നദിയുടെ തീരത്തിൽ ഒരു വള്ളിക്കുടിലിൽ ദേവിയുടെ മടിയിൽ തലയുംവെച്ചു കിടന്നു് ഉറങ്ങിയ കഥ ഇപ്പോഴും ഓർക്കുന്നു. ഇതാ അഗസ്ത്യാശ്രമം പണ്ട് നഹുഷനെ ഇന്ദ്രപദവിയിൽനിന്നും ഒററനോട്ടംകൊണ്ടു ദൂരെ തെറിപ്പിച്ച മഹാത്മാവാണ് ആ മഹർഷി. ആശ്രമാങ്ഗണത്തിൽനിന്നും ഉയർന്നുവരുന്ന ഹവിർഗന്ധം ആസ്വദിച്ച് എൻെറ അന്തരാത്മാവു നിർവൃതികൊള്ളുന്നു. ആ വനമദ്ധ്യത്തിൽ കാണുന്ന ജലാശയം "പഞ്ചാപ്സര"മെന്ന പേരിൽ അറിയപ്പെടുന്ന ഒരു ക്രീഡാതടാഗമാണ്. ഇതിൻെറ ഉള്ളിലുള്ള സൗധങ്ങളിൽ "ശാതകർണ്ണിമുനി" അപ്സരസ്ത്രീകളോടുകൂടി വസിക്കുന്നുണ്ട്. നാം കേൾക്കുന്ന ശബ്ദം അവിടെനിന്നും പുറപ്പെടുന്ന മൃദങ്ഗഘോ

ഷമാണ്. മഹർഷിയുടെ തപസ്സിനു ഭംഗം വരുത്തുവാൻ ഇന്ദ്രൻ കൈക്കൊണ്ടിരിക്കുന്ന ഒരു തന്ത്രമാണിതു്. പഞ്ചാഗ്നിമദ്ധ്യത്തിൽനിന്നു ഘോരതപസ്സു ചെയ്യുന്ന ഒരു മഹർഷിയെ ദേവി കാണുന്നുണ്ടോ? അദ്ദേഹത്തിന്റെ പേർസുതീക്ഷ്ണൻ എന്നാണ്. അപ്സരസ്ത്രീകളുടെ വിലാസങ്ങൾക്കു ജിതേന്ദ്രിയനായ ഇദ്ദേഹത്തെ ഇളക്കുവാൻ സാധിച്ചിട്ടില്ല. അദ്ദേഹം വിമാനചാരികളായ നമ്മോടുള്ള ബഹുമാനത്തെ സൂചിപ്പിക്കുവാൻ വലതുകൈ ചലിപ്പിച്ചതു ദേവി കണ്ടുവോ? മൗനിയായ അദ്ദേഹം എന്റെ നമസ്കാരത്തെ ശിരഃകമ്പനപൂർവ്വം സ്വീകരിച്ചിട്ടു് വീണ്ടും സൂൎയ്യനിൽ ദൃഷ്ടിയുറപ്പിച്ചുതന്നെ നിലകൊള്ളുന്നു. ഈ കാണുന്നതു് ശരഭംഗാശ്രമമാണ്. ശരഭംഗമഹർഷി ഇപ്പോൾ ഇല്ല. അദ്ദേഹം കുറേനാളിനു മുമ്പു ഹോമാഗ്നിയിൽ സ്വന്തം ശരീരംകൂടി ഹോമിച്ചു മുക്തിപ്രാപിച്ച കഥ ദേവിക്കു അറിവുള്ളതാണല്ലോ. ഇപ്പോഴും ആ ആശ്രമത്തിലെ ഫലവൃക്ഷങ്ങൾ സത്ഫലങ്ങൾകൊണ്ടു് അതിഥികളെ സൽകരിച്ചുപോരുന്നു. ഇതാ നാം ചിത്രകൂടപൎവ്വതത്തിന്റെമുകളിൽ എത്തിയിരിക്കുന്നു. ദേവി ഈ പൎവ്വതത്തെയും അതിന്റെ സമീപത്തിൽക്കൂടി ഒഴുകിപ്പോകുന്ന ഗംഗാനദിയേയും കാണുന്നുണ്ടല്ലോ! ആ പർവതസാനുവിൽ നില്ക്കുന്ന പച്ചിലമരത്തിൽനിന്നും ഞാൻ ഒരു തളിർ അടർത്തെടുത്തു ദേവിക്കു അവതംസമാക്കിവച്ചതു് ഓർക്കുന്നുണ്ടോ? അതിന്റെ അരങ്ങവശമായിക്കാണുന്നതു് അത്രിമഹർഷിയുടെ തപോവനമാണ്, അനസൂയാദേവിതപപ്രഭാവംകൊണ്ടുഗംഗാ

നദിയെ ആ ആശ്രമപ്രാന്തത്തിൽ കൂടി ഒഴുക്കി എന്നൊരു ഐതിഹ്യമുണ്ടു ശ്യാമമെന്ന പേരുള്ള വടവൃക്ഷം അതാ നില്ക്കുന്നു. അതിൻെറ ചുവട്ടിൽ ചെന്നു ദേവി വ്രതസിദ്ധിക്കുവേണ്ടി പ്രാർത്ഥിച്ച കഥ ഓർമ്മയുണ്ടല്ലോ! പഴുത്തുചുവന്ന കായ്കളോടുകൂടിയ ആ വൃക്ഷം പദ്മരാഗങ്ങളോടുകൂടിയ ഗാരുഡമണികളുടെ ഒരു കൂമ്പാരം പോലെ ശോഭിക്കുന്നു. യമുനാനദി വന്നു ഗംഗയിൽ ചേരുന്ന സ്ഥലം അതാ ദൃശ്യമാകുന്നു. ഈ ദിവ്യനദികളുടെ സംഗമസ്ഥലത്തു് സ്നാനം ചെയ്യുന്നവർക്കു് തത്വജ്ഞാനം കൂടാതെതന്നെ മരണാനന്തരം മോക്ഷം കിട്ടുന്നുണ്ടു്. ഇതാ ഇതാണു് ശൃങ്ഗിവേരപുരം. ഇവിടെ വച്ചാണു ഞാൻ കിരീടം ഉപേക്ഷിച്ചു ജട ധരിച്ചതു്. ഈ സംഭവം നോക്കികൊണ്ടു നിന്നിരുന്ന സുമന്ത്രൻ "കൈകേയിനിൻെറ ആഗ്രഹം ഫലിച്ചു" എന്നു പറഞ്ഞു് കരയുകയുണ്ടായി. അതാ സരയൂനദി കാണപ്പെടുന്നു. അയോദ്ധ്യാപുരി ചുററിയൊഴുകിവരുന്ന ആ പുണ്യനദി മാതാവിനെപ്പോലെ ദർശനമാത്രം കൊണ്ടു എന്നെ ആനന്ദിപ്പിക്കുന്നു".

ശ്രീരാമൻ ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾതന്നെ ദൂരെ ഒരു ധൂളിപടലം ദൃശ്യമായി. ഹനുമാൻവഴി കാര്യം നേരത്തെ ധരിച്ച ഭരതൻ സൈന്യസമേതം ജ്യേഷ്ഠനെ എതിരേല്ക്കുവാൻ വരുകയായിരുന്നു. വിമാനം സമീപം എത്തിയപ്പോൾ അദ്ദേഹം സൈന്യത്തെ ദൂരെ നിർത്തിയിട്ടു് വൃദ്ധാമാത്യന്മാരോടു കൂടി അവർഘ്യപാണിയായി മുന്നോട്ടുവന്നു ശ്രീരാമൻെറ അഭി

മതം മനസ്സിലാക്കി വിമാനം അവിടെ ഭൂമിൽ താണുനിന്നു. വിമാനത്തിൽനിന്നും അതിന്റെ സ്ഫടികമയമായ സോപാനമാർഗ്ഗത്തിൽക്കൂടി ശ്രീരാമചന്ദ്രൻ സുഗ്രീവന്റെ കൈയ്ക്കുപിടിച്ചുകൊണ്ടു് വിഭീഷണനോടൊത്തു താഴെ ഇറങ്ങി. ഒന്നാമതായി അദ്ദേഹം ചെയ്തതു്. കുലഗുരുവായ വസിഷ്ഠമഹർഷിയെ നമസ്കരിക്കുക എന്നതായിരുന്നു. പൂജ പരിഗ്രഹിച്ച ശേഷം ശ്രീരാമൻ ഭരതനെ ആലിംഗനം ചെയ്തു് മൂർദ്ധാവിൽ ചുംബിച്ചു. നമസ്കാരം ചെയ്യുന്നിന്ന മന്ത്രിവൃദ്ധന്മാരോടു് അദ്ദേഹം കുശലപ്രശ്നം നടത്തി. അനന്തരം അദ്ദേഹം സുഗ്രീവവിഭീഷണന്മാരെ സവിശേഷം ഭരതനെ പരിചയപ്പെടുത്തിക്കൊടുത്തു. ഭരതൻ മഹോപകാരികളായ അവരെ സാദരം വന്ദിച്ചു. പാദത്തിൽ നമസ്കരിച്ച ലക്ഷ്മണനെ അദ്ദേഹം ആലിംഗനംചെയ്തതു് രണ്ടാമതായി മാത്രമാണു്. ശ്രീരാമന്റെ ആജ്ഞ അനുസരിച്ചു് മനുഷ്യവേഷം ധരിച്ച കപിനായകന്മാർ ഗജേന്ദ്രന്മാരുടെ മുകളിലേറി അയോദ്ധ്യയിലേക്കു പുറപ്പെട്ടു. വിഭീഷണനും അനുചരന്മാരോടുകൂടി രാമാജ്ഞ അനുസരിച്ചു് രഥത്തിലേറി അവരെ അനുഗമിച്ചു. ശ്രീരാമൻ അനുജന്മാരോടുകൂടി വീണ്ടും വിമാനത്തിൽകയറി. മന്ദഗതിയിൽ അയോദ്ധ്യാഭിമുഖമായി വിമാനം ആകാശത്തിലേക്കു ഉയന്നു. ഭരതൻ വിമാനസ്ഥനായ സീതാദേവിയെ സാദരം നമസ്കരിച്ചു. ജ്യേഷ്ഠനൊപ്പം വല്ക്കലവും ജടയും ധരിച്ച ഭരതന്റെ നേരെ സീതയ്ക്കു തോന്നിയ ബഹുമാനത്തിനും ലങ്കേശ്വരന്റെ പ്രലോഭനങ്ങൾക്കു ഇളക്കുവാൻ സാദ്ധ്യ

മാകാത്ത ദൃഢമായ ചാരിത്രനിഷ്ഠയുള്ള സീതയുടെ നേരെ ഭരതനു തോന്നിയ ഭക്തിക്കും അതിരില്ലായിരുന്നു. അല്പസമയം കൊണ്ടു് ആ ഘോഷയാത്ര അയോദ്ധ്യാപുരിയുടെ സമീപം എത്തിച്ചേൎന്നു. പുഷ്പകം ഉപവനപ്രാന്തത്തിൽ താണിറങ്ങി. ശ്രീരാമചന്ദ്രൻ സപരിവാരം അവിടെ ശത്രുഘ്നൻ സജ്ജമാക്കിയിരുന്ന ഒരു പടകുടീരത്തിൽ വാസമുറപ്പിച്ചു.

## പതിനാലാം അദ്ധ്യായം

### സീതാപരിത്യാഗം

സാകേതോപവനത്തിലെ പടകുടീരത്തിൽ പ്രവേശിച്ച രാമലക്ഷ്മണന്മാർ ആദ്യം കണ്ടതു് സ്വമാതാക്കളായ കൗസല്യാദേവിയേയും സുമിത്രാദേവിയേയുമായിരുന്നു. ആശ്രയവൃക്ഷം നശിക്കുകയാൽ പതിച്ചുപോയ ലതകൾ പോലെ ഭൎത്തൃനാശം കൊണ്ടു് ആ മഹാരാജ്ഞിമാർ ശോചനീയമായ നില പ്രാപിച്ചിരുന്നു. രണ്ടുപേരും രണ്ടമ്മമാരേയും നമസ്കരിച്ചു. ഹൃദയസന്താപം ശാന്തമാകമാറു് ആ അമ്മമാർ ആനന്ദബാഷ്പം പൊഴിച്ചു. പുത്രന്മാരുടെ ശരീരത്തിലുണ്ടായിരുന്ന തഴമ്പുകളും മുറിവുകളും കണ്ടപ്പോൾ ആ അമ്മമാൎക്കു ഉണ്ടായ സങ്കടത്തിനു അതിരില്ലായിരുന്നു. തന്മൂലം അവൎക്കു് വീരമാതാക്കളെന്ന കാമ്യമായ ആ സ്ഥാനത്തോടുതന്നെ വെറുപ്പു

തോന്നി. "ഭർത്താവിന്ന ക്ലേശാവഹയായ ലക്ഷണംകെട്ട സീത ഇതാ" എന്ന പറഞ്ഞുകൊണ്ടു സീതാദേവി മാതൃജനങ്ങളെ ആദരപൂർവ്വം നമസ്കരിച്ചു. 'മകളെ' നിൻെറ പാതിവ്രത്യത്തിൻെറ മാഹാത്മ്യംകൊണ്ടാണ ഭർത്താവും അനുജനും യുദ്ധത്തിൽ വിജയികളായതു്" എന്നു പറഞ്ഞു അവർ സീതയെ അഭിനന്ദിച്ചു.

അനന്തരം അഭിഷേകമഹോത്സവം ആരംഭിക്കപ്പെട്ടു. അമ്മമാർ ആനന്ദാശ്രുക്കൾകൊണ്ടു ആരംഭിച്ച ആ രാമാഭിഷേകം മന്ത്രിവൃദ്ധന്മാർ കനകകുംഭങ്ങളിൽ കൊണ്ടുവന്ന തീർത്ഥജലങ്ങൾകൊണ്ടു പൂർത്തിയാക്കി. രാക്ഷസന്മാരും കപിപ്രൗഢന്മാരും നാനാസരസ്സുകളിൽനിന്നും സമുദ്രങ്ങളിൽനിന്നും കൊണ്ടുവന്ന ജലവും അഭിഷേകത്തിന്ന് ഉപയോഗിക്കുകയുണ്ടായി. തപസ്വിവേഷത്തിലും അത്യന്തം മനോഭിരാമനായ ശ്രീരാമചന്ദ്രന്ന രാജേന്ദ്രവേഷം ധരിച്ചപ്പോൾ ഉണ്ടായ ശോഭ അവൎണ്ണനീയമായിരുന്നു. അഭിഷേകത്തിന്നശേഷം അദ്ദേഹം രഥത്തിലേറി അയോദ്ധ്യാപുരിയിലേക്കു പുറപ്പെട്ടു. മന്ത്രിവൃദ്ധന്മാർ രാക്ഷസപ്രമുഖന്മാർ, കപിപ്രൗഢന്മാർ, എന്നിവരും സൈന്യങ്ങളും അദ്ദേഹത്തെ അനുഗമിച്ചു. മങ്ഗളവാദ്യധ്വനിയോടുകൂടി ആ ഘോഷയാത്ര മന്ദംമന്ദം മുൻപോട്ടു നീങ്ങി. ദ്രഷ്ടാക്കളായി തടിച്ചുകൂടിയിരുന്ന പൗരവൃന്ദങ്ങൾ ആനന്ദതുന്ദിലരായിത്തീൎന്നു. ലക്ഷ്മണശത്രുഘ്നന്മാർ രഥത്തിൽ മഹാരാജാവിൻെറ ഇരുവശങ്ങളിലും വെഞ്ചാമരങ്ങൾ വീശിക്കൊണ്ടുനിന്നു. ഭരതനാണ് വെൺകൊററക്കുട

പിടിച്ചിരുന്നതു്. ലാജവർഷികളും അഗരുധൂമങ്ങൾകൊണ്ടു ധൂസരങ്ങളുമായ സൗധപങ്ക്തികളുടെ ഇടയിൽക്കൂടി രഥം മുന്നോട്ടുപോയി. ശ്വശ്രൂജനങ്ങളാൽ വേഷഭൂഷകൾ അണിയിക്കപ്പെട്ട സീതാദേവിയും ഒരു പ്രവഹണത്തിലേറി ഭർത്താവിനെ അനുഗമിക്കുന്നുണ്ടായിരുന്നു. പ്രാസാദവാതായനസ്ഥകളായ പുരസാകേതനാരിമാർ കൈകൂപ്പി ദേവിയെ നമസ്കരിച്ചു. അനസൂയാദേവി കൊടുത്ത അങ്ഗരാഗത്തിന്റെ മാഹാത്മ്യംകൊണ്ടു് ദേവിയുടെ ശരീരം അഗ്നിപ്രഭയെപ്പോലെ ഉജ്ജ്വലിക്കുന്നുണ്ടായിരുന്നു. കൊട്ടാരത്തിൽ എത്തിയ ശ്രീരാമചന്ദ്രൻ ഉപകരണയുക്തങ്ങളായ വേശ്മങ്ങളിൽ കുറേനേരം സുഹൃത്തുക്കളോടുകൂടി വിശ്രമിച്ചശേഷം പിതാവിന്റെ വാസസ്ഥാനമായിരുന്ന കൊട്ടാരത്തിലേക്കു പുറപ്പെട്ടു. കൊട്ടാരവാതിലിൽ എത്തിയപ്പോൾതന്നെ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. കൊട്ടാരത്തിനുള്ളിൽ ഒരു മുറിയിൽ സ്വപിതാവിന്റെ ചിത്രം വച്ചുപൂജിച്ചുകൊണ്ടിരുന്ന ഭരതമാതാവിനെ അദ്ദേഹം കണ്ടെത്തി. കൈകേയിക്കു ലജ്ജകൊണ്ടു ശ്രീരാമന്റെ മുഖത്തുനോക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹം സ്വമാതാവിനെ എന്നവണ്ണം ആ രാജ്ഞിയെ നമസ്കരിക്കുകയും ഉപചാരവചനങ്ങൾകൊണ്ടു ആശ്വസിപ്പിക്കുകയുംചെയ്തു. "അമ്മേ അച്ഛനു് സ്വർഗ്ഗം സിദ്ധമാകുമാറു് സത്യം പാലിക്കുവാൻകഴിഞ്ഞതു് അമ്മനിമിത്തമാണു്; അതുകൊണ്ടു് അവിടുന്നു സുകൃതിതന്നെ' എന്ന രാമഭാഷിതം കൈകേയിയെ വളരെ സന്തോഷിപ്പിച്ചു.

ശ്രീരാമമഹാരാജാവിൻെറ സത്കാരങ്ങൾ ഏററു സുഗ്രീവവിഭീഷണാദികൾ വിസ്മയസ്തബ്ധരായിത്തീൎന്നു. അഭിഷേകമഹോത്സവത്തിൽ പങ്കെടുക്കുവാൻ നാനാദേശങ്ങളിൽനിന്നും വന്നുചേൎന്ന മഹൎഷിമാർ രാവണന്റെ ചരിത്രം വിസ്തരിച്ച് ശ്രീരാമനെ കേൾപ്പിക്കുകയുണ്ടായി. മഹൎഷിമാർ തിരിച്ചുപോയശേഷം വളരെദിവസങ്ങൾ കഴിഞ്ഞു അദ്ദേഹം സുഗ്രീവനേയും വിഭീഷണനേയും അവരുടെ അനുചരന്മാരേയും പ്രത്യേകം പ്രത്യേകം സൽക്കരിച്ചു യാത്രയാക്കി. അവൎക്കു നൽകിയ അഗ്ര്യപൂജ സീതാദേവി സ്വന്തം കൈകൊണ്ടുതന്നെ നിൎവ്വഹിച്ചു. 'ഞാൻ വിചാരിക്കുമ്പോൾ എൻെറ അടുത്തെത്തണം' എന്ന നിൎദ്ദേശത്തോടുകൂടി ശ്രീരാമൻ രാവണവധത്തിനുശേഷം ലങ്കയിൽനിന്നും കൊണ്ടുപോന്ന പുഷ്പകവിമാനത്തെ അതിൻെറ ഉടമസ്ഥനായ കുബേരൻെറ അടുക്കലേക്കു തന്നെ തിരിച്ചയച്ചു.

രാജ്യഭാരം കൈയ്യേററ ശ്രീരാമചന്ദ്രൻ അനുജന്മാരോടുകൂടി ഭരണകാൎയ്യങ്ങൾ ഭംഗിയായി നിർവഹിച്ചുപോന്നു. അദ്ദേഹത്തിനു അനുജന്മാരിൽ സമാനമായ പ്രതിപത്തിയാണ് ഉണ്ടായിരുന്നതു്. അതുപോലെ അദ്ദേഹം എല്ലാമാതൃജനങ്ങളേയും ഒരുപോലെ ഭക്തിബഹുമാനപുരസ്സരം ശുശ്രൂഷിച്ചുപോന്നു. ലോഭരഹിതനായ മഹാരാജാവിൽനിന്നു് ജനങ്ങൾക്കു് വേണ്ടുന്നതെല്ലാം ലഭിച്ചു. അദ്ദേഹത്തിൻെറ മാഹാത്മ്യംകൊണ്ടു പ്രജകളുടെ അനുഷ്ഠാനങ്ങൾ എല്ലാം നിൎവ്വിഘ്നം നടന്നുകൂടി. ഒരു പിതാവിനെപ്പോലെ അദ്ദേഹം പ്രജകളെ രക്ഷിച്ചു.

YOUNG MEN'S READING & ARTS CLUB
HOSPITAL JUNCTION
MUKKOLA VENGANOOR P.O.
Reg: No:

ഒരു സൽപുത്രനെപ്പോലെ അദ്ദേഹം സ്വപ്രജകളെ ആനന്ദിപ്പിക്കുകയും ചെയ്തു.

ശ്രീരാമമഹാരാജാവു് ധർമ്മാർത്ഥങ്ങളിൽ എന്നപോലെ ധർമ്മാർത്ഥാവിരോധിയായ കാമത്തിലും പ്രവർത്തിച്ചുപോന്നു. അക്കാലത്തു് സീതാദേവി ഗർഭിണിയായിത്തീർന്നു. ദേവിയുടെ മുഖത്തു് പ്രത്യക്ഷമായ വിളർച്ച രാമചന്ദ്രനെ അത്യന്തം ആനന്ദിപ്പിച്ചു. ഒരിക്കൽ ഏകാന്തത്തിൽ ദേവിയോടു് ഭർത്താവു് ഗർഭിണീസാധാരണമായ അഭിലാഷത്തെക്കുറിച്ചു ചോദിക്കുകയുണ്ടായി. ഭാഗീരഥീ തീരത്തിലുള്ള തപോവനങ്ങൾ പോയി കാണണമെന്നായിരുന്നു ദേവിയുടെ മറുപടി. ആഗ്രഹസിദ്ധി ഉടനടി കൈവരുത്തുന്നുണ്ടു് എന്നു പ്രതിജ്ഞചെയ്തു ശേഷം മഹാരാജാവു് അനുചരന്മാരോടുകൂടി പൌരശോഭ കാണുന്ന നിരവധി മാളികമുകളിലേക്കു പോയി. ആ അവസരത്തിൽ ഒരു ചാരൻ മഹാരാജാവിനെ സമീപിച്ചു വന്ദിച്ചുനിന്നു. രാജാവിനെപ്പററി ജനങ്ങൾ എന്തു പറയുന്നു എന്നു രഹസ്യമായി അറിഞ്ഞുവരുവാൻ നിയോഗിക്കപ്പെട്ടവനായിരുന്നു അയാൾ. അറിഞ്ഞ വിവരം തുറന്നുപറയുവാൻ മഹാരാജാവു് അയാളോടു് നിർബന്ധപൂർവ്വം ആജ്ഞാപിച്ചു. രാക്ഷസഭവനത്തിൽ താമസിച്ച സീതാദേവിയെ സ്വീകരിച്ചു എന്നതൊഴിച്ചു എല്ലാം കാര്യങ്ങളിലും അങ്ങയെ ജനങ്ങൾ സ്തുതിക്കുന്നു. എന്നു് അയാൾ ഉണർത്തിച്ചു. കളത്രനിന്ദാവഹമായ ആ അപവാദവാർത്ത വജ്രാഹതിപോലെ മഹാരാജാവിന്റെ ഹൃദയത്തിൽ പതിച്ചു. അദ്ദേഹം ക്ലേശപരവശനായി വളരെനേരം

... GRANDHA SALA
Reg. No. 3673
VENGANOOR P.O.
KIDARAKUZHI

ചിന്തിച്ചുകൊണ്ടിരുന്നു. അപവാദത്തെ നിസ്സാരമായി തള്ളേണോ അതോ ഭാൎയ്യയെ ഉപേക്ഷിക്കണോ എന്നായിരുന്നു ആലോചന. ഒടുവിൽ പതിയെ ഉപേക്ഷിച്ച് അപവാദത്തിനു പരിഹാരമുണ്ടാക്കണം എന്നു തന്നെ അദ്ദേഹം തീർച്ചയാക്കി. സ്വന്തം ശരീരത്തെക്കാളും യശോധനന്മാക്ക് യശസ്സാണല്ലോ വലുത്. അദ്ദേഹം ഉടൻതന്നെ അനുജന്മാരെ ആളയച്ചുവരുത്തി. വല്ലായ്മയോടുകൂടി സമീപമെത്തിയ അനുജന്മാരെ വിവരങ്ങൾ അറിയിച്ചശേഷം തുടരെ മഹാരാജാവ് ഇങ്ങിനെ പ്രസ്താവിച്ചു:—

"വത്സന്മാരെ, സൂൎയ്യോദ്ഭൂതമായ ഈ രാജൎഷി വംശത്തിനു പിണഞ്ഞിരിക്കുന്ന കളങ്കം എത്ര ഭയങ്കരമായിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നുണ്ടോ? സദാചാരനിഷ്ഠനായ ഞാൻ നിമിത്തം തന്നെ അതു് ഉണ്ടായതു് അദ്ഭുതകരമായിരിക്കുന്നു. ഓളംവെട്ടുന്നജലാശയത്തിൽ പതിച്ച തൈലബിന്ദുപോലെ ആ അപവാദം ഇപ്പോൾ പൌരന്മാരുടെ ഇടയിൽ അതിവേഗം പരന്നുകൊണ്ടിരിക്കുകയാണ്. ഈ പരിവാദം സഹിക്കാൻ എനിക്കു സാദ്ധ്യമല്ല. അതുകൊണ്ട് ദേവിയെ ഗർഭിണിയാണെങ്കിലും ഉപേക്ഷിക്കുവാൻതന്നെ ഞാൻ തീർച്ചയാക്കി. സീത പരിശുദ്ധയാണ് എന്നു എനിക്കു നിശ്ചയം ഉണ്ട്. എന്നാലും ലോകാപവാദത്തെ ആദരിക്കേണ്ടിയിരിക്കുന്നു. സീതയെ ഉപേക്ഷിച്ചാലും രാക്ഷസവധത്തിന് വൈരനിൎയ്യാതനമെന്ന് ഒരു പ്രയോജനമുണ്ട്. ഞാൻ വളരെ നാൾ ജീവിച്ചിരിക്കണമെന്ന് ആഗ്രഹമു

ണ്ടെങ്കിൽ ദയാർദ്രചിത്തന്മാരായ നിങ്ങൾ ഇക്കാൎയ്യത്തിൽ എതിരു് പറയരുതു്.”

മഹാരാജാവിൻെറ ഭാഷണം അനുജന്മാരെ നിശ്ശബ്ദരും നിശ്ചലഹൃദയന്മാരുമാക്കിത്തീൎത്തു. ആ നിശ്ചയത്തെ നിഷേധിക്കുവാനോ അനുമോദിക്കുവാനോ അവർ ശക്തരായില്ല. അനന്തരം ശ്രീരാമൻ ലക്ഷ്മണനെ ഏകാന്തത്തിൽ വിളിച്ചു് ഇങ്ങനെ ആജ്ഞാപിച്ചു:—

“വത്സ, ഗർഭിണിയായ സീതാദേവി ഭാഗീരഥീതീരത്തുള്ള തപോവനങ്ങൾ കാണുവാൻ ആഗ്രഹിക്കുന്നുണ്ടു്. ആഗ്രഹം ഉടനടി സാധിതമാക്കാമെന്നു് ഞാൻ പ്രതിജ്ഞചെയ്തിരിക്കുകയാണു്. അതുകൊണ്ടു് നീ അക്കാൎയ്യം പറഞ്ഞു് ദേവിയെ രഥത്തിലേററി വാല്മീകിയുടെ ആശ്രമത്തിനടുത്തു കൊണ്ടുപോയി ഉപേക്ഷിച്ചിട്ടു പോരിക.

പിതൃനിയോഗം അനുസരിച്ചു് മാതാവിൻെറ ഗളച്ഛേദംചെയ്ത പരശുരാമനെ ലക്ഷ്മണൻ അനുകരിച്ചു. അദ്ദേഹം സീതാദേവിയേയും രഥത്തിലേററി ഗംഗാതീരത്തിലേക്കു പുറപ്പെട്ടു. തൻെറ ആഗ്രഹം അതിവേഗം സാധിതമാക്കാൻ ഏർപ്പാടുചെയ്ത ഭൎത്താവിനെ അനുമോദിച്ചുകൊണ്ടു് സന്തോഷപുരസ്സരമാണു് ദേവി യാത്ര ചെയ്തതു്. മനോഹരങ്ങളായ പ്രദേശങ്ങൾ കാണുംതോറും ആ ആനന്ദം വർദ്ധിക്കുവാൻ തുടങ്ങി. എന്നാൽ തൻെറപ്രിയൻ സഹജമായ കല്പദ്രുമഭാവത്തെ വിട്ടു് അസിപത്രവൃക്ഷമായി രൂപംമാറിയ കഥ സീതാദേവിക്കു് അറിവാൻ കഴിഞ്ഞിരുന്നില്ല. ലക്ഷ്മണനും ആ തീരുമാനം രഹ

സ്യമായിത്തന്നെ വച്ചു. എന്നാൽ ഭയങ്കരമായ ഒരു ദുഃഖം തന്നെ അഭിമുഖീകരിക്കുന്നു എന്ന വസ്തുത ചലിച്ചു തുടങ്ങിയ വലത്തേക്കണ്ണ് ദേവിയെ അറിയിച്ചു. വിചാരവിഹ്വലയായിത്തീൎന്ന ദേവി ഭൎത്താവിനും അനുജന്മാൎക്കും ശുഭംവരണേ എന്നു് ആശംസിച്ചുകൊണ്ടിരുന്നു.

അഗ്രജനിയോഗം അനുസരിച്ചു് ലക്ഷ്മണൻ സീതയെ രഥത്തിൽനിന്നും ഇറക്കി ഗംഗാനദിയുടെ മറുകരയിലേക്കു് വള്ളത്തിലേററിക്കൊണ്ടുപോയി. അവിടെ എത്തിച്ചേൎന്നശേഷം ലക്ഷ്മണൻ സീതാദേവിയെ നമസ്കരിച്ചുകൊണ്ടു് രാജശാസനം അറിയിച്ചു. കൎണ്ണകഠോരമായ ആ ഭാഷണം ദേവിയെ നിലംപതിപ്പിച്ചു. ലക്ഷ്മണൻെറ ശുശ്രൂഷാസാമൎത്ഥ്യം ദേവിയെ മോഹാലസ്യത്തിൽനിന്നുമുണൎത്തി എന്നേ പറയേണ്ടു. ദുഃഖനിമഗ്നയായ സീത സ്ഥിരദുഃഖഭാജനമായിത്തീൎന്ന ആത്മാവിനെ വീണ്ടും വീണ്ടും നിന്ദിച്ചതല്ലാതെ ഭൎത്താവിനെ പഴിച്ചു് ഒരു വാക്കും ഉച്ചരിച്ചില്ല. ലക്ഷ്മണൻ സീതയെ സമാശ്വസിപ്പിക്കുകയും വാല്മീകിയുടെ ആശ്രമത്തിലേക്കു പോകുവാനുള്ള മാൎഗ്ഗം ഉപദേശിച്ചുകൊടുക്കുകയും വിധേയനായ തൻെറ അപരാധം ക്ഷമിക്കണമെന്നു് പ്രാൎത്ഥിക്കുകയും ചെയ്തു. സീതാദേവി ദുഃഖാവേശം അടക്കിക്കൊണ്ടു് ലക്ഷ്മണനോടു് ഇങ്ങനെ പറഞ്ഞു.—

"അനുജ, നീ വളരെക്കാലം സുഖമായി ജീവിച്ചിരുന്നാലും നിൻെറ പേരിൽ എനിക്കു സന്തോഷമേയുള്ളു. ജ്യേഷ്ഠൻെറ ആജ്ഞ അനുസരിച്ചു പ്രവൎത്തിച്ച നിന്നിൽ എനിക്കു യാതൊരു വിരോധവുമില്ല. നീ കൊട്ടാരത്തിൽ തിരിച്ചെത്തിയാൽ അമ്മമാരെല്ലാം കണ്ടു

എൻെറ നമസ്കാരം അവരെ അറിയിക്കണം. വിശേഷിച്ചും അവരുടെ മകനിൽനിന്നും ഞാൻ ഗർഭം ധരിച്ചിരിക്കുന്നു എന്ന കഥ അവരുടെ ഓർമ്മയിൽ ഇരിക്കണമെന്നും ഞാൻ പറഞ്ഞതായി അറിയിക്കുക "കൺമുമ്പിൽവച്ച് അഗ്നിയിൽചാടി പരിശുദ്ധി തെളിയിച്ച എന്നെ ഇങ്ങനെ അർത്ഥരഹിതമായ ലോകാപവാദം പ്രമാണീകരിച്ച ഉപേക്ഷിച്ചതു് അങ്ങയുടെ സംസ്കാരത്തിനും സുപ്രസിദ്ധമായ കുലത്തിനും യോജിച്ചതുതന്നെയോ എന്നു ഞാൻ ചോദിക്കുന്നതായി ആ രാജാവിനോടു പറയണം. വർണ്ണാശ്രമപാലനം രാജധർമ്മമെന്നാണല്ലോ മനുധർമ്മശാസ്ത്രം അനുശാസിക്കുന്നതു്. അതുകൊണ്ടു നിഷ്കാസിതയാണെങ്കിലും എന്നെ തപസ്വിജനങ്ങളിൽ ഒരു വ്യക്തിയായി കരുതി രക്ഷിക്കേണ്ടചുമതല അദ്ദേഹത്തിനു് ഉണ്ടെന്നും അറിയിക്കണം.

ലക്ഷ്മണൻ അങ്ങനെയെല്ലാം ചെയ്യാമെന്നു പ്രതിജ്ഞചെയ്തിട്ടു് ഒരു മട്ടു അവിടെനിന്നും പിൻതിരിഞ്ഞു നടന്നു. അദ്ദേഹം കാണാൻപാടില്ലാത്ത ദൂരത്തിൽഎത്തിയപ്പോൾ സീത ദുഃഖം സഹിക്കവയ്യാതെ ഉറക്കെനിലവിളിച്ചു. മയിലുകൾ നൃത്തം മതിയാക്കി. വൃക്ഷങ്ങൾ പുഷ്പങ്ങൾ എന്ന വ്യാജേന കണ്ണുനീർ പൊഴിച്ചു. മാൻപേടകളും കടിച്ചെടുത്ത പുല്ലുകൾകൂടി ഉപേക്ഷിച്ചു നിലയായി. സീതയോടൊപ്പം ആ വനപ്രദേശവും ദുഃഖസാഗരത്തിലാണ്ടുപോയി.

ശിഷ്യന്മാരോടുകൂടി ദർഭയും, ചമതയും സംഭരിക്കുവാൻ അവിടെ സഞ്ചരിച്ചുകൊണ്ടിരുന്ന ദയാനിധിയായ വാൽമീകിമഹർഷി നിലവിളികേട്ട് ആ ദിക്കിലേക്ക് ഓടിവന്നു. മഹർഷിയെക്കണ്ടപ്പോൾ സീത കരച്ചിൽ നിർത്തി വേഗം ചെന്ന് വന്ദിച്ചു. ഗർഭിണിയായ ദേവിയെ സത്പുത്രവതിയായിത്തീരട്ടെ എന്നു ആശീർവദിച്ചശേഷം അദ്ദേഹം ഇങ്ങിനെ പറഞ്ഞു.—

"മകളേ, നീ ഒട്ടുംതന്നെ ദുഃഖിക്കേണ്ട. അല്ലയോ വിദേഹരാജപുത്രി, നീ പിതൃഗൃഹത്തിൽ എത്തിയിരിക്കുന്നതായിത്തന്നെ കരുതികൊള്ളുക. ഞാൻ പ്രണിധാനം കൊണ്ട് കാര്യമെല്ലാംഗ്രഹിച്ചിരിക്കുന്നു. നിർദ്ദോഷയായ നിന്നെ ഭർത്താവ് അർത്ഥരഹിതമായ ലോകാപവാദം കൊണ്ട് ക്ഷുഭിതചിത്തനായി ഉപേക്ഷിക്കുകയാണു ചെയ്തതു്. രാമചന്ദ്രൻ ലോകത്രയകണ്ടകന്മാരെ നശിപ്പിച്ചതാൾതന്നെ. അദ്ദേഹം സത്യപ്രതിജ്ഞനും ആത്മശ്ലാഘ ചെയ്യാത്തവനുംതന്നെ. ലോകത്തോടൊപ്പം ഞാനും അദ്ദേഹത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നുണ്ടു്. എന്നാലും അകാരണമായി നിന്നെ ഉപേക്ഷിച്ചതുകൊണ്ട് എനിക്ക് അദ്ദേഹത്തിൻെറ മേൽ ദേഷ്യം തോന്നുന്നു. ശാസ്ത്രരനും സുപ്രസിദ്ധനുമായ ദശരഥമഹാരാജാവു് എൻെറ സ്നേഹിതനായിരുന്നു. നിൻെറ പിതാവായ ജനകമഹാരാജാവു് ആത്മജ്ഞാനികളിൽ വച്ച് അഗ്രേസരനാണല്ലൊ. നീ പതിദേവതകളായ സ്ത്രീരത്നങ്ങളുടെ കൂട്ടത്തിൽ അഗ്രഗണ്യയാണ്". ഇങ്ങനെ എല്ലാതരത്തിലും നീ എൻെറ സ്നേഹവാത്സല്യാദരങ്ങൾക്കു പാ

ത്രംതന്നെ. എന്റെതപോവനത്തിൽയാതൊരു ഭയത്തി നംദുഃഖത്തിനുംനിനക്കു ഇടഉണ്ടാകയില്ല.അവിടത്തന്നെ പ്രസവിച്ച് അപത്യസംസ്കാരവും വഴിപോലെ കഴിച്ച് നിനക്കു സുഖമായി കഴിഞ്ഞുകൂടാം. പരമപാവനിയായ തമസാനദിയുടെ കരയ്ക്കാണ് എന്റെ താമസം. നിത്യവും ആ നദിയിൽ കുളിച്ച് ഇഷ്ടദേവതാപൂജയും ചെയ്തു കഴിഞ്ഞാൽ നിനക്കു മനഃപ്രസാദം തീർച്ചയായും ലഭിക്കും. മുനികന്യകമാർ പൂജയ്ക്കു വേണ്ടുന്ന സാധനങ്ങൾ സംഭരിച്ചുതന്നും മററു ഉപചാരങ്ങൾചെയ്തും കൂട്ടുകാരികളായിനിന്ന് നിന്നെ സന്തോഷിപ്പിക്കാതിരിക്കുകയില്ല.

വാല്മീകിയുടെഈസാഹായ്യവാഗ്ദാനത്തിന് സീതാദേവി നന്ദിപറഞ്ഞു. മഹർഷി ദേവിയോടുകൂടി ആശ്രമത്തിലേക്കുപുറപ്പെട്ടു.ആശ്രമത്തിൽഎത്തിയ സീതാദേവിയെ താപസികൾ വാത്സല്യപൂർവ്വം സ്വീകരിച്ചു. സീതാദേവിയെ ലഭിച്ചതുനിമിത്തം അവർക്കുണ്ടായ സന്തോഷത്തിന് അളവില്ലായിരുന്നു. പ്രത്യേകംഅലങ്കരിച്ച് സുന്ദരമാക്കിയ ഒരു ഉടജം ദേവിക്കു വസിക്കുവാനായി താപസിമാർ കൊടുത്തു. തമസയിൽ കുളിച്ചും ഇഷ്ടദേവതയെ പൂജിച്ചും അതിഥികളെ വഴിപോലെ സൽകരിച്ചും വന്യമായ രീതിയിൽ വല്കലാദികൾ ധരിച്ചും ഭർത്തൃവംശം നിലനിൽക്കുവാൻവേണ്ടിമാത്രം സീതാദേവി ജീവിച്ചുപോന്നു.

പശ്ചാത്താപപരവശനായ ശ്രീരാമമഹാരാജാവിന്റെ അടുത്തെത്തി ലക്ഷ്മണൻ വിവരങ്ങളെല്ലാം അറിയിച്ചു പെട്ടെന്ന് അദ്ദേഹത്തിന്റെ മുഖബിംബം കണ്ണുനീർധാരയിൽ മുഴുകിപ്പോയി. അപവാദഭീതി

കൊണ്ടു് കൊട്ടാരത്തിൽനിന്നും പുറത്താക്കിയെങ്കിലും സീത രാമഹൃദയത്തിൽ നിന്നും പുറത്തു പോയിരുന്നില്ല. ബുദ്ധിമാനായ മഹാരാജാവു് ദുഃഖത്തെ ഉള്ളിലടക്കിക്കൊണ്ടു് ഭ്രാതാക്കന്മാരോടുകൂടി രാജ്യകാൎയ്യങ്ങൾ താത്പൎയ്യപൂർവം നോക്കിവന്നു. പതിദേവതയായ സീതാദേവി വിട്ടുപോയശേഷം രാജ്യലക്ഷ്മി സപത്നിരഹിതയായിത്തന്നെ കഴിഞ്ഞുകൂടി. "സീതാദേവിയെ പരിത്യജിച്ചശേഷം ആ രാവണശത്രു മറെറാരു സ്ത്രീയെ വിവാഹം കഴിച്ചില്ല; സീതാദേവിയുടെ തന്നെ പ്രതിമയെ ഭാൎയ്യാസ്ഥാനത്തു പ്രതിഷ്ഠിച്ചുകൊണ്ടാണു് അദ്ദേഹം യാഗങ്ങൾ നടത്തിയതു"; ചെവിയിലെത്തിയ ഈ വക ഭൎത്തൃവൃത്താന്തങ്ങൾകൊണ്ടു് സീതാദേവി ദുസ്സഹമായ പരിത്യാഗദുഃഖം ഒരുമട്ടു സഹിച്ചുപോന്നു.

## പതിനഞ്ചാം അദ്ധ്യായം

### ശ്രീരാമന്റെ സ്വർഗ്ഗാരോഹണം

ശ്രീരാമചന്ദ്രൻ സീതാപരിത്യാഗത്തിനുശേഷം രാജ്യഭരണത്തിൽമാത്രം ശ്രദ്ധവച്ചു കാലം കഴിച്ചു, അക്കാലത്തു് ഒരിക്കൽ യമുനാതീരവാസികളായമഹർഷിമാർ ലവണാസുരന്റെ ഉപദ്രവം സഹിക്കവയ്യാതെ ശ്രീരാമനെ ശരണം പ്രാപിച്ചു, അവൎക്കു് ശാപംകൊണ്ടു ലവ

ണനെ നശിപ്പിക്കുവാൻ കഴിയുമായിരുന്നു. എ ഷിച്ചും ര
ക്ഷിതാവായി ശ്രീരാമചന്ദ്രനിരിക്കേ അങ്ങ ന തപോ
വ്യയം വരുത്തേണ്ട എന്നു അവർ നിശ്ചയി ക്കുകയാണു
ചെയ്തതു്. അദ്ദേഹം അവരുടെ അഭ്യർത്ഥ ീകരിച്ചു
മഹർഷിമാർ ലവണനെ കൊല്ലാനുള്ള ഉ പായവും അയാ
ളുടെ സാമർത്ഥ്യവിശേഷവും വിസ്തരി ച്ചു പറയുകയുണ്ടായി
ശിവൻ കൊടുത്ത ഒരു ശൂലം ലവ ന്നു് ഉണ്ടെന്നും ആ
ശൂലം കൈയ്യിലിരിക്കുമ്പോൾ അയാളെ ജയിക്കുവാൻ
ആർക്കും സാദ്ധ്യമല്ലെന്നും ശൂ രഹിതനായിരിക്കുന്ന കാ
ലത്തുവേണം അയാളോടു പ തിരിടേണ്ടതെന്നും അവർ
പ്രസ്താവിച്ചു. അനന്തരം ശ്രീരാമൻ ശത്രുഘ്നനെ വി
ളിച്ചു് ശത്രുസംഹാരത്ത ിന്നായി മഹർഷിമാരുടെ കൂടെ പു
റപ്പെടുവാൻ ആജ്ഞ പിച്ചു. ഒരു ശുഭമുഹൂർത്തത്തിൽ ശത്രു
ഘ്നൻ അഗ്രജനെ റ ആശീർവാദങ്ങളോടും ചതുരംഗ
സേനയോടും ക ൂടി രഥത്തിലേറി യാത്രപുറപ്പെട്ടു. മഹ
ർഷിമാർ മാർ ഗ്ഗദർശകന്മാരായി അദ്ദേഹത്തിന്റെ കൂടെ
ത്തന്നെ ന ഞ്ചരിച്ചു. വഴിയിൽ ഒരു ദിവസം അവർ വാ
ല്മീകിയ ുടെ ആശ്രമത്തിൽ അതിഥികളായി കഴിഞ്ഞുകൂടി.
വാല്മീ കി തപഃപ്രഭാവം കൊണ്ടു് രാജോചിതമായ ഒരു
സ ൽക്കാരം നടത്തി രാജകുമാരനെയും സൈന്യങ്ങളെ
യും സന്തോഷിപ്പിച്ചു. അന്നു രാത്രിയാണു് സീതാദേവി
പ്രസവിച്ചതു്. തന്റെ ജ്യേഷ്ഠസഹോദരനു രണ്ടു് ആൺ
കുട്ടികൾ ഉണ്ടായി എന്ന വാർത്ത ശത്രുഘ്നനെ വള
രെ ആനന്ദിപ്പിച്ചു. പിറേറന്നു രാവിലെ ശത്രുഘ്നൻ
വാല്മീകിയോടു യാത്ര ചോദിച്ചു് പുറപ്പെട്ടു. അചി

രേണ അദ്ദേഹം "മധുപപ്നം" എന്നറിയപ്പെടുന്ന ലവണപുരത്തിൽ എത്തിച്ചേൎന്നു. ലവണൻ രാവണസഹോദരിയായ കുംഭീനസിയുടെ പുത്രനായിരുന്നു. ലവണൻ നായാട്ടിനു പോയിരുന്ന അവസരം നോക്കി ശത്രുഘ്നൻ പട്ടണത്തെ രോധിച്ചുകൊണ്ടു നിലയായി. വനത്തിൽനിന്നും വന്നുചേൎന്ന ശൂലരഹിതനായ ലവണനെ അദ്ദേഹം എതിൎത്തു. ഒരു ഗംഭീരമായ യുദ്ധത്തിനു ശേഷം ലവണാസുരൻ മരിച്ചു ഭൂമിയിൽ വീണു.

രന്ധ്രപ്രഹാരികൾക്കു് ജയം കരഗതമാണല്ലോ. യുദ്ധത്തിൽ പ്രദർശിതമായ പരാക്രമം കണ്ടു് മഹൎഷിമാർ ശത്രുഘ്നനെ "ഇന്ദ്രജിത്തിനെ കൊന്ന ലക്ഷ്മണന്റെ അനുജൻ തന്നെ" എന്നു പറഞ്ഞു സ്തുതിക്കുകയുണ്ടായി.

ശത്രുഘ്നൻ അഗ്രജന്റെ ശാസനം അനുസരിച്ച് കാളിന്ദീനദിയുടെ തീരത്തു് ഒരു മനോഹരമായ പട്ടണം നിർമ്മിച്ചു് അതിനു മധുര എന്നു പേരു കൊടുത്തു. ക്രമേണ അതു് സമ്പത്സമൃദ്ധമായ ഒരു ജനവാസകേന്ദ്രമായിത്തീൎന്നു. പ്രജാവൃന്ദത്തിനു സ്വൎഗ്ഗസുഖമുളവാക്കിക്കൊണ്ടു ശത്രുഘ്നൻ അവിടെ വാണു.

ജനകന്റെയും ദശരഥന്റെയും പ്രിയമിത്രമായ വാല്മീകിമഹൎഷി, സീത പ്രസവിച്ച കുഞ്ഞുങ്ങൾക്കു് വേണ്ട സംസ്കാരങ്ങളെല്ലാം മമതയോടുകൂടിത്തന്നെ യഥാവിധി നിർവഹിച്ചു. അവൎക്കു നൽകപ്പെട്ട പേർ കുശനെന്നും ലവനെന്നുമായിരുന്നു. ശിശുത്വം അതിക്രമിച്ചു വളൎന്നു തുടങ്ങിയ അവരെ വേദവും വേദാംഗങ്ങളും പഠിപ്പിച്ചശേഷം മഹൎഷി സ്വ

നിർമ്മിതമായ രാമായണമഹാകാവ്യവം ശീലിപ്പിച്ചു. രാമചന്ദ്രൻെറ മനോഹരമായ ചരിത്രം മധുരസ്വരത്തിൽ സ്വപുത്രന്മാർ ഗാനം ചെയ്യുന്നതു കേട്ടു സീതാദേവി സന്തുഷ്ടയായിത്തീൎന്നു.

ഇക്കാലത്തു് ഭരതാദികൾക്കും സ്വഭാൎയ്യമാരിൽ രണ്ടു് പുത്രന്മാർ വീതം ഉണ്ടായി. ശത്രുഘ്നൻ സ്വപുത്രന്മാരായ സുബാഹുവിനേയും ബഹുശ്രുതനേയും യഥാക്രമം മധുരയിലും വിദിശയിലും വാഴിച്ചശേഷം ജേഷ്ഠന്മാരെ കാണുവാനായി അയോദ്ധ്യയിലേക്കു പുറപ്പെട്ടു. ലവണാസുരവധവും കഴിഞ്ഞു് അയോദ്ധ്യയിൽ തിരിച്ചെത്തിയ ശത്രുഘ്നനെ പൗരന്മാർ അത്യന്തം ഗൗരവത്തോടുകൂടിയാണു് സ്വീകരിച്ചതു്. ശ്രീരാമ മഹാരാജാവു് സമീപമെത്തി വണങ്ങിനിന്ന ലവണാന്തകനായ അനുജനെ വളരെ അഭിനന്ദിച്ചു. അയോദ്ധ്യയിൽനിന്നും പുറപ്പെട്ടശേഷം ഉണ്ടായ വൃത്താന്തങ്ങൾ ശത്രുഘ്നൻ ജേഷ്ഠനെ കേൾപ്പിച്ചു. എന്നാൽ ആദികവിയുടെ ശാസനമനുസരിച്ചു് കുശലവോത്പത്തിയെക്കുറിച്ചു മാത്രം അദ്ദേഹം പ്രസ്താവിച്ചില്ല.

അക്കാലത്തു് ഒരിക്കൽ ഒരു ബ്രാഹ്മണൻ തൻെറ മൃതനായ ശിശുവിൻെറ ശരീരവും പേറിക്കൊണ്ടു് കൊട്ടാരവാതുക്കൽ വന്നുനിന്നു് നിലവിളിക്കുവാൻ തുടങ്ങി. രാജാവിൻെറ ഭരണദോഷമാണു് സ്വപുത്രന്റെ മരണത്തിനു കാരണമെന്നായിരുന്നു ആ വിപ്രൻെറ അഭിപ്രായം. സ്വരാജ്യസീമയിൽ അകാലമരണം കാലുകുത്തിയവാൎത്ത ശ്രീരാമചന്ദ്രനെ വളരെ ലജ്ജിപ്പിച്ചു. ബ്രാഹ്മണ

നോട് കുറെ നേരം ക്ഷമിക്കുവാൻ പറഞ്ഞിട്ട് അദ്ദേഹം ഗമനസന്നദ്ധനായി. സ്മരണമാത്രയിൽ സന്നിഹിതമായ പുഷ്പകവിമാനത്തിലേറി ആയുധങ്ങളോടുകൂടി അദ്ദേഹം പുറപ്പെട്ടു. കാലനെ ജയിച്ച് ബ്രാഹ്മണശിശുവിൻെറ ജീവൻ തിരിച്ചുകൊണ്ടുവരുവായിരുന്ന അദ്ദേഹത്തിൻെറ പുറപ്പാട്. ആ സമയത്ത് ഒരു അശരീരിവാക്ക് കേൾക്കുകയുണ്ടായി. "അല്ലയോ രാജാവേ, അങ്ങയുടെ പ്രജകളിലൊരുവൻ വർണ്ണധർമ്മത്തിനെതിരായി പ്രവർത്തിക്കുന്നുണ്ട്; അവനെ കണ്ടുപിടിച്ചു നിഗ്രഹിക്കുന്നപക്ഷം ഈ ബ്രാഹ്മണശിശു ജീവിക്കും" എന്നായിരുന്നു അതിൻെറ സാരം. ഉടനെതന്നെ ശ്രീരാമൻ വിമാനത്തിലേറി എല്ലാ ദിക്കുകളിലും അന്വേഷിച്ചുതുടങ്ങി. ഒടുവിൽ ദണ്ഡകാരണ്യത്തിൽ അഗ്നികുണ്ഡത്തിനു മുകളിൽ വൃക്ഷശാഖയിൽ കാലുകെട്ടി അധോമുഖമായി കിടന്ന് തപസ്സുചെയ്യുന്ന ഒരുവനെ കണ്ടെത്തി. വിവരം ചോദിച്ചതിൽ താൻ ശംബുകൻ എന്ന പേരായ ഒരു ശൂദ്രനാണെന്നും സ്വർഗ്ഗപ്രാപ്തിക്കുവേണ്ടി അങ്ങനെ തപസ്സുചെയ്യുകയാണെന്നും അയാൾ പ്രസ്താവിച്ചു. അടുത്ത ക്ഷണത്തിൽ ശ്രീരാമൻെറ ഖഡ്ഗപാതമേററ് ആ മനുഷ്യൻെറ ശിരസ്സ് കണ്ഠനാളം വിട്ട് ദൂരെപ്പോയി വീണു. അങ്ങനെ രാജദണ്ഡം അനുഭവിച്ച് ശംബുകൻ സ്വർഗ്ഗപ്രാപ്തനായി. അഗസ്ത്യമഹർഷിയുടെ സത്കാരം സ്വീകരിച്ചശേഷം ശ്രീരാമൻ അയോദ്ധ്യയിൽ മടങ്ങിയെത്തി. പുത്രൻ വീണ്ടും ജീവിക്കുകയാൽ ആ ബ്രാഹ്മണന്ന് ഉണ്ടായ സന്തോഷത്തിന് അതിരില്ലായിരുന്നു. അയാൾ മഹാരാജാവിനെ നിർല്ലോഭം സ്തുതിച്ചശേഷം മടങ്ങിപ്പോയി.

അനന്തരം ശ്രീരാമചന്ദ്രൻ അശ്വമേധയാഗം നടത്തുവാൻ ഒരുമ്പെട്ടു. ഭൂപ്രദക്ഷിണം ചെയ്തുവരുവാൻ കുതിരയെ വിട്ടശേഷം അദ്ദേഹം എല്ലാവരേയും യാഗത്തിനു ക്ഷണിച്ചു. സുഗ്രീവൻ വിഭീഷണൻ തുടങ്ങിയവർ ഉപായനങ്ങളുമായി സന്നിഹിതരായി. സകലദിക്കുകളിൽനിന്നും മഹർഷിമാരെ യാഗത്തിൽ പങ്കുകൊള്ളുവാൻ ക്ഷണിച്ചുവരുത്തി. അവരുടെ കൂട്ടത്തിൽ ദേവർഷിമാരും ബ്രഹ്മർഷിമാരും ഉണ്ടായിരുന്നു. ശ്രീരാമൻെറ ഭാര്യാപദം അലങ്കരിച്ചതു് ഹിരണ്മയിയായ സീതാപ്രതിമതന്നെയായിരുന്നു.

യാഗം പൊടിപൂരമായി നടന്നുതുടങ്ങി. ക്രിയാവിഘ്നകാരികളായ രാക്ഷസന്മാർ തന്നെയായിരുന്നു രക്ഷികളായി നിലകൊണ്ടതു്. ഇങ്ങനെ യാഗം നടന്നുകൊണ്ടിരിക്കുമ്പോൾ വാത്മികിമഹർഷിയുടെ പ്രേരണ അനുസരിച്ചു് അദ്ദേഹം എഴുതിയ രാമായണവും പാടിക്കൊണ്ടു് സീതാപുത്രന്മാരായ കുശലവന്മാർ അവിടെ വന്നുചേർന്നു. ശ്രീരാമചന്ദ്രൻെറ ചരിത്രം വർണ്ണിച്ചു് വാൽമികിമഹർഷി എഴുതിയ കാവ്യം കിന്നരസ്വനന്മാരായി ആ ഗായകന്മാർ പാടിയപ്പോൾ ശ്രോതാക്കൾ മുഴുവൻ ആനന്ദസാഗരത്തിൽ ആറാടി. മധുരാകൃതികളായ രണ്ടു ബാലന്മാർ മനോഹരമായി ശ്രീരാമചരിതം പാടുന്നു എന്നു കേട്ടു കൗതുകം തോന്നിയ രാമചന്ദ്രനും അനുജന്മാരും അവരെ വരുത്തി സദസ്സിൽ പാടുവാൻ ആജ്ഞാപിച്ചു. അന്നു് ആ ഗാനം കേട്ടു കണ്ണുനീരൊഴുക്കാത്തവർ അവിടെ ആരും ഉണ്ടായിരുന്നില്ല. ആ ഗാന

ലഹരിയിൽ നിഷ്പന്ദമായിരുന്ന സദസ്സ് ആ ഗായകബാലന്മാക്ക് ശ്രീരാമചന്ദ്രനോടുള്ള രൂപസാദൃശ്യം കണ്ടു് നിന്നിമേഷരായി ഇരുന്നപോയി. സന്തുഷ്ടനായ മഹാരാജാവു് വിലയേറിയ സമ്മാനങ്ങൾ ബാലകന്മാക്ക നൽകി. എന്നാൽ അവർ അതു് സ്വീകരിച്ചില്ല. അവരുടെ ഈ നിസ്പൃഹത സദസ്യരെ വിസ്മയാകുലരാക്കി. "നിങ്ങളെ ആരാണ പാട്ട പഠിപ്പിച്ചതു്? ഇതു് ഏതു കവിയുടെ കൃതിയാണു്? എന്നിങ്ങനെ രാജാവു് നേരിട്ട ചോദിച്ച ചോദ്യങ്ങൾക്ക അവർ നൽകിയ ഉത്തരം "വാത്മീകി" എന്നായിരുന്നു. ശ്രീരാമചന്ദ്രന് കാര്യം മനസിലായി. അദ്ദേഹം അനുജന്മാരോടുകൂടി വാൽമീകിയെ ചെന്നുകണ്ടിട്ടു് തൻെറ രാജ്യംമുഴുവൻ അദ്ദേഹത്തിനു സമർപ്പിച്ചിരിക്കുന്നതായി അറിയിച്ചു. കാരുണികനായ ആ മഹാകവി ആ ഗായകബാലന്മാർ ശ്രീരാമചന്ദ്രൻെറ പുത്രന്മാരാണെന്നു അറിയിക്കുകയും സീതയെ വീണ്ടും സ്വീകരിക്കണമെന്നു് അപേക്ഷിക്കുകയുമാണ ചെയ്തതു്. മഹർഷിചെയ്ത അഭ്യത്ഥനയ്ക്കു് ശ്രീരാമൻ ഇങ്ങനെ മറുപടിപറഞ്ഞു:—

"മഹാത്മൻ, അഗ്നിയിൽ ചാടി പരിശുദ്ധി തെളിയിച്ച സീതാദേവിയുടെ പേരിൽ എനിക്കു യാതൊരു സംശയവുമില്ല. എന്നാൽ ദുഷ്ടനായ ആ രാക്ഷസൻെറ പിടിയിൽ അകപ്പെട്ടുപോയി എന്ന കാരണത്താൽ സീതയെ ജനങ്ങൾ വിശ്വസിക്കുന്നില്ല. അതുകൊണ്ടു് സീത തൻെറ ചാരിത്രശുദ്ധി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുമെങ്കിൽ പുത്രന്മാരോടുകൂടി ദേവിയെ ഞാൻ സ്വീകരിച്ചുകൊള്ളാം."

മഹർഷി ശ്രീരാമന്റെ അഭിപ്രായത്തെ അനുകൂലിച്ചു. അദ്ദേഹം ശിഷ്യന്മാരെ അയച്ചു് ആശ്രമത്തിൽ നിന്നും സീതാദേവിയെ വരുത്തി. അടുത്തദിവസം മന്ത്രിമാർ പുരോഹിതന്മാർ പൌരപ്രമുഖന്മാർമുതലായവരടങ്ങിയ ഒരു മഹാസദസ്സ വിളിച്ചുകൂട്ടിയശേഷം ശ്രീരാമൻ നിർദ്ദിഷ്ടകാര്യം നിർവ്വഹിക്കാനായി മഹർഷിയെ ആളയച്ചുവരുത്തി. വാല്മീകി സീതാദേവിയോടുകൂടി സദസ്സിൽ വന്നുചേർന്നു. ദേവിയെ നേരെനോക്കാൻ ശക്തിയില്ലാത്ത പൌരവൃന്ദം തലകനിച്ചുകളഞ്ഞു. മഹർഷി ആസനത്തിൽ ഉപവിഷ്ടനായശേഷം "മകളേ. ഭർത്താവിന്റെ മുൻപിൽ വച്ചുതന്നെ ഈ പൌരന്മാരുടെ ദുസ്സംശയത്തിനു പരിഹാരം വരുത്തു" എന്നിങ്ങനെ സീതയോടു് ആജ്ഞാപിച്ചു. സീതാദേവിയാകട്ടെ തീർത്ഥജലംകൊണ്ടു് ആചമനം ചെയ്തശേഷം "ഹേ ദേവീ വിശ്വംഭരേ ഞാൻ ഭർത്താവിനെ ആരാധിക്കുന്ന കാര്യത്തിൽ വാക്കുകൊണ്ടോ മനസ്സുകൊണ്ടോ പ്രവൃത്തികൊണ്ടോ യാതൊരു തെററുംചെയ്തിട്ടില്ലെങ്കിൽ എന്നെ അന്തർദ്ധാനംചെയ്യിച്ചു് അനുഗ്രഹിച്ചാലും" എന്നു പ്രാർത്ഥിച്ചു. ആ പതിവ്രതാരത്നം ഈ വാക്യം ഉച്ചരിച്ചു തീർന്നക്ഷണത്തിൽ തന്നെ ഭൂമി പിളർന്നു ഭൂമിദേവി പ്രത്യക്ഷയാകുകയും സീതയെ എടുത്തുകൊണ്ടു് ആ ഭൂവിവരത്തിൽ മറയുകയും ചെയ്തു. അരുതേ, അരുതേ! എന്ന രാമചന്ദ്രന്റെ ആക്രന്ദനത്തിന യാതൊരു വിലയും ഉണ്ടായില്ല. ആ അന്ത്യയാത്രയിലും സീതാദേവിയുടെ ദൃഷ്ടികൾ ഭർത്തൃമുഖാംബുജത്തിൽ തന്നെ പതിച്ചിരുന്നു, ഭൂമിയുടെനേരെ ക്രുദ്ധനായി

ത്തിന്ന ശ്രീരാമനെ ഗുരുജനങ്ങൾ സാന്ത്വനപ്പെടുത്തി. അദ്ദേഹത്തിനു് പ്രിയാവിയോഗംകൊണ്ടു് ഉണ്ടായ ദുഃഖം പുത്രലാഭ സന്തോഷംകൊണ്ടു് ഒരുമട്ടു സഹ്യമായിത്തീർന്നു.

യാഗം സമങ്ഗളം അവസാനിച്ചു. ഋഷിമാരേയും സുഹൃത്തുക്കളേയും സത്കാരംകൊണ്ടു് സന്തോഷിപ്പിച്ചു യാത്രയാക്കിയശേഷം ശ്രീരാമൻ രാജ്യകാര്യങ്ങളിൽത്തന്നെ ബദ്ധശ്രദ്ധനായി കഴിഞ്ഞുകൂടി. അക്കാലത്തു് യുധാജിത്തിന്റെ സന്ദേശംഅനുസരിച്ചു് ഗന്ധർവ്വബാധിതമായ സിന്ധുദേശത്തെ സമുദ്ധരിക്കാനായി ഭരതൻ സൈന്യസമേതം നിയോഗിക്കപ്പെട്ടു. അവിടെ എത്തി യുദ്ധത്തിൽ ഗന്ധർവ്വന്മാരെ പരാജിതരാക്കി ഓടിച്ചതിനുശേഷം അദ്ദേഹം ആ ദേശം സ്വാധീനപ്പെടുത്തി. തക്ഷശില എന്നും പുഷ്കലാവതിയെന്നും രണ്ടു നഗരികൾ പണിയിക്കുകയും അവിടെ സ്വപുത്രന്മാരായ തക്ഷപുഷ്കലന്മാരെ യഥാക്രമം രാജാക്കന്മാരായി വാഴിക്കുകയും ചെയ്ത ശേഷം ഭരതൻ രാമാന്തികത്തിലേയ്ക്കുതന്നെ തിരിച്ചു പോന്നു ലക്ഷ്മണനും രാമാജ്ഞ അനുസരിച്ചു് സ്വപുത്രന്മാരായ അംഗദനേയും ചന്ദ്രകേതുവിനേയും കാരാപഥദേശങ്ങളുടെ അധീശ്വരന്മാരായി വാഴിക്കുകയുണ്ടായി.

ഇക്കാലത്തു് അമ്മമാർ മൂന്നുപേരും പരലോകം പ്രാപിച്ചു. രാമാദികളായ പുത്രന്മാർ അവരുടെ ശേഷക്രിയകൾ ഭദ്രമായി നിർവഹിച്ചു. ഇങ്ങനെ അവതാരകൃത്യങ്ങളെല്ലാം ശ്രീരാമചന്ദ്രൻ നിറവേററിക്കഴിഞ്ഞിരിക്കുന്നു എന്നു മനസ്സിലാക്കിയ കാലൻ മുനിവേഷം ധരിച്ചു് അയോദ്ധ്യയിൽ എത്തി. ഒരു രഹസ്യസംവാദ

ത്തിന് സൗകര്യം വേണമെന്നും ആ അവസരത്തിൽ ആരും അവിടെവരാൻപാടില്ലെന്നും വല്ലവരും രഹസ്യ ഭങ്ഗം ചെയ്യുന്നപക്ഷം അവരെമഹാരാജാവു് ഉപേക്ഷിക്കണമെന്നും ആ മഹർഷി ആവശ്യപ്പെട്ടു. ശ്രീരാമചന്ദ്രൻ അതെല്ലാം അനുവദിച്ചു അന്തർഗൃഹത്തിൽ പ്രവേശിച്ചു് മഹാരാജാവും മഹഷിയും തമ്മിൽ സംഭാഷണം ആരംഭിച്ചു. മഹർഷി സ്വന്തരൂപം ധരിച്ചുകൊണ്ടു് "അവതാരകൃത്യങ്ങളെല്ലാം നിർവഹിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ തിരിച്ചെഴുന്നള്ളാം' എന്നബ്രഹ്മശാസനത്തെ അറിയിച്ചു. ഈ അവസരത്തിൽ ദുർവ്വാസസ്സു് എന്ന മഹർഷി മഹാരാജാവിനെ കാണുവാനായി വന്നുചേർന്നു. ആരും ഉള്ളിൽ കടന്നു രഹസ്യഭങ്ഗം ചെയ്യാതിരിക്കാൻ ലക്ഷ്മണൻ തന്നെയാണ കാവൽ നിന്നിരുന്നതു്. മഹർഷി ശ്രീരാമനെ കാണണമെന്നു് നിർബ്ബന്ധം പിടിച്ചു. ശാപം പേടിച്ചു് ലക്ഷ്മണൻ അകത്തുപോയി ജ്യേഷ്ഠനെ വിവരം അറിയിച്ചു. ദുർവ്വാസസ്സ് സത്കൃതനും സഫലമനോരഥനുമായി തിരിച്ചുപോയി. എന്നാൽ ലക്ഷ്മണനും ജ്യേഷ്ഠൻെറ പ്രതിജ്ഞയെ യഥാർത്ഥമാക്കാനായി ഉടൻ തന്നെ അയോദ്ധ്യയെ വിട്ടു യാത്രയായി. സരയൂതീരത്തിൽ എത്തിയ അദ്ദേഹം യോഗശക്തികൊണ്ടു ശരീരത്യാഗംചെയ്തു സ്വർഗ്ഗം പ്രാപിച്ചു. ലക്ഷ്മണൻ സ്വർഗ്ഗംപ്രാപിച്ചു് എന്ന വാർത്ത അറിഞ്ഞതിൽപ്പിന്നെ ശ്രീരാമചന്ദ്രനു് ജീവിച്ചിരിക്കുവാൻ ആഗ്രഹമുണ്ടായില്ല. അദ്ദേഹം കുശനെ കുശാവതിയിലും ലവനെ ശരാവതിയിലും രാജാക്കന്മാരായി വാഴി

ച്ചശേഷം മഹാപ്രസ്ഥാനത്തിനു് ഒരുങ്ങി. ഭഗവാൻ അന്ത്യയാത്രയ്ക്കു തുനിഞ്ഞിരിക്കുന്നു എന്നറിയുകയാൽ കപിസംഘവും രാക്ഷസന്മാരും അയോദ്ധ്യയിൽ വന്നെത്തി. സ്ഥിരനിശ്ചയത്തോടെ ശ്രീരാമചന്ദ്രൻ അഗ്നി മുൻപിലും അനുജന്മാർ പിറകിലുമായി ഉത്തരദിക്കിനെ അഭിമുഖീകരിച്ചു പുറപ്പെട്ടു. അയോദ്ധ്യാനഗരയിലുള്ള വീടുകൾ ഒഴിച്ചു സകലതും ശ്രീരാമചന്ദ്രനെ അനുഗമിച്ചു. കപിസംഘവും രാക്ഷസന്മാരും അദ്ദേഹത്തിന്റെ മാർഗ്ഗം തന്നെ സ്വീകരിച്ചു. സരയൂതീരത്തിൽ എത്തിയ ശ്രീരാമൻ താണുവന്ന ഒരു വിമാനത്തിലേറി സ്വർഗ്ഗം പ്രാപിച്ചു. ഭക്തവൽസലനായ അദ്ദേഹം തന്റെ അനുയായി വർഗ്ഗത്തിനും സ്വർഗ്ഗപ്രാപ്തി നൽകി. അവർക്കു സ്വർഗ്ഗത്തിലേറാനുള്ള കോവണിപ്പടിയായിത്തീർന്നതു് സരയൂനദിതന്നെയായിരുന്നു. സരയൂനദിയിലെ ആ ഘട്ടം 'ഗോപ്രതരം' എന്ന പേരിൽ പാവനമായ ഒരു തീർത്ഥമായി പിൽക്കാലം ലോകേത്തു പ്രസിദ്ധി ആർജ്ജിച്ചു.

## പതിനാറാം അദ്ധ്യായം

### കുമുദ്വതീപരിണയം

കുശലവാദികൾ ലോകാത്തരന്മാരായ പിതാക്കന്മാരുടെ കീർത്തി നിലനില്ക്കുമാറു് അന്യോന്യം അത്യന്തം സൗഭ്രാത്രത്തോടുകൂടി രാജ്യഭാരം ചെയ്തുവരാണ്. അനുജ

ന്മാരായ ആ രഘുവീരന്മാർ എഴുപേരും ചേൎന്ന് ഗു ണോത്തരനും ജ്യേഷ്ഠനുമായ കുശനെ ചക്രവൎത്തിയായി വാഴിച്ചു. അദ്ദേഹം കുശാവതിയിൽത്തന്നെ താമസിച്ചു രാജ്യകാൎയ്യങ്ങൾ നോക്കിവന്നു.

ഒരിക്കൽ അർദ്ധരാത്രിയിൽ ശയ്യാഗൃഹത്തിൽ ഉറ ങ്ങിക്കിടന്നിരുന്ന കുശൻ പെട്ടെന്നു ഉണൎന്നു നോക്കിയ പ്പോൾ മങ്ങിയ വെളിച്ചത്തിൽ വിരഹിണിയായ ഒരു വനിത സമീപം നില്ക്കുന്നതു കണ്ടു. അവൾ മഹാരാജാ വിന്ന് വിജയാശംസ ചെയ്തശേഷം തൊഴുകൈയ്യോടു കൂടി അടുത്തുചെന്നു നിന്നു. അപ്പോഴും വാതിൽ ബന്ധി ച്ചിരുന്ന ആ മുറിയിൽ ആ സ്ത്രീ കടന്നുവന്നതു് എങ്ങി നെയെന്നു അറിയാഞ്ഞു് രാജാവു് വിസ്മയപരവശനാ യി അദ്ദേഹം എഴുന്നേറ്റു കിടക്കയിൽത്തന്നെ ഇരുന്നു കൊണ്ടു ഇങ്ങനെ ചോദിച്ചു:—

"ഹേ സുഭഗേ, നീ ആരാണു്? വാതിൽ ബന്ധിച്ചി രുന്ന ഈ ഉറക്കറയിൽ നീ എങ്ങനെ കടന്നുവന്നു? യോ ഗപ്രഭാവത്തിൻെറ മട്ടൊന്നും നിന്നിൽകാണുന്നില്ലല്ലോ? നീ ദു:ഖിതയായിരിക്കുന്നതു എന്തുകൊണ്ടു്? നീ ആരുടെ ഭാൎയ്യയാണു്? നീ ഇപ്പോൾ എൻെറ അടുത്തു വരുവാൻ കാരണമെന്തു്? വശികളായ രഘുവംശജന്മാർ പരസ്ത്രീ വിമുഖരാണെന്ന കഥ നിനക്കു് അറിവുള്ളതാണല്ലോ"

ആ വനിത ഇങ്ങനെ മറുപടി പറഞ്ഞു:—

'മഹാരാജാവേ, ഞാൻ അയോദ്ധ്യാനഗരത്തിൻെറ അധിദേവതയാണു്. അങ്ങയുടെ പിതാവു് പൗരവൃന്ദങ്ങ ളോടുകൂടി സ്വൎഗ്ഗം പ്രാപിച്ചശേഷം അനാഥയായിത്തീ

ന്നുപോയ ഞാൻ ഇപ്പോൾ ദുഃഖനിമഗ്നയായി കഴിയുന്നു ആഖണ്ഡമായ വിഭൂതികൊണ്ട് അളകാപുരിയെ ജയിച്ചുവിലസിയ ഞാൻ സമഗ്രശക്തിയും സൂര്യവംശ്യനുമായ അങ്ങയുടെ കാലത്താണ് ഇങ്ങനെ ദയനീയയായതു്. നിത്യോത്സവനികേതനങ്ങളായ മണിമാളികകൾ ഇപ്പോൾ ശൂന്യതയുടെ കൂത്തരങ്ങുകൾ ആയിത്തീന്നിരിക്കുന്നു. ജനങ്ങൾക്കു പകരം കാട്ടുമൃഗങ്ങളാണ് ഇപ്പോൾ അവിടെ വസിക്കുന്നതു്. അതുകൊണ്ട് അങ്ങ് ഈ വസതിവിട്ട് കുലരാജധാനിയായ എന്നെത്തന്നെ അലങ്കരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു."

രഘൂത്തമനായ കുശമഹാരാജാവു് നഗരദേവതയുടെ ആഗ്രഹപ്രകാരം പ്രവർത്തിക്കാം എന്നു് ഏററു. ദേവത സന്തുഷ്ടയായിട്ടു അന്തർധാനംചെയ്തു. രാത്രിയിൽ നടന്ന ആ സംഭവം പിറേറന്നു മഹാരാജാവു് സദസ്സിൽ പ്രസ്താവിച്ചു, സദസ്യർ ഏകകണ്ഠമായി മഹാരാജാവിനെ അനുമോദിച്ചു. അനന്തരം കുശൻ കുശാവതി പട്ടണം ശ്രോത്രിയന്മാക്കു ദാനം ചെയ്തിട്ട് ഒരു ശുഭസമയത്തിൽ യാത്രപുറപ്പെട്ടു. അയോദ്ധ്യയിൽ എത്തി വാസമുറപ്പിച്ചു; ശില്പിസംഘങ്ങളുടെ നിരന്തരമായ യത്നം അയോദ്ധ്യാനഗരത്തെ പൂർവാധികം മനോഹരമാക്കി, അളകയെയും അമരാവതിയെയും ജയിച്ചു് വീണ്ടും ജഗത്തിൽ അനുപമമായ കീത്തിധാവള്യം പരത്തുവാൻ സാകേതപുരിക്കു് അല്പകാലമേ വേണ്ടിവന്നുള്ളു.

കുശമഹാരാജാവു് ഇങ്ങനെ അയോദ്ധ്യയിൽ വാണരുളുന്ന കാലത്തു് ഗ്രീഷ്മകാലം വന്നുചേൻ. ഹിമാലയ

YOUNG MEN'S READING & ARTS CLUB
JUNCTION
VENGANOOR P.O.

ത്തിലെ മഞ്ഞുകട്ടികൾ ഉരുകി ഒഴുകിത്തുടങ്ങി. പകൽ സമയത്തു് ചൂടു് അസഹ്യമായി വർദ്ധിച്ചു. ഗൃഹദീർഘികളിലെ ജലം വററി മുങ്ങിക്കുളിക്കുവാൻ ഇല്ലാത്തവണ്ണമായി. കാട്ടുമുല്ലകളിൽ പൂക്കൾ കുറഞ്ഞുതുടങ്ങി. കാമിനികൾ കർണ്ണാഭരണമായി അണിഞ്ഞ ശിരീഷപുഷ്പം അതിവേഗം വാടിത്തളൎന്നുപോയി. ധനികന്മാർ പകൽ സമയം ധാരാഗൃഹങ്ങളിലെ ചന്ദനരസാർദ്രങ്ങളായ ശിലാതലങ്ങളിൽത്തന്നെ കഴിഞ്ഞുകൂടി. ഗ്രീഷ്മകാലം മൂത്തുവന്നതോടുകൂടി താപം അകററുവാൻ സമർത്ഥരായ രാജാവും ചന്ദ്രനും മാത്രമേ ജനങ്ങൾക്കു ആനന്ദകാരികളായിത്തോന്നിയുള്ളു.

ഈ കാലത്തു് കുശനു് സരയൂനദിയിൽ പോയി കുളിക്കണം എന്നു് ആഗ്രഹമുണ്ടായി. സമുചിതങ്ങളായ എല്ലാ ഒരുക്കങ്ങളും ചെയ്യപ്പെട്ടു. നദീതീരങ്ങളിൽ പടകുടീരങ്ങൾ ഉയൎന്നു. സ്നാനഘട്ടങ്ങൾ പലകുറി പരിശോധിതങ്ങളായി. മഹാരാജാവു് അവരോധജനങ്ങളുമായി ജലക്രീഡയിൽ മുഴുകി. കുളികഴിഞ്ഞു കരയ്ക്കു കയറിയപ്പോൾ അദ്ദേഹത്തിന്റെ കൈയ്യിൽ കിടന്ന വള കാണാനുണ്ടായിരുന്നില്ല. കുളിച്ചുകൊണ്ടിരുന്ന സമയം അതു് അദ്ദേഹം അറിയാതെ ഊരി വെള്ളത്തിൽ വീണുപോയിരുന്നു. അഗസ്ത്യദത്തമായ ആ ദിവ്യാഭരണം അഭിഷേകകാലത്തു് പിതാവു് കുശനു സമ്മാനിച്ചതായിരുന്നു. വിജയലക്ഷ്മിയെ വശീകരിക്കുവാൻ പോരുന്നതും പിതാവു് ധരിച്ചിരുന്നതുമായ ആ ആഭരണം കൈവിട്ടുപോയതിൽ കുശനു് അളവററ കുണ്ഠിതമുണ്ടായി. അദ്ദേഹം

നദിയിൽ മുങ്ങിത്തപ്പാൻ സമർത്ഥന്മാരായ ജാലികന്മാരെ വരുത്തി ആഭരണം കണ്ടുപിടിക്കുവാനായി നിയോഗിച്ചു. അവർ കഠിനമായി ശ്രമിച്ചിട്ടും ഒരു ഫലവുമുണ്ടായില്ല. വല്ലായ്മയോടുകൂടി അവർ മഹാരാജാവിനെ സമീപിച്ചു ഇങ്ങനെ പറഞ്ഞു:—

"പ്രഭോ, ഞങ്ങൾ അവിടത്തെ ആജ്ഞ അനുസരിച്ചു വളരെ പരിശ്രമിച്ചു എന്നാൽ ആ ദിവ്യാഭരണം കണ്ടെത്തുവാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. ഈ സരയൂനദിയുടെ കയത്തിൽ കുമുദൻ എന്നു പേരുള്ള ഒരു നാഗം പാർക്കുന്നു എന്നു കേട്ടിട്ടുണ്ട്. കൊതിമൂലം അവൻ ആ ആഭരണം അപഹരിച്ചിരിക്കും."

അവരുടെ വാക്കു കേട്ടിട്ട് അതു പരമാർത്ഥമായിരിക്കുമെന്നു മഹാരാജാവിനു തോന്നി. കോപിഷ്ഠനായിത്തീർന്ന അദ്ദേഹം ധനുർദ്ധരനായി നദീതീരത്തിൽ എത്തി കുമുദനെ കൊല്ലാനായി ഗരുഡാസ്ത്രം പ്രയോഗിക്കുവാൻ ഭാവിച്ചു. ഉടൻതന്നെ കൈയ്യിൽ രാജാവിൻെറ ആഭരണവുമായി കുമുദൻ ഒരു കന്യകയോടുകൂടി അവിടെ പ്രത്യക്ഷനായി. കുമുദനെ കണ്ടപ്പോൾ രാജാവ് അസ്ത്രം ഉപസംഹരിച്ചു. കുമുദൻ വിനീതനായി മഹാരാജാവിനെ നമസ്കരിച്ചശേഷം ഇങ്ങനെ അറിയിച്ചു:—

"പ്രഭോ, കാര്യമാനുഷനായി ജനിച്ച വിഷ്ണുഭഗവാൻെറ പുത്രനായ അങ്ങയെ എനിക്കു വേണ്ടപോലെ അറിയാം. ആരാധനീയനായ അവിടത്തെ അതൃപ്തിക്ക് ഇടവരുത്തുന്ന ഒരു പ്രവൃത്തി ഞാൻ ചെയ്യുയെന്നുള്ളതു്

ഉണ്ടാകുന്നതല്ല. കളിച്ചുകൊണ്ടുനിന്ന ഈ പെൺകുട്ടി കയത്തിൽ താണുവന്ന അങ്ങയുടെ ആഭരണം കൗതുകം കൊണ്ടു് കരസ്ഥമാക്കുകയുണ്ടായി. ഈ ആഭരണം വീണ്ടും അങ്ങയുടെ കരത്തിനു അലങ്കാരമായിത്തീരട്ടെ. ഈ കന്യക എന്റെ ഇളയ സഹോദരിയാണ്. അവൾ ചെയ്ത തെററിനു് പരിഹാരമായി അവളെ അങ്ങയുടെ പാദശുശ്രൂഷയ്ക്കായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.'

മഹാരാജാവു് സന്തുഷ്ടനായി. അടുത്ത ശുഭമുഹൂർത്തത്തിൽ മഹാരാജാവും കുമുദ്വതിയുമായുള്ള വിവാഹം സമംഗളം നടന്നുകൂടി. തക്ഷകന്റെ അഞ്ചാമത്തെ പുത്രനായ കുമുദൻ കുശപ്രസാദം കൊണ്ടു പിതൃഹന്താവായ ഗരുഡനെ പേടിക്കാതെ ജീവിക്കുവാൻ കഴിഞ്ഞു. അതുപോലെ കുശമഹാരാജാവിനു് കുമുദപ്രസാദംകൊണ്ടു് സരയൂനദിയിലെ നാഗബാധ ഒഴിച്ചു് പൗരജനങ്ങളുടെ സ്നേഹബഹുമാനാദരങ്ങൾക്കു പാത്രമാകാനും സാധിച്ചു.

## പതിനേഴാം അദ്ധ്യായം

### അതിഥിയും പരമ്പരയും

ശ്രീകുശനു കുമുദ്വതിയിൽ അതിഥി എന്നൊരു പുത്രൻ ഉണ്ടായി. പിതൃകുലത്തിനും മാതൃകുലത്തിനും അഭിമാനഭാജനമായി വളർന്നുവന്ന ആ കുമാരൻ സകല

കലാവിദ്യകൾക്കും അധീശ്വരനായിത്തീൻ. യൗവന ദശ പ്രാപിച്ച അദ്ദേഹത്തെ പിതാവ് വിവാഹബദ്ധ നാക്കി. അനേകം രാജകുമാരിമാർ അദ്ദേഹത്തിൻെറ ഭാര്യാപദം അലങ്കരിച്ചു. ആത്മാനുരൂപനായ ഒരു പുത്ര നെ ലഭിക്കുകയാൽ കുശമഹാരാജാവു് സന്തുഷ്ടനായി ത്തീൻ.

അക്കാലത്തു് കുശൻ ഇന്ദ്രൻെറ അഭ്യർത്ഥന അനു സരിച്ചു് യുദ്ധത്തിൽ സഹായിക്കാനായി സ്വർഗ്ഗലോക ത്തേക്കുപോയി. ദുർജ്ജയൻ എന്ന അസുരേശ്വരനുമായി ഉണ്ടായ യുദ്ധത്തിൽ അദ്ദേഹം ദുർജ്ജയനെ കൊല്ലുകയും ദുർജ്ജയനാൽ കൊല്ലപ്പെടുകയും ചെയ്തു. മഹാരാജ്ഞിയാ യ കുമുദ്വതി, ഭർത്താവിനെ അനുഗമിച്ചു സ്വർഗ്ഗം പ്രാ പിച്ചു.

മന്ത്രിവൃദ്ധന്മാർ അതിഥിയെ രാജാവാക്കി അഭി ഷേകം കഴിച്ചു. ഉജ്ജ്വലമായ ഒരു ഭരണരീതികൊണ്ടു് അദ്ദേഹം സുപ്രസിദ്ധനും സർവജനാരാദ്ധ്യനുമായിത്തീ ൻ. അശ്വമേധം മുതലായ യാഗങ്ങൾ ചെയ്തു് അദ്ദേ ഹം പുണ്യവും യശസ്സും ആർജ്ജിച്ചു.

അതിഥി മഹാരാജാവിനു് നൈഷധരാജപുത്രി യിൽ നിഷധൻ എന്നൊരു പുത്രൻ ഉണ്ടായി. ഗുണോ ത്തരനായിത്തീൎന്ന ആ കുമാരനെ രാജാവാക്കി വാഴി ച്ചിട്ടു അതിഥി സ്വർഗ്ഗം പ്രാപിച്ചു.

ദീർഘഭുജനായ നിഷധൻ ദിഗ്‌വിജയം ചെയ്തു ഭൂമിക്കു് ഏകനാഥനായി വാണു. അദ്ദേഹത്തിനു നളൻ എന്നൊരു പുത്രൻ ഉണ്ടായി. പിതാവിനുശേഷം നളൻ രാജാവായി. സൗന്ദര്യം പരാക്രമം എന്നീ ഗുണങ്ങളിൽ

അദ്ദേഹത്തെ ജയിക്കുവാൻ മൂന്നു ലോകങ്ങളിലും ആരും ഉണ്ടായിരുന്നില്ല. അദ്ദേഹം പ്രജാഭിരാമനം സ്വപുത്രനുമായ നഭസ്സിനെ രാജാവാക്കിവാഴിച്ചിട്ട് മോക്ഷമാർഗ്ഗത്തിൽ പ്രവേശിച്ചു നഭസ്സിനുശേഷം പുത്രനായ പുണ്ഡരീകൻ രാജാവായിത്തീർന്നു. അദ്ദേഹം പിതാവിനെപ്പോലെ അജയ്യനായ ഒരു മഹാരാജാവായിരുന്നു. അന്ത്യദശയിൽ സ്വപുത്രനായ ക്ഷേമധന്വാവിനെ രാജാവാക്കി വാഴിച്ചിട്ട് പുണ്ഡരീകൻ തപോവൃത്തിയിൽ പ്രവേശിച്ചു. ക്ഷേമധന്വാവിന് ദേവാനീകനിൻ എന്നൊരു പുത്രൻഉണ്ടായി. ഇന്ദ്രതുല്യനായ ദേവാനീകനിൽ ഭൂഭാരം ഏല്പിച്ചിട്ട് പിതാവ് സ്വർഗ്ഗലോകം പ്രാപിച്ചു. ദേവാനീകനുശേഷം പുത്രനായ അഹീനഗു രാജാവായി സർവ്വജനാകർഷങ്ങളായ ഗുണഗണങ്ങൾകൊണ്ട് അദ്ദേഹം ലോകരെ മുഴുവൻ വശീകരിക്കുകയും ഭൂമിക്ക് ഏകനാഥനായി ചിരകാലം വാഴുകയുംചെയ്തു.

അദ്ദേഹത്തിൻെറ പുത്രനായിരുന്ന പാരിയാത്രൻ പിതാവ് പരലോകപ്രാപ്തനായ ശേഷം പാരിയാത്രൻ രാജ്യഭാരം കൈയ്യേറ്റു. അദ്ദേഹത്തിനു ശിലൻ എന്നൊരു പുത്രൻ ഉണ്ടായി. ഉദാരശീലനും വീരാഗ്രേസരനുമായി വളൎന്നവന്ന രാജകുമാരനെ പിതാവ് യുവരാജാവാക്കിവാഴിച്ചു അന്നുമുതൽ ശിലൻതന്നെ രാജ്യകാര്യങ്ങൾ നോക്കിവന്നു. വൃദ്ധനായ പിതാവ് സ്വർഗ്ഗം പ്രാപിച്ചപ്പോൾ അദ്ദേഹം രാജ്യലക്ഷ്മിക്ക് ഏകനാഥനായി ഭവിച്ചു. ശിലന് ഉന്നാഭൻ എന്നൊരു പുത്രൻ ഉണ്ടായി. ഗുണങ്ങൾകൊണ്ട് ആ കുമാരൻ ശ്രീപത്മനാഭ

നെ ജയിച്ചു. പരേതനായ പിതാവിനു പകരം രാജവായ ഉന്നാഭൻ രാജാധിരാജനായിത്തീൎന്നു. അദ്ദേഹത്തിന്റെ പുത്രൻ വജ്രനാഭനും വജ്രനാഭന്റെ പുത്രൻ ശംഖണനും പ്രതാപികളായ മഹാരാജക്കന്മാരായിരുന്നു. ശംഖണപുത്രനായിരുന്നു വ്യൂഷിതാശ്വമഹാരാജാവു്. ആരാധിതനായ പരമേശ്വരൻ വിശ്വസഹൻ എന്ന പേരിൽ വ്യൂഷിതാശ്വപുത്രനായി ജനിച്ചു ലോകഭരണം നടത്തി. വിശ്വസഹന്റെ പുത്രനായിരുന്നു ഹിരണ്യനാഭൻ. അദ്ദേഹവും മഹാനായ ഒരു ഭരണകൎത്താവായിരുന്നു. ഹിരണ്യനാഭനു് കൌസല്യൻ എന്നൊരു പുത്രൻ ഉണ്ടായി. അദ്ദേഹം ചന്ദ്രനെപ്പോലെ സൎവ്വജനാനന്ദകരനായിരുന്നു. അദേഹം ബ്രഹ്മഭാവം പ്രാപിച്ചശേഷം പുത്രനായ ബ്രഹ്മിഷ്ഠൻ രാജാവായി. കുലശേഖരതുല്യനായ അദ്ദേഹത്തിന്റെകാലത്തു പ്രജകൾ എല്ലാപ്രകാരത്തിലും സന്തുഷ്ടരായിത്തീൎന്നു. ബ്രഹ്മിഷ്ഠനശേഷം അദ്ദേഹത്തിന്റെപുത്രനും പുത്രനാമാവുമായ രാജാവു് രാജ്യഭാരംഏററു. അദ്ദേഹത്തിന്റെ പുത്രനായിരുന്നു പുഷ്യൻഎന്നമഹാരാജാവു്. പുത്രരാജാവു് യോഗിയായ ജൈമിനിയുടെശിഷ്യത്വം സ്വീകരിച്ചു യോഗം പരിശീലിക്കുകയും മുക്തനായിത്തീരുകയും ചെയ്തു എന്നാണു് പ്രസിദ്ധി. പുഷ്യന്റെ കാലശേഷം മൂത്തമകനായ ധ്രുവസന്ധി രാജവായി. പുത്രനായ സുദർശനൻ ശിശുവായിരിക്കുമ്പോൾ തന്നെ നായാട്ടിനു പോയ ധ്രുവസന്ധി ഒരു സിംഹത്താൽ കൊല്ലപ്പെട്ടു. മന്ത്രിവൃദ്ധന്മാർ ശിശുവായ

സുദർശനനെഅയോദ്ധ്യാധിപതിയായി വാഴിച്ചു. ആറു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന തങ്ങളുടെ ഭരണകർത്താവിനെ ജനങ്ങൾ അത്യധികം മാനിച്ചു വന്നു. ക്രമേണ യുവാവായി വളൎന്ന സുദർശനൻ ഗുണഗണങ്ങൾകൊണ്ടു് ഉത്തമോത്തമനായ ഒരു രാജാവായി തീൎന്നു. അദ്ദേഹം അഗ്നിവർണ്ണൻ എന്നു പേരായ സ്വപുത്രനെ രാജാവാക്കി വാഴിച്ചശേഷം തപോവൃത്തിയിലിരുന്നു ദേഹത്യാഗം ചെയ്തു. വിഷയലമ്പടനായ അഗ്നിവർണ്ണൻ അചികിത്സ്യരോഗങ്ങൾക്കു വിധേയനായി അകാലനിൎയ്യാണം പ്രാപിച്ചു. അനന്തരം മന്ത്രിവൃദ്ധന്മാർ അദ്ധേഹത്തിൻെറ ഗർഭിണിയായ പട്ടമഹിഷിയെ ഭരണകൎത്ത്റിയായി വാഴിച്ചു. മഹാരാജ്ഞിമന്ത്രിമാരോടുകൂടി യഥാവിധി രാജ്യഭരണം നിർവ്വഹിച്ചു പോന്നു.

ശുഭമസ്തു.

---

Printed at the Mahatma Printing Works

5

...ളൂർ വായനശാല & കലാ...
YOUNG MEN'S READING & ARTS CLUB
HOSPITAL JUNCTION
MUKKOLA VENGANOOR P.O.
Regd No. [illegible]

3127

SAMAKAR SMARAKA GRANDHA SALA
REG: NO: 3273
VENGANOOR P.O.
KIDARAKUZHY

REG. NO 3273
VENGANOOR P.O.
KIDARAKUZHY

YOUNG MEN'S READING & ARTS CLUB
HOSPITAL JUNCTION
MUKKOLA VENGANDOR P.O.
Reg: No: ......

3127

JAWAHAR SMARAKA GRANTHA SALA
REG. NO: 3273
VENGANOOR P.O.
KIDARAKUZHY